MALAYALANADU WEEKLY, QUILON, MARCH 25, 1973
Phones: 2825, 3362

മലയാളനാട് വാരിക

പത്രാധിപർ:
എസ്. കെ. നായർ

നയീദില്ലി
(ഓർമ്മയുടെ ഓളങ്ങളിൽ)—ജി. 24
കഥ
കാട്ടുമൂർഖൻ
—ഒ. വി. വിജയൻ 6
തീരം —രാധാവാര്യർ 27
ഹാർട്ട്ലസ്സ്
—നാരായൺ ഗംഗോപാദ്ധ്യായ 36
കവിത
മധുഗീത —നീലമ്പേരൂർ 22
ജഹന്നം —ശ്രീകുമാർ 53
നോവൽ
കടലാസ്സുപൂക്കൾ
—ഏകലവ്യൻ 17
അടിയറവു് —കാക്കനാടൻ 30
കയറു് —തകഴി 40
പംക്തികൾ
സാഹിത്യവാരഫലം
—എം. കൃഷ്ണൻനായർ 9
ഐതിഹ്യലോകം —മാലി 46
ശാസ്ത്രപംക്തി
—ഡോ ഹരിദാസ് 54
സിനിമ —മംഗലശ്ശേരി 56
തലയില്ലാത്ത മനുഷ്യൻ
—സോമനാഥൻ 64

താളുകൾ മറിക്കുമ്പോൾ

ലേഖനം
ജീവിതദർശനം
—പുനത്തിൽ കുഞ്ഞബ്ദുള്ള 2

മുഖച്ഛായാചിത്രം: ഫോട്ടോ:
—പീററർ, എറണാകുളം.

പുസ്തകം 4 ലക്കം നാൽപ്പത്തിനാലു് 1148 മീനം 12

ന്റെ ഈ ജല്പനത്തിനു യാതൊരു ആമുഖവുമില്ല. കീഴ്വഴക്കങ്ങളിൽനിന്നു തെററിനടക്കുന്നവനാണു ഞാൻ. എന്നെപ്പററി അല്ലെങ്കിൽ എഴുത്തുകാരനെക്കുറിച്ചു് കൂട്ടത്തിലുള്ളവരിൽനിന്നു തെററിനടക്കുന്നവൻ എന്നു പറയാം. പറയാൻ കഴിഞ്ഞില്ലെങ്കിൽ ആ പേരിൽ ഒരു ഇതിഹാസമെഴുതാം. നോവലെഴുതാം. കവിതയെഴുതാം

കീഴ്വഴക്കങ്ങളുടേയും ജീർണ്ണിച്ചു നാറിയ ആചാരങ്ങളുടേയും അടിമയാണു് ഇന്നത്തെ സമുദായം. പക്ഷേ, എഴുത്തുകാരൻ അതിന്റെ അടിമയല്ല. അതിന്നെതിരായി കുരിശുയുദ്ധം നടത്തുന്നവനാണു് അവൻ. അവൻ വേണമെങ്കിൽ ഒരു കുരുക്ഷേത്രം സൃഷ്ടിക്കുകയും അവിടെവച്ചു ധർമ്മയുദ്ധം നടത്തി ഗീതയെഴുതുകയും ചെയ്യും. പുതിയൊരു ഗീത, ധർമ്മാ

ജീവിതദർശനം

ധർമ്മങ്ങൾക്കു് പുതിയൊരു ഡൈമൻഷൻ കൊടുക്കുന്ന ഗീത.

ഗീതയും അനുഭവമായിരുന്നു. അനുഭവമുണ്ടായിരുന്നില്ലെങ്കിൽ യുദ്ധത്തിൽ തേർ തെളിച്ചില്ലായിരുന്നുവെങ്കിൽ പരാശതം വായിക്കുന്ന, അല്ലെങ്കിൽ വായിക്കാത്ത ഗീത ഉയിർത്തെഴുന്നേല്ക്കില്ലായിരുന്നു. അനുഭവമാണു സൃഷ്ടിയുടെ ബീജം. അല്ലെങ്കിൽ സൃഷ്ടിയുടെ കാതൽ.

എഴുത്തുകാരൻ അനുഭവങ്ങളുടെ അടിമയാണു്. അനുഭവങ്ങളുടെ തീവ്രദുഃഖവും യാതനയും സുഖവും സന്തോഷവും അവനനുഭവിക്കാൻ കഴിഞ്ഞില്ലെങ്കിൽ അവൻ എഴുത്തുകാരനല്ല. ജീവിതത്തിൽ ആയിരം ശതമാനം അനുഭവങ്ങൾ അവനുണ്ടാകണം. ഓരോന്നിന്റേയും വർണ്ണങ്ങളും ചൂടും അവനറിയണം. അതിൽക്കിടന്നു് അവൻ പൊരിയണം പൊരിഞ്ഞാൽ മാത്രം പോര. അതിൽ കിടന്നു് അവൻ നീറണം. ആ നീറിപ്പുകച്ചലിൽ നിന്നു് അവനിലൂടെ ഒഴുകിവരുന്ന ലാവയാണു സാഹിത്യം. അവൻ കള്ളു കുടിക്കണം. അവൻ വ്യഭിചരിക്കണം. അവൻ സ്വവർഗ്ഗസംഭോഗം ചെയ്യുകയും കഞ്ചാവു വലിക്കുകയും വേണം. എംബസ്സികളിലെ കൂററൻ പാർട്ടികളിൽ വിസ്കിയും കൊഞ്ഞ്യാക്കും കഴിക്കണം. പെണ്ണുങ്ങളോടൊത്തു നൃത്തം ചെയ്യണം. നൃത്തം ചെയ്തു രമിക്കണം. ഇന്ത്യയിലെ വൃത്തഹീനങ്ങളായ തെരുവുകളിലെ ദുർഗ്ഗന്ധം വമിക്കുന്ന അഴുക്കുചാലുകൾക്കടുത്തുള്ള, കുററും വെളുപ്പവും കടക്കാത്ത മുറികളിൽ അവൻ ദിനരാത്രങ്ങൾ തള്ളിനീക്കണം. കഴിയുമെങ്കിൽ പഷ്ണി കിടക്കണം. പണ്ടത്തെ സാഹിത്യകാരൻ ചെയ്തതു പോലെ. ചെയ്തതുപോലെയല്ല അനുഭവിച്ചതുപോലെ.

മയക്കുമരുന്നുകളുടെ കാലഘട്ടമാണിതു്. പടിഞ്ഞാററൻ രാജ്യങ്ങളിൽ ജാക്കുലിൻ സൂസൻ പറഞ്ഞതുപോലെ ജീവിതം കേപ്സ്യൂളുകളിലേക്കു് ഒതുങ്ങുകയാണു്. മയക്കുമരുന്നുകൾ ആഘാതവും പ്രത്യാഘാതവും ഉണ്ടാക്കുമെന്ന വസ്തുതകളെ മറന്നുകൊണ്ടല്ല ഞാൻ ഇതെഴുതുന്നതു്. മയക്കുമരുന്നുകൾക്കു് നിർവ്വചിക്കാൻ കഴിയാത്ത ചില ശക്തിവിശേഷങ്ങളുണ്ടു്. ഭ്രാന്തനായ എഴുത്തുകാരൻ കഞ്ചാവിന്റെ ലഹരിയിൽ എന്തെല്ലാമോ പുലമ്പിയതാണിനി നോവൽ അല്ലെങ്കിൽ കഥ അല്ലെങ്കിൽ കവിത എന്നെല്ലാം ചില കടൽകിഴവന്മാർ പറയാറുണ്ടു്. വാസ്തവത്തിൽ അതു പുലമ്പലല്ല. കഞ്ചാവിനും ഭാംഗിനും അതിനു തത്തുല്യമായ മററു് ഔഷധങ്ങൾക്കും മനുഷ്യമനസ്സിനെ ശൂന്യാകാശത്തോളം കൊണ്ടു

പോകുവാനുള്ള ശക്തിവിശേഷങ്ങളുണ്ടു്. അവ കഴിച്ചു്, അവ രക്തത്തിൽ അലിഞ്ഞുചേർന്നു് നാഡീവ്യൂഹങ്ങളെ ഉണർത്തി മനുഷ്യന്റെ അമൂല്യസമ്പത്തായ അവന്റെ ഭാവനയ്ക്കു് പുതിയൊരു Dimension അഥവാ മാനം ഉണ്ടാക്കിക്കൊടുക്കുന്നു. ആ പുതിയ മാനത്തിൽ അവൻ സൃഷ്ടിച്ചുവിടുന്ന ചിത്രങ്ങൾക്കും രചനകൾക്കും മഹത്തായ ഒരു ശക്തിവിശേഷമുണ്ടു്. അതില്ലെന്നു് ആരെങ്കിലും പറയുകയാണെങ്കിൽ അവർ അനുഭവമില്ലാത്തവരായിരിക്കും.

സമൂഹത്തെ നോക്കാൻ അല്ലെങ്കിൽ വീക്ഷിക്കാൻ അല്ലെങ്കിൽ വിഹഗവീക്ഷണം നടത്താൻ ഒരു പ്രത്യേക കണ്ണട ധരിക്കണമെന്നു എഴുത്തുകാരനോടു് പറയേണ്ട. അവന്റെ കണ്ണുതന്നെ ഒന്നാന്തരം കണ്ണടയാണു്. എല്ലാ 'ഓപ്ററിക്കൽ' തത്വങ്ങളേയും മറികടക്കുമാറു് അവന്റെ കണ്ണിന്റെ ഗോചരശക്തി അതിവിപുലമാണു്. നിർബ്ബന്ധപൂർവ്വം അവനെ കണ്ണട ധരിപ്പിക്കുകയാണെങ്കിൽ അവൻ അന്ധനാവുകയും സമൂഹത്തെ അവനു് കാണാൻ വയ്യാതാവുകയും ചെയ്യും. വേണമെങ്കിൽ സാഹിത്യകാരൻ ഏതെങ്കിലും വലിയ നഗരത്തിലൂടെ നഗ്നനായി നടന്നോളാം. അല്ലെങ്കിൽ ഒരു കാളവണ്ടി തെളിച്ചോളാം അല്ലെങ്കിൽ ഒരു തോട്ടിയായി കക്കൂസുകൾ തോറും തെണ്ടിനടന്നോളാം. പക്ഷേ, അവനു് സമൂഹത്തെ കാണാനായി ആ കണ്ണടമാത്രം ധരിക്കാതിരിക്കയ്യ.

ആരാണിവൻ. ഈ സാഹിത്യകാരൻ. അവൻ വെറും പാവം മനുഷ്യൻ.

പുനത്തിൽ കുഞ്ഞബ്ദുള്ള

ഏതോ സംഗതിവശാൽ ഏതെങ്കിലും ചില നിമിഷങ്ങളിൽ അവനു ലഭ്യമാകുന്ന അതുല്യമായ, അനിർവ്വചനീയമായ ചില ശുഭമുഹൂർത്തങ്ങൾ അവനെ മററുള്ളവരിൽനിന്നു് വ്യത്യസ്തനാക്കുന്നു. ആ നിമിഷങ്ങളിൽ അവൻ സൃഷ്ടിച്ചുവിടുന്ന വസ്തുക്കൾ സാഹിത്യമായി മാറുന്നു. പക്ഷേ, അവനെക്കൊണ്ടു ആത്മാർത്ഥത പുലർത്താൻ കഴിയും. അതവനു സാദ്ധ്യമല്ല. അവന്റെ മുന്നിൽ കാണുന്ന പരശതം ജനകോടികളിൽ എത്രപേർ ആത്മാർത്ഥത പുലർത്തുന്നുണ്ടു്. എത്രപേർ സത്യസന്ധരായി ജീവിക്കു

കീഴ്വഴക്കങ്ങളുടേയും ജീർണ്ണിച്ചുനാറിയ ആചാരങ്ങളുടേയും അടിമയാണു ഇന്നത്തെ സമുദായം. പക്ഷേ, എഴുത്തുകാരൻ അതിന്റെ അടിമയല്ല. അതിന്നെതിരായി കുരിശുയുദ്ധം നടത്തുന്നവനാണു്— അവൻ. അവൻ വേണമെങ്കിൽ ഒരു കുരുക്ഷേത്രം സൃഷ്ടിക്കുകയും അവിടെവച്ചു് ധർമ്മയുദ്ധം നടത്തി ഗീതയെഴുതുകയും ചെയ്യും. പുതിയൊരു ഗീത. ധർമ്മാധർമ്മങ്ങൾക്കു് പുതിയൊരു ഡൈമൻഷൻ കൊടുക്കുന്ന ഗീത.

ണ്ടു്. എത്രപേർ കുതികാൽവെട്ടാതെ നടക്കുന്നുണ്ടു്. എത്രപേർ കൊലപാതകവും കള്ളക്കടത്തും ബലാൽസംഗവും മോഷണവും നടത്താതെയുണ്ടു്. എത്ര ഓഫീസുകൾ ചുവപ്പുനാടയിൽനിന്നു് മോചിച്ചിട്ടുണ്ടു്. പ്രത്യേകിച്ചു് സാഹിത്യകാരൻ മാത്രം സത്യസന്ധത പുലർത്തണം. അവനെന്തിനു് ആത്മാർത്ഥത കാണിക്കണം. മററുള്ളവരിൽ നിന്നു് വ്യത്യസ്തനല്ലാത്ത അവൻ അത്ഭുതപൂർവ്വങ്ങളായ, ഞാൻ മുമ്പു പറഞ്ഞതു മിനിട്ടുകളിൽ മാത്രം ആശീർവ്വദിക്കപ്പെട്ടവനായി മാറുന്ന ആ സമയത്തു മാത്രം അവൻ സൃഷ്ടിനടത്തുന്നു. മറെറാന്നും അവനെക്കൊണ്ടാവതില്ല. അവൻ തോന്നിയപോലെയെഴുതും. ആരാളുകൾ മാത്രമേ വായനക്കാരായുള്ളൂവെ

കിൽ ആ ആറുകളുകൾമാത്രം മതി അവരിൽ അവൻ സ്വർഗ്ഗീയ നുഭൂതി കണ്ടെത്തും.

നാട്ടുനിറയെ കൊടി ഉയരുന്നു. പലനിറത്തിലും ചിഹ്നത്തിലുമുള്ള കീറത്തുണികൾ. അടിവസ്ത്രത്തുണിപോലും ഉപയോഗിക്കുവാൻ പറ്റാത്തതുണികൾ. അതുകൊണ്ടു ലേന്തിക്കിട്ടുള്ളേ എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നതു്. ശബ്ദവർദ്ധനവായാലും, സ്ഥലംമാറ്റമായാലും, ഉദ്യോഗലബ്ധിയായാലും, ഹീസേകീകരണമായാലും, കള്ളുകുടിച്ചവനെ തല്ലിക്കൊല്ലുള്ള പ്രതിഷേധമായാലും എല്ലാററിനേയും മുന്നിൽ കൊടിതന്നെ.

ഈ കൊടികൾ വരുന്ന തലമുറയെ നശിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ആ തലമുറയെ ആറുകൊല്ലം പിന്നിലാക്കിയിരിക്കുന്നു. വിദ്യാലയങ്ങൾ യുദ്ധഭൂമിയായി മാറിയിരിക്കുകയാണു്. ഗുരുശിഷ്യബന്ധം ഗുരുകുലത്തിന്റെ നാടായ ഭാരതത്തിൽ മാക്കപ്പെട്ട തേമാനംവന്നു പഴകിയ ജീർണ്ണിച്ച ഒരു വാക്കായി മാറിയിരിക്കുന്നു.

എന്തിനു് അതുമിതുമൊക്കെപ്പറയുന്നു. എന്റെ അമ്മ മരിച്ചെന്നിരിക്കട്ടെ. ആദ്യം കരയുന്നതു് കോൺഗ്രസ്സായിരിക്കും. പിന്നെ സംഘടനാകോൺഗ്രസ്സ് കരയും. ഇടതരും വലതരും മാറത്തടിച്ചും തലയ്ക്കടിച്ചും നിലവിളിക്കും. പി. എസ്. പി ക്കാർ ചേരിതിരിഞ്ഞു കരയും. ഇതെല്ലാം കാണുമ്പോഴേക്കും എന്റെ കരച്ചിൽ നിലയ്ക്കും. എന്റെ കണ്ണീർ വററും. അങ്ങിനെ ഞാൻ കരയാൻ കഴിയാത്ത നിലയിലായിരിക്കുന്നു. പക്ഷേ, എഴുത്തുകാരനു മാത്രമേ കരയാതിരിക്കാനാകൂ. ഈ ജനകോടികളെ മുഴുവൻ കരയിക്കാതിരുന്നെങ്കിൽ ഇവിടെ പലരും വിഭാവനചെയ്ത ആ വലിയൊരു വിപ്ളവംതന്നെ നടന്നേക്കുമായിരുന്നു. പക്ഷേ, ഇനിയതു നടക്കില്ല. ചുരുക്കിപ്പറയട്ടെ. അടുത്തഭാവിയിൽ കുഞ്ഞു ജനിക്കുമ്പോൾതന്നെ അതിന്റെ ചോരക്കയ്യുകളിൽ ഒരു പിഞ്ചുകൊടി കണ്ടേക്കാം. അതിൽ ആരും അത്ഭുതപ്പെടരുതു്.

ഈ പറഞ്ഞ സംഗതികളെല്ലാംകൂടി എന്തു ചെയ്തു. എല്ലാം മുള്ളുപോലെ വളർന്നു് എഴുത്തുകാരനെ വീർപ്പുമുട്ടിച്ചു. അവൻ സ്വയം ഒരു കക്കയായി, അതിനുള്ളിൽ ചെറിയ മാംസക്ഷണമായി ക്രോഡീകരിച്ചു നില്ക്കാൻ നിർബന്ധിതനായി. അങ്ങിനെ ആ ഏകാന്തതയിലിരുന്നു കക്കയ്ക്കുള്ളിൽ മുത്തുണ്ടാക്കാൻ അവൻ ശ്രമിക്കുന്നു. ആ മുത്താണു് സാഹിത്യം. ആ മുത്തുണ്ടാക്കുന്ന പ്രക്രിയയിൽ അവൻ ഏകനാണു്. സാഹിത്യകാരൻ രണ്ടു സ്ഥലത്തേ ഏകനാകുന്നുള്ളു. രണ്ടേ രണ്ടു സ്ഥലത്തുമാത്രം. ഒന്നു് അവന്റെ പണിപ്പുരയിൽ. മറേറതു് അവന്റെ ശവക്കല്ലറയിൽ. ജീവിതത്തിൽനിന്നു് അകന്നുനില്ക്കുന്നതാണോ എളുപ്പം. അല്ല. ഒരിക്കലുമല്ല. ജീവിതത്തോടു് ഒട്ടിനില്ക്കാനാണു് പ്രയാസമില്ലാത്തതു്. ജീവിതത്തിൽനിന്നു് അകന്നുനില്ക്കുന്നതു സന്യാസംപോലെ, തപസ്സുപോലെ കഠിനമായ യത്നംകൊണ്ടേ നേടാനാവൂ. സാഹിത്യകാരൻ ജീവിതത്തിൽനിന്നു് അകന്നുനില്ക്കുന്നുവെങ്കിലും ആ അകൽച്ചയ്ക്കു് ഒരു പ്രത്യേകതയുണ്ടു്. ഒരുദാഹരണംകൊണ്ടുവ്യക്തമാക്കാം. ഭൂമിയിൽനിന്നുള്ള ഏററവും വലിയ അകൽച്ചയാണല്ലോ ശൂന്യാകാശയാത്ര. പക്ഷേ, ബഹിരാകാശസഞ്ചാരി ശൂന്യാകാശത്തിൽ തന്റെ പേടകത്തിലിരുന്നുകൊണ്ടു് ഹോസ്റ്റണിലെ കൺട്രോൾസ്റേറഷനുമായി ബന്ധം പുലർത്തുന്നു. അതുപോലെ സാഹിത്യകാരനും ജീവിതത്തിൽനിന്നു് അകന്നുനിന്നുകൊണ്ടു് ജീവന്റെ കണികയായ, ജീവന്റെ ബയോകെമിസ്ട്രിയിലെ അത്ഭുതത്തോടു ബന്ധം പുലർത്തുന്നു. ഈ അകൽച്ച പ്രത്യക്ഷമാണെങ്കിൽ ഈ ബന്ധം പുലർത്തൽ പരോക്ഷമാണു്. ഇവിടെ യുക്തിക്കല്ല സ്ഥാനം. മററിച്ചു് വിചാരത്തിനാണു്.

ഈ മരണമുണ്ടല്ലോ. ബഹുരസമുള്ള കാര്യമാണു്. വലിയ പൊങ്ങച്ചമൊന്നും ആരും പറയേണ്ട. എല്ലാ ന

വീനസജ്ജീകരണങ്ങളുമുള്ള ഒരാശുപത്രിയിൽ, തലയോടു പൊളിച്ചു് തലച്ചോറിൽ കത്തിവെയ്ക്കുന്ന ഭിഷഗ്വരന്മാരുള്ള ഒരാശുപത്രിയിൽ, ആ ആശുപത്രിയിലെ പ്രസിദ്ധനായ ഒരു സർജ്ജൻ നിസ്സാരമായ ഒരു രോഗംകാരണം ആരാലും ഡയാഗ്നോസിസ് അഥവാ രോഗനിർണ്ണയംചെയ്യാനാവാതെ ഇഞ്ചിഞ്ചായി മരിക്കുന്ന കാഴ്ച കാണാനുള്ള മഹാഭാഗ്യം എനിക്കുണ്ടായിട്ടുണ്ടു്. അതിനെ പുഞ്ചിരിയോടെ നേരിടുകയാണു വേണ്ടതു്. അപ്പോൾ ജനനംതന്നെ മരിക്കാൻ വേണ്ടി, മരണം എന്ന ദുരന്തത്തെ പുണരാനായി മനുഷ്യനെ അടിച്ചേല്പിക്കപ്പെട്ട വിധിയാണെന്നും പറഞ്ഞു് കഥയും കവിതയും എഴുതാനുണ്ടു. അങ്ങിനെയെഴുതിയാൽ അവ സാഹിത്യമാവുകയില്ല. ഒരിക്കൽ എന്റെയൊരു സുഹൃത്തിനോടു ഞാൻ വെറും തമാശകൾ പറഞ്ഞിരിക്കുമ്പോൾ ഒരു ചോദ്യം ചോദിച്ചു. ചോദ്യം ഇതായിരുന്നു. നിങ്ങൾ മരിക്കുമോ? അയാൾ പെട്ടെന്നുത്തരംപറഞ്ഞു. എന്താ വല്ല സംശയവുമുണ്ടോ? എന്നാൽ എങ്ങനെ മരിക്കണം എന്നായി ഞാൻ. അയാൾ വളരെനേരം ആലോചിച്ചശേഷം എന്നോടു പറഞ്ഞു. ഒരു വമാനപകടത്തിൽ. വലിയ ഗ്ളാമർ ഉണ്ടാകുമത്രേ ആ മരണത്തിനു്. തറവാടിത്തമുള്ള ഒരു മരണം. ചുരുക്കത്തിൽ ഒരു VIP death. പക്ഷേ, അയാൾ എന്നെ വിട്ടില്ല. ഉടനെ ഒരു മറുചോദ്യം വിട്ടു. നിങ്ങൾക്കെങ്ങിനെയാണു മരിക്കാൻ ഇഷ്ടം. എന്റെ ചോദ്യത്തിനു് ഉത്തരം പറയുമ്പോൾ അയാൾ ധാരാളം സമയമെടുത്തതുപോലെ ഞാൻ സമയമെടുത്തില്ല. കാരണം ഞാൻ മരിക്കേണ്ട വിധത്തെക്കുറിച്ചു് ഞാൻ നേരത്തെ രൂപപ്പെടുത്തിയിരുന്നു. ഞാൻ നിമിഷനേരംകൊണ്ടു പറഞ്ഞു

കേൻസറിനു് മരിക്കണമെന്നു് എനിക്കാഗ്രഹം!

'എന്തുകൊണ്ടു്?'

ആ ചോദ്യം അയാളെന്നോടു ചോദിച്ചില്ല. എന്റെ ഉത്തരം കേട്ടു് അ

സത്യമോ മിഥ്യയോ
സാക്ഷാൽ അവതാരമോ?

ഏതായിരുന്നാലും നമ്മുടെ കാലഘട്ടത്തിലെ ഏററവും വലിയ സംസാരവിഷയമാണു്

സത്യസായിബാബ

ഈ വിവാദപുരുഷനെക്കുറിച്ചു് മലയാളനാട്ടിൽ ഒരു ചർച്ച അവതരിപ്പിക്കുന്നു.

ശ്രീ: വി. കെ. മാധവൻകുട്ടിയുടെ സചിത്രലേഖനപരമ്പരയോടെ ഈ ചർച്ച ആരംഭിക്കുന്നു.

പ്രസിദ്ധീകരണത്തീയതി പ്രതീക്ഷിക്കുക.

യാൾ ആകാശത്തേക്കു നില്ക്കുകയായിരുന്നു. പക്ഷേ, എനിക്കതു പറയണമല്ലോ. എന്റെ പൊങ്ങച്ചവും അഹംഭാവവും എന്നെ അതിനായി പ്രേരിപ്പിക്കുന്നു. മരണത്തെ ധൈര്യമായും പുഞ്ചിരിയോടേയും അഭിമുഖീകരിക്കണമെന്നു ഞാൻ പറഞ്ഞു. പക്ഷേ മരണത്തിൽ മരണത്തിന്റെ അളക്കുകൾ ജീവിതത്തിന്റെ എല്ലാ ശാപങ്ങളും രോഗത്തിന്റെ എല്ലാ വേദനയും അനുഭവിക്കണമെന്ന അഭിപ്രായക്കാരനാണു ഞാൻ. കേൻസർ

(പേജ് 49-ൽ)

കാട്ടുമൂർഖൻ

ഒ. വി. വിജയൻ

കാട്ടുമൂർഖൻ മനുഷ്യന്റെ ഉത്തമസുഹൃത്താണ്. ഇംഗ്ലണ്ടിൽ കാട്ടുമൂർഖനു പകരം നാഗയെയാണു മനുഷ്യന്റെ ഉത്തമസുഹൃത്തായി കണക്കാക്കിവരുന്നത്. അതുനിമിത്തം ഇംഗ്ലീഷുകാർക്കു പലവിധ ദുരിതങ്ങളും അനുഭവിക്കേണ്ടി വന്നിരിക്കുന്നു. ഈസ്റ്റ്ഇന്ത്യാ കമ്പനി പൊളിയുകയും ബ്രിട്ടീഷുസാമ്രാജ്യം തന്നെ തകർന്നുപോകുകയുമുണ്ടായി.

ഉത്തരേന്ത്യയിൽ മൂർഖൻ എന്ന വാക്കിന്നു വിഡ്ഢി എന്നാണ് അർത്ഥം. വിഡ്ഢികൾ നിരുപദ്രവികളാണല്ലോ. കാട്ടുമൂർഖൻ ഉപദ്രവിയാകാൻ തരമില്ലെന്ന് ഇതുകൊണ്ടു വ്യക്തമാവുന്നു.

ഉത്തരേന്ത്യക്കാരും പൊതുവെ മൂർഖന്മാരാണെന്നു പറയാം. അവർ നിരുപദ്രവികളാണ്. നാടിന്റെ വ്യവസായം മുഴുവനും കയ്യടക്കാൻ അവരെ അനുവദിച്ചുകഴിഞ്ഞാൽ അവർ പിന്നെ ആരെയും ഉപദ്രവിക്കില്ല. അവരിൽ മിക്കവരും ഇംപാലകളിൽ സഞ്ചരിക്കുന്നു. അവരെ ഇംപാലമൂർഖന്മാരെന്നും വിളിക്കാറുണ്ട്.

കാട്ടുമൂർഖന്റെ നിർദ്ദോഷിത്വത്തെ തെളിയിക്കുന്ന ഒരു കഥയുണ്ട്. അതു താഴെ കൊടുക്കുന്നു.

★

പണ്ടു പത്മനാഭൻ എന്നു പേരുള്ള ഒരു വിപ്രൻ ജീവിച്ചിരുന്നു, അയാൾക്ക് ഒരുദിവസം ഒരു കാട്ടുമൂർഖൻകുഞ്ഞിനെ കിട്ടി. അതിനെ വീട്ടിൽ കൊണ്ടുവന്നു പത്നിയുടെ കയ്യിൽ ഏൽപ്പിച്ചിട്ട് അയാൾ പറഞ്ഞു, 'പ്രിയേ, ഇതാ ഒരു കാട്ടുമൂർഖൻകുഞ്ഞ്. നീ അതിനെ വളർത്തിക്കൊൾക.'

പത്മനാഭന്റെ പത്നിക്കു കുഞ്ഞുങ്ങളുണ്ടായിരുന്നില്ല അതിനാൽ അവൾ അത്യന്തം ആഹ്ലാദിച്ചു.

'നാഥാ', അവൾ പറഞ്ഞു, 'ഞാൻ ഭാഗ്യവതിയാണ്. എനിക്ക് ഒരു കുഞ്ഞിനെ ലഭിച്ചുവല്ലോ.'

അവർ അവനു സുബ്രഹ്മണ്യൻ എന്നു പേരിട്ടു. ശുപ്പാമണിയെന്നുവിളിച്ചു. ഗ്രാമത്തിലുള്ള മററു കുട്ടികൾ അവനെ ശുപ്പാമണി മൂർഖനെന്നും കോബ്രമണിയെന്നുമൊക്കെ ഓമനപ്പേരു വിളിച്ചു.

പത്മനാഭന്റെ പത്നി കാട്ടുമൂർഖൻകുഞ്ഞിനെ സ്വന്തം കുഞ്ഞിനെപ്പോലെ സ്നേഹിച്ചു. നേരുപറഞ്ഞാൽ അവൾക്ക് എല്ലാ കുഞ്ഞുങ്ങളോടും സ്നേഹമായിരുന്നു. അടുത്ത വീട്ടിൽ അബ്ദുള്ളക്കുഞ്ഞ് എന്നു പേരുള്ള ഒരു തുരക്കച്ചവടക്കാരനുണ്ടായിരുന്നു. പത്മനാഭൻ വീട്ടിലില്ലാത്ത സമയങ്ങളിൽ അവൾ അബ്ദുള്ളക്കുഞ്ഞനേയും സ്നേഹിച്ചിരുന്നു.

കാട്ടുമൂർഖൻകുഞ്ഞു പാലുകുടിച്ചും തിപ്പലിയും അയമോദകവും തിന്നും ലാക്ഷാദികുഴമ്പു തേച്ചും വളർന്നു വലുതായി. അവൻ വളരെ അനുസരണമുള്ള ഒരു സർപ്പമായിരുന്നു.

അവനു സംഗീതത്തിലും നൃത്തത്തിലും താൽപ്പര്യമുണ്ടായിരുന്നു. ത്യാഗരാജകീർത്തനങ്ങൾ മിക്കതും പത്മനാഭൻ മകുടിയിൽ ഊതിക്കേൾപ്പിച്ചു. അതിനൊത്തു കാട്ടുമൂർഖൻകുഞ്ഞു നൃത്തംചെയ്തു.

വിപ്രനും പത്നിയും നൃത്തം കാണാൻ ആളുകളെ ക്ഷണിച്ചു. മുതിർന്നവർക്ക് എട്ടണയും പന്ത്രണ്ടുവയസ്സിനും എട്ടുവയസ്സിനുമിടയ്ക്കുള്ള കുട്ടികൾക്കു നാലണയുമായിരുന്നു കണക്ക്. നാലുവയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കും താമ്രപത്രം നേടിയവർക്കും ടിക്കററിൽനിന്നു വന്ന അഭ്യർത്ഥികൾക്കും വലതുകണ്ണൂണിസ്ററുപാർട്ടി നാഷണൽകൌൺസിൽ അംഗങ്ങൾക്കും പാർലമെൻറ് അംഗങ്ങൾക്കും വീരചക്രം മുതലായ മുദ്രകൾ സമ്പാദിച്ച സൈനികർക്കും പിന്നോക്ക സമുദായങ്ങളിലും ഗോത്രവർഗ്ഗങ്ങളിലും പെട്ടവർക്കും ജോയിൻറു സെക്രട്ടറിയുടെ നിലവാരത്തിലുള്ള ഉദ്യോഗസ്ഥന്മാർക്കും സൌജന്യമായി നൃത്തം കാണാമായിരുന്നു.

പത്മനാഭൻ സന്തുഷ്ടനായി. വേദപാരായണത്തിലും ധ്യാനത്തിലും കൂടുതൽ മുഴുകി. പോരാത്തതിനു് അപസർപ്പകകഥകളുംവായിച്ചു. ദേശാടകന്മാരായി അലഞ്ഞെത്തിയ അപസർപ്പകന്മാരെ സ്വീകരിയ്ക്കുകയും ഊട്ടുകയും ചെയ്തു.

അങ്ങിനെയിരിയ്ക്കെ ഒരുദിവസം പത്മനാഭന്റെ പത്നി ഇപ്രകാരം പറഞ്ഞു, 'പ്രഭോ, നമ്മുടെ കാട്ടുമൂർഖൻകുഞ്ഞ് വളരുന്നു.'

'പ്രിയേ, ഞാൻ അതറിയുന്നു,' പത്മനാഭൻ പറഞ്ഞു.

അവൾ മുഖംകുനിച്ചുകൊണ്ടു പറഞ്ഞു, 'എത്രനാൾ അവൻ ഇങ്ങിനെ തനിച്ചുവളരും? അവനു കൂട്ടിനു് ഒരു മനുഷ്യക്കുഞ്ഞുംകൂടി വേണ്ടേ?'

വിപ്രൻ പറഞ്ഞു, 'ശരിയാണ്. നീ ആരോടെങ്കിലും ചെന്നു ചോദിയ്ക്കൂ.'

പത്മനാഭൻ തീർത്ഥാടനത്തിനു പുറപ്പെടുകയായിരുന്നു. രണ്ടുകൊല്ലം കഴിഞ്ഞേ തിരിച്ചുവരൂ.

പത്മനാഭൻ സ്ഥലംവിട്ടദിവസം രാത്രി അവൾ അബ്ദുള്ളക്കുഞ്ഞിനെ വിളിച്ചുവരുത്തി.

പത്മനാഭൻ പറഞ്ഞ കാര്യം അവൾ അബ്ദുള്ളക്കുഞ്ഞിനെ അറിയിച്ചു.

അബ്ദുള്ളക്കുഞ്ഞ് ഇത്തിരിനേരം ആലോചിച്ചു.

'ഒരു കുഞ്ഞിനെ വേണം, അല്ലേ?' അയാൾ പറഞ്ഞു.

'അതെ,' അവൾ പറഞ്ഞു.

'ഞാൻതന്നെ മതിയല്ലോ,' അബ്ദുള്ളക്കുഞ്ഞു പറഞ്ഞു. 'ഞാനും ഒരു കുഞ്ഞല്ലേ?'

'അങ്ങു കുഞ്ഞുതന്നെ,' അവൾ പറഞ്ഞു: 'പക്ഷേ, അങ്ങ് പ്രായപൂർത്തിയെത്തിയ കുഞ്ഞാണല്ലോ, എനിയ്ക്കാവശ്യം ഒരു കയ്ക്കുഞ്ഞിനെ

യാണു്. കാട്ടുമൂർഖൻകുഞ്ഞിനു് കൂട്ടായിത്തീരാൻ.'

വീണ്ടും ഓർത്തുകൊണ്ടു് അബ്ദുള്ളക്കുഞ്ഞു് പറഞ്ഞു, 'ശ്രമിയ്ക്കാം'

രണ്ടുകൊല്ലം കഴിഞ്ഞു് പത്മനാഭൻ വീട്ടിൽ തിരിച്ചെത്തിയപ്പോൾ പ്രിയപത്നിയുടെ മടിത്തട്ടു് ആറു മാസം പ്രായംചെന്ന ഒരാൺകുഞ്ഞു് ഇരിയ്ക്കുന്നുണ്ടായിരുന്നു.

'പ്രിയേ,' അയാൾ പറഞ്ഞു, 'നമ്മുടെ കാട്ടുമൂർഖൻകുഞ്ഞിനു് കൂട്ടായി!'

'പ്രാണനാഥാ,' അവൾ പറഞ്ഞു, 'അതുതന്നെയാണു് ഞാനുമോർത്തതു്.'

പത്മനാഭൻ കൂടുതൽ സന്തുഷ്ടനായി.

ഒരുദിവസം പത്മനാഭനും പത്നിയും ഒരപസർപ്പകകഥാകാലക്ഷേപത്തിനായി അടുത്ത ഗ്രാമത്തിലേയ്ക്കു പോയിരിയ്ക്കുകയായിരുന്നു. കാട്ടുമൂർഖൻകുഞ്ഞിനേയും മനുഷ്യക്കുഞ്ഞിനേയും വീട്ടിൽ വിട്ടേച്ചാണു് അവർ പോയതു്.

തിരിച്ചുവന്നപ്പോൾ അതിഭയങ്കരമായ ഒരു കാഴ്ചയാണു് അവർ കണ്ടതു്. മുഖത്തും കയ്പ്പടങ്ങളിലും ചോരയുമായി മനുഷ്യക്കുഞ്ഞു മുട്ടുകുത്തി വാതിൽക്കലേയ്ക്കു വരുന്നു.

'അഹോ!' പത്മനാഭന്റെ പത്നി വിലപിച്ചു: 'എന്റെ കാട്ടുമൂർഖൻകുഞ്ഞിനെ ഇവൻ കൊന്നുകാണും.'

'എന്റെ കാട്ടുമൂർഖൻകുഞ്ഞേ,' പത്മനാഭനും വിലപിച്ചു

എന്നിട്ടു് ഒരു വെൺമഴുവെടുത്തു് പത്മനാഭൻ മനുഷ്യക്കുഞ്ഞിന്റെ തല വെട്ടിക്കളഞ്ഞു.

പക്ഷേ, അവർ അകത്തുകടന്നപ്പോൾ കണ്ടതെന്തു്?

ഭയങ്കരനായ ഒരു കീരി ചത്തുമലർന്നുകിടക്കുന്നു. കാട്ടുമൂർഖൻകുഞ്ഞാകട്ടെ ഒരലട്ടുംകൂടാതെ കിടന്നുറങ്ങുന്നു.

'അഹോ!' പത്മനാഭൻ പറഞ്ഞു: 'നാം തെററിദ്ധരിച്ചു. അവൻ കീരിയെ കൊന്നു് നമ്മുടെ കാട്ടുമൂർഖൻകുഞ്ഞിനെ രക്ഷിയ്ക്കുകയാണു്



ഖസാക്കിന്റെ ഇതിഹാസകാരൻ.

ചെയ്തതു്. അവന്റെ മുഖത്തും കൈകളിലും പുരണ്ടിരുന്നതു് കീരിരക്തമായിരുന്നു.'

'പ്രാണനാഥാ,' പത്മനാഭന്റെ പത്നി പറഞ്ഞു, 'സാരമില്ല ഒരു കുഞ്ഞിനെക്കൂടി തരാൻ ഞാൻ അബ്ദുള്ളക്കുഞ്ഞിനോടു് ആവശ്യപ്പെടാം.'

'അയൽക്കാരെ അടുപ്പിച്ചടുപ്പിച്ചു ശല്യപ്പെടുത്തുന്നതു് ശരിയാണോ?' വിപ്രൻ സംശയിച്ചു.

'പ്രഭോ,' അവൾ പറഞ്ഞു, 'നാം അങ്ങിനെ കരുതേണ്ടതില്ല.'

'എന്നാൽ അങ്ങിനെയാവട്ടെ,' പത്മനാഭൻ പറഞ്ഞു.

അന്നുരാത്രി അബ്ദുള്ളക്കുഞ്ഞു് പത്മനാഭന്റെ വീട്ടിൽ വന്നു. അയാൾ വെൺമഴുവെടുത്തു് പത്മനാഭന്റെ തല വെട്ടിക്കളഞ്ഞു.

കാട്ടുമൂർഖന്മാർ നിർദ്ദോഷികളാണെന്നു് ഇതുകൊണ്ടു നമുക്കു മനസ്സിലാക്കാമല്ലോ. —0—

സാഹിത്യ വിചാരം

എം. കൃഷ്ണൻനായർ

ജോർഷ് ദ്യുമേൽ (Georges Dubame') എന്ന ഫ്രഞ്ചു് ചിന്തകൻ ഭാഷയ്ക്കു ഒരു മന്ത്രിസഭ, ശബ്ദത്തിനു ഒരു മന്ത്രിസഭ എന്നിവ രൂപവത്കരിക്കണമെന്നു് അഭിപ്രായപ്പെട്ടു. ഭാഷ ശരിയായി ഉപയോഗിക്കുന്നുണ്ടോ വായനക്കാരനു് കവിതയും കഥയും മനസ്സിലാകുന്നുണ്ടോ എന്നൊക്കെ നോക്കാൻ ആ ഭാഷാമന്ത്രി ചുമതലപ്പെട്ടവനായിരിക്കും. അപ്പോൾ മനുഷ്യനു മനസ്സിലാകാത്ത കഥയും കവിതയും ഉപന്യാസവും എഴുതുന്നവൻ ജയിലിലപ്പോകും. ഭാഗ്യമായി ദ്യുമലിന്റെ നിർദ്ദേശം അന്നത്തെ ഫ്രഞ്ചുഗവണ്മെന്റു് നിരാകരിച്ചതു്. അല്ലെങ്കിൽ ഫ്രാൻസിൽ ഉണ്ടാകുമായിരുന്ന ഭാഷാമന്ത്രിസഭയെ അനുകരിച്ചു് കേരളത്തിലും ആ രീതിയിലൊരു മന്ത്രിസഭ ജനനംകൊള്ളുമായിരുന്നു എന്നെയും വായനക്കാരുടെയും സുഹൃത്തുക്കളായ ചില സാഹിത്യകാരന്മാർ പൂജപ്പുര സെൻട്രൽ ജയിലിൽ കിടക്കുമായിരുന്നു. അവർ മൂന്നരയടി പൊക്കമുള്ള മുറിക്കകത്തു ശ്വാസംമുട്ടിക്കഴിയുന്നതും അതിന്റെ ഒരു മൂലയിൽ വച്ചിരിക്കുന്ന ചട്ടിയിൽ മൂത്രമൊഴിക്കുന്നതും കാലത്തു് അതു തനിയെ എടുത്തുകൊണ്ടു കളയുന്നതും ഒക്കെ നാം കാണേണ്ടതായിവന്നേനെ. 'ശബ്ദത്തിനു മന്ത്രിസഭ' ഉണ്ടാകാത്തതു നന്നായി. അടുത്തവീട്ടിൽ താമസിക്കുന്നവന്റെ ചെവി പൊടിയുന്നവിധത്തിൽ പിള്ളേരെയും വേലക്കാരെയും ചിത്തപറയുന്ന അബലകളായ സകല സ്ത്രീകളും ജയിലിൽചെന്നു കിടക്കുമായിരുന്നു. ജയിൽ സ്ഥലം തികയാതെ പുതിയ ജയിലുകൾ കെട്ടേണ്ടതായിവന്നേനെ മഹനീയമായ തിരുവനന്തപുരം പട്ടണം മുഴുവൻ ജയിലുകൾകൊണ്ടു നിറഞ്ഞേനെ. അതും ഭാഗ്യം. ഷോർഷ്ദ്യുമലിന്റെ കാലഘട്ടത്തിലെ ഫ്രഞ്ചു്ഗവണ്മെന്റു് നമ്മെ രക്ഷിച്ചു. ഇപ്പോൾ നമ്മുടെ ചെവി കുറച്ചു് പൊടിയുന്നുണ്ടായിരിക്കും. കാലത്തെ സുഖമായ ഉറക്കത്തിനു് തടസ്സം വരുന്നുണ്ടായിരിക്കും. സാരമില്ല. തിരുവനന്തപുരത്തു താമസിക്കാനല്ലേ. കാര്യമിതൊക്കെയാണെങ്കിലും ഇങ്ങനെ രണ്ടു മന്ത്രിസഭ രൂപവത്കരിക്കണമെന്നു് നിർദ്ദേശിച്ച ദ്യുമലിന്റെ ഭാവനാശക്തിയെ ഇതെഴുതുന്നയാൾ വാഴ്ത്തുന്നു. എങ്ങനെ വാഴ്ത്താതിരിക്കും? മലയാളനാട്ടിൽ (മാർച്ചു് 11) ശ്രീ: എം. ചന്ദ്രശേഖരൻ എഴുതിയ 'നദി,

ഭാഷയ്ക്കും ശബ്ദത്തിനും മന്ത്രിസഭകൾ

സമുദ്രം' എന്ന ചെറുകഥ ഞാൻ വായിച്ചുപോയല്ലോ. വീട്ടിൽനിന്നു 'പുറപ്പെട്ടുപോയ' ഒരുവന്റെ അച്ഛൻ മരിക്കാറായി അയാളുടെ പേച്ചി ആ വാർത്ത അറിയിച്ചു ഏകാന്തതയുടെ ദുഃഖമനുഭവിക്കുന്ന അയാൾ വീട്ടിലെത്തിയപ്പോൾ അമ്മ നനഞ്ഞ തലയണയിൽ മുഖം അമർത്തിക്കിടക്കുന്നു. 'മൂകനും ബധിരനും അന്ധനുമായി' അയാളിരിക്കുമ്പോൾ കഥ അവസാനിക്കുന്നു. വായനക്കാരന്റെ ഹൃദയത്തിൽ ഒരു ചലനം ചെയ്യാനുള്ള വാക്കാതെ ചന്ദ്രശേഖരൻ ഇതെങ്ങനെ

എഴുതിവച്ചു എന്നാണു് ഞാൻ അദ്ഭുതപ്പെടുന്നതു്. എന്തുകൊണ്ടു് ഈ നിർവികാരത്വം? എന്തുകൊണ്ടു് ഈ ദാരുമയാവസ്ഥ? നല്ല കഥകളെഴുതിയിട്ടുള്ള ഈ കഥാകാരനു് ഇങ്ങനെ പരാജയംവരാൻ എന്താണു് കാരണം? ഈ ചോദ്യങ്ങൾക്കു് ഉത്തരങ്ങൾ ലഭിക്കണമെങ്കിൽ കഥതന്നെ വായിച്ചു നോക്കണം വായനക്കാരൻ. അപ്പോൾ അദ്ദേഹത്തിനു മനസ്സിലാകും കഥാകാരൻ വാവദൂകതയിൽ ആഹ്ളാദിക്കുന്നുവെന്നു്.' അവൻ ഒരുമൈൽ നടന്നു; എന്നുപറഞ്ഞാൽ എട്ടുഫർലാങ്ങ് നടന്നു; എന്നുപറഞ്ഞാൽ 1760 ഗജം നടന്നു; എന്നുപറഞ്ഞാൽ 5280 അടി നടന്നു; എന്നുപറഞ്ഞാൽ 63360 ഇഞ്ചു് നടന്നു.' എന്നമട്ടിൽ പ്രസംഗിക്കുന്ന ഒരാളിനെ എനിക്കറിയാം. ആ രീതിയിലല്ലെങ്കിലും 'ബഹുഭാഷണ'ത്തിലാണു് ചന്ദ്രശേഖരൻ കഥകൾ കാണിച്ചുകൊണ്ടു നില്ക്കുന്നതു്. ആ കഥകൾ അദ്ദേഹത്തിന്റെ കഥാപ്രപഞ്ചത്തിന്റെ വൈകാരികാംശത്തെ നശിപ്പിച്ചുകളയുന്നു. ഷോർഷ്ട്രമൽ! അങ്ങയുടെ നല്ല ഉദ്ദേശ്യത്തെ ഞാൻ മാനിക്കുന്നു. എന്നാൽ അങ്ങയുടെ നിർദ്ദേശത്തെ തള്ളിക്കളഞ്ഞ സർക്കാരിനെയും ഞാൻ മാനിക്കുന്നു. അർത്ഥവിനിമയത്തിനും വികാരസംക്രമണത്തിനും വേണ്ടി മാത്രം വാക്കുകൾ പ്രയോഗിച്ചാൽ ഫലം ആദരണീയമാകുമെന്നതിനു് രാജാമണി മലയാളനാട്ടിലെഴുതിയ 'ഭൂതം, വർത്തമാനം, ഭാവി' എന്ന ചെറുകഥ തെളിവുനല്കുന്നു. ഫലം അറിയിക്കുന്ന കാർഡ് കൊത്തിയെടുക്കുന്ന ഒരു നന്ത്യയുടെ മരണവും ആ മരണം ജനിപ്പിക്കുന്ന ദുഃഖവുമാണു് ഈ കഥയിൽ ആവിഷ്കരിക്കുന്നതു്. ദുഃഖം ശരിയായ വിധത്തിൽ അനുവാചകഹൃദയത്തിലേക്കു പകരുന്നു. ആഖ്യാനം നന്നായി. ഒരുകാര്യം ചേയുമില്ല എന്ന ന്യൂനത ഇക്കഥയ്ക്കുണ്ടെങ്കിലും മൃദുലിന്റെ ഭാഷാമന്ത്രിക്കു് ഒരിക്കലും ഇതിനെ കുററപ്പെടുത്താൻ കഴിയുകയില്ല. ഈ ഫ്ലാഷ് നോവൽ 'സ്ററ്' വേറൊരു നിർദ്ദേശം കൂടി സർക്കാരിന്റെ മുൻപിൽ വയ്ക്കുകയുണ്ടായി. ഒരു പാർക്ക് ഒഫ് സൈലൻസ്—നിശ്ശബ്ദതയുടെ പാർക്ക്—നിർമ്മിക്കണമെന്നു്. സ്വൈരജീവിതം നയിക്കണമെന്നുള്ളവർക്കു്, നിശ്ശബ്ദമായി വിചാരിക്കണമെന്നുള്ളവർക്കു് ആ ഉദ്യാനത്തിൽ ചെന്നിരിക്കാം. സങ്കൽപ്പത്തിൽ അങ്ങനെയൊരു പാർക്ക് നിർമ്മിച്ചു് ഞാൻ തെല്ലുനേരം അവിടെച്ചെന്നു് ഇരിക്കട്ടെ. വായനക്കാരെയും സാദരം അങ്ങോട്ടു ക്ഷണിക്കട്ടെ.

വിശ്രമം കഴിഞ്ഞല്ലോ. ഇനി കഥാപ്രപഞ്ചത്തിലേക്കു്. ശ്രീ: ജോയിക്കുട്ടി പാലത്തുങ്കൽ എഴുതിയ 'കഴുകൻ' (മാതൃഭൂമി ആഴ്ചപ്പതിപ്പു് മാർച്ചു് 11). അതു വായിച്ചുകഴിഞ്ഞയുടനെ ഗർഹിതത്വത്തിന്റെ പ്രതീതിയുളവാക്കുന്ന ചില വ്യക്തികളെയും വസ്തുക്കളെയും വസ്തുതകളെയും കുറിച്ചാണു് ഞാൻ ഓർമ്മിച്ചുപോയതു്. ആരെല്ലാമാണവർ? എന്തെല്ലാമാണവ? കേൾക്കട്ടെ. ഷർട്ടിന്റെ ബട്ടണിടാതെ നെഞ്ചിലെ രോമം കാണിച്ചുകൊണ്ടു നടക്കുന്ന പുരുഷൻ, കാലത്തു് തിടുക്കത്തിൽ കോളേജിലോ ഓഫീസിലോ പോകാൻ ഭാവിക്കുമ്പോൾ ഒരുകെട്ടു കടലാസ്സുമായി വന്നു് 'അററസ്ററ് ചെയ്തുതരണമെന്നു് ആവശ്യപ്പെടുന്നയാൾ, സാമാന്യമര്യാദയുടെ പേരിൽ മററുള്ളവർ മിണ്ടാതിരിക്കുമ്പോൾ തന്റെ ഇച്ഛാശക്തി അന്യരിൽ അടിച്ചേൽപ്പിച്ചു് കാര്യങ്ങൾ നേടിയെടുത്തുവെന്നു ഭാവിക്കുന്ന നിസ്സാരൻ, ഒരധ്യാപകനെക്കുറിച്ചു് ക്ളാസ്സിൽച്ചെന്നു് കുററംപറയുന്ന മറെറാരധ്യാപകൻ, ഏതെങ്കിലും കോളേജിൽ നാം പ്രസംഗിക്കാൻ പോകുമ്പോൾ താൻ വലിയ 'ബിസി' ആണെന്നു ഭാവിച്ചു് സ്വന്തം റൂമിൽത്തന്നെ ഇരിക്കുന്ന പ്രിൻസിപ്പൽ, വെറും ചടങ്ങിന്റെ പേരിൽ പ്രസംഗം നടക്കുമ്പോൾ സദസ്സിലിരുന്നു് പ്രഭാഷകനെ നോക്കി മുഖം വക്രിപ്പിക്കുകയും കൂടെക്കൂടെ വാച്ചു് നോക്കുകയും ചെയ്യുന്നയാൾ. ഇനി ചില വസ്തുക്കൾ. അഴുക്കുപാറിയ കാൻസിനോട്ടു്, സൂക്ഷ്മസമയം കാണിക്കാത്ത 'ഫാസ്ററ്'യോ 'സ്ളോ'ആയോ പ്രവർത്തിക്കുന്ന വാച്ചു്, ബസ്ററോപ്പിൽത്തന്നെ വന്നുനില്ക്കാതെ ദൂരെ നില്ക്കുന്ന ബസ്സ്, വെളിച്ചം കയറാത്തരീതിയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള വീടുകൾ. ഗർഹണീയതയുടെ പ്രതീതിയുളവാക്കുന്ന ഈ വ്യക്തികളുടെയും വസ്തുക്കളുടെയും കൂട്ടത്തിൽ സ്വാർത്ഥതൽപരനായ രാഷ്ട്രീയപ്രവർത്തകനും ഉൾപ്പെടും. (രാഷ്ട്രീയപ്രവർത്തകൻ എന്ന പ്രയോഗം അത്രകണ്ടു ശരിയല്ല. എങ്കിലും ആ രീതിയിൽ എഴുതുന്നു) അങ്ങനെയുള്ള ഒരു രാഷ്ട്രീയപ്രവർത്തകനെയാണു് ജോയിക്കുട്ടി പാലത്തുങ്കൽ അവതരിപ്പിക്കുന്നതു്. അന്തോണി മർദ്ദനമേററു് ആശുപത്രിയിൽ കിടക്കുന്നു. അടികൊണ്ടതു് തികച്ചും വ്യക്തിപരങ്ങളായ ഹേതുക്കളാൽ. രാഷ്ട്രീയപ്രവർത്തകനായ പൗലോസിനു് അതുവച്ചു മുതലെടുക്കണം. രാഷ്ട്രീയമായ ശത്രുതയുടെ പേരിലാണു് മർദ്ദനമേററതെന്നു് അന്തോണി സമ്മതിച്ചാൽ പൗലോസിനു് വോട്ടു കൂടുതൽ കിട്ടും. അന്തോണി ആവിധത്തിലുള്ള അസത്യപ്രസ്താവത്തിനു സന്നദ്ധനല്ല. സന്നദ്ധനല്ലെങ്കിൽ അയാൾ മരിക്കണം. ഇതാണു് പൗലോസിന്റെ മട്ടു്. മരുന്നുകൊടുക്കാൻ എത്തിയ ഡോക്ടറോടു് 'എന്നെ കൊല്ലല്ലേ, എന്നെ കൊല്ലല്ലേ' എന്നു് അന്തോണി കരഞ്ഞ പറയുമ്പോൾ കഥ അവസാനിക്കുന്നു. ഇക്കഥ നന്നായോ? ഇല്ല. ഇതു മോശമാണോ? അതുമല്ല. ക്ഷേത്രഗണിതസിദ്ധാന്തങ്ങൾ 'പ്രൂവ്'ചെയ്യുന്നതുപോലെ രാഷ്ട്രീയപ്രവർത്തകന്റെ നൃശംസതയെ തെളിയിക്കാനായി കഥാകാരൻ പാടുപെടുന്നു എന്നൊരു തോന്നൽ. ഈ തോന്നലാണു് ഇതിന്റെ നന്മയുടെ ചുവട്ടിൽ കോടാലി വയ്ക്കുന്നതു്. കലാസൃഷ്ടി സ്വീകൃതസ്വഭാവരുള്ളതാകട്ടെ (committed) അതു് ഉപദേശകസ്വഭാവമുള്ളതായിക്കൂടാ (didactic) എന്നു പ്രഞ്ചെഴുത്തുകാരനായ മൽറോ പറഞ്ഞതു നാം ഓർമ്മിക്കണം.

കടൽക്കരയിൽ നിൽക്കുമ്പോൾ കടലിന്റെ നീലനിറം നിങ്ങളെ സ്പർശിച്ചു നിങ്ങൾക്കുതന്നെ ഒരാനീലവർണ്ണം വരുത്തുന്നുവെന്നു തോന്നിയിട്ടുണ്ടോ? സുന്ദരിയായ തരുണി നിങ്ങളെ സ്നേഹത്തോടെ നോക്കുമ്പോൾ അവളുടെ കണ്ണുകൾക്കുള്ള കറുത്ത നിറം നിങ്ങളെ ആവരണം ചെയ്യുന്നുവെന്നു തോന്നിയിട്ടുണ്ടോ? അവളുടെ പുഞ്ചിരിയുടെ മാധുര്യം നിങ്ങൾക്കു തന്നെ മാധുര്യമുളവാക്കുന്നുവെന്നു തോന്നിയിട്ടുണ്ടോ? ഉണ്ടെങ്കിൽ നിങ്ങൾ ഭാഗ്യവാൻ. കലാസൃഷ്ടികൾ കാണുമ്പോഴും ഇതേ അനുഭവം ഉണ്ടാകും. മക്സൽപ്രൂസ്ററിന്റെ മഹാനോവൽ വായിക്കുമ്പോഴെല്ലാം മാധുര്യം എന്നെ ആവരണം ചെയ്യുന്നുവെന്നു തോന്നാറുണ്ടു് എനിക്കറിയാവുന്ന സുന്ദരവസ്തുക്കളിൽ ഒന്നാണു് താജ്മഹൽ. അതിനേക്കാൾ മനോഹരമാണു്. പ്രൂസ്ററിന്റെ നോവൽ. ആർതർ ഷ്നിററ്സ്ലറുടെ 'Flowers of the sleeping Beauties' കാവാബത്തയുടെ 'The House' യുകിയോമിഷിമയുടെ 'The Sound of the Waves' ആട്ട് ഹാംസൂണിന്റെ 'Pan', 'Victoria' എന്നീ നോവലുകൾ—എന്തൊരു മാധുര്യമാണു് അവയ്ക്കെല്ലാം കലയെക്കുറിച്ചു് ഈ ഉന്നതസങ്കൽപ്പം ഉള്ളതുകൊണ്ടാണോ എന്തോ എനിക്കു് ശ്രീ. തൊടിയിൽ ബഷീർ 'ജനയുഗം' വാരികയിലെഴുതിയ 'സുരഭി' എന്ന കഥ ഇഷ്ടമായില്ല. ജാമി അവളെ സ്നേഹിച്ചിരുന്നു. വിശുദ്ധമായ സ്നേഹം. സിദ്ധിക്കു് അവളെ വിവാഹം കഴിച്ചു. എട്ടാംമാസത്തിലാണു് അവൾ പെററതു്. താൻ നിരപരാധനാണെന്നു പറയാൻവേണ്ടി ജാമി സിദ്ധിക്കിന്റെ അടുക്കലെത്തി. അപ്പോൾ സിദ്ധിക്ക് അയാളെ അറിയിച്ചു, അവൾ വേറൊരുവനിൽനിന്നാണു ഗർഭിണിയായതെന്നു്. ജാമിയും അവളും സ്വർഗ്ഗീയപ്രേമത്തിൽ

വിഹരിച്ചിരുന്നപ്പോഴാണത്രേ അവരം ഒരു അധ്യാപകനിൽനിന്നു ഗർഭം ധരിച്ചതു്. സ്ത്രീയുടെ കാപട്യത്തിലേയ്ക്കു കൈചൂണ്ടുകയാണു് ബഷീർ പക്ഷേ, ആ കൈചൂണ്ടൽ 'കന്യാകുമാരിക്കു്' അമ്പതു കിലോമീററർ' എന്നറിയിക്കുന്ന കൈചൂണ്ടിപ്പലകയെപ്പോലെ 'സ്പന്ദനരഹിതവും ദാരുമയവും ആയ രിക്കുന്നു. ചിരമാലകളിൽ നൃത്തംചെയ്യുന്ന സൂര്യരശ്മികളെപ്പോലെ കുന്തോട്ടത്തിലിളകുന്ന തെക്കൻകാററിനെപ്പോലെ അതു മനോഹരമല്ല.

Outsider എന്ന പുസ്തകമെഴുതിയ കാമ്യണെപ്പോലെ പൊടുന്നനവേ പ്രസിദ്ധനായ എഴുത്തുകാരനാണു് കോളിൻവിൽസൺ. അദ്ദേഹത്തിന്റെ ഏററവും പുതിയ പുസ്തകമാണു് 'Occult' അദൃശ്യമായതിനെ അറിയാൻ ആറാമതൊരു ഇന്ദ്രിയം മനുഷ്യനുണ്ടെന്നു സ്ഥാപിക്കുകയാണു് അദ്ദേഹം. ആ കഴിവു വികസിക്കുമ്പോൾ ഇന്നത്തെ മനുഷ്യൻ കൂടുതൽ ശക്തനാകും. എല്ലാ ഭൗതികവാദികളും വായിച്ചിരിക്കേണ്ട ഗ്രന്ഥമാണിതു്. ആയിരമായിരം നാഴിക അകലെയിരിക്കുന്ന അനിയന്റെ മകനോ സുഖമില്ലെന്നു തോന്നുക; ആ സുഖക്കേടു് സന്നിപാതജ്വരമാണെന്നു തോന്നുക; എന്നിട്ടു് അവനെ അന്വേഷിച്ചുചെല്ലുമ്പോൾ തന്റെ തോന്നൽ ശരിയാണെന്നു കാണുക. ഇങ്ങനെയുള്ള സംഭവങ്ങൾ സാധാരണങ്ങളാണു്. ഈ പ്രതീതി ഉളവാക്കുന്ന ശക്തിവിശേഷമേതോ അതുതന്നെയാണു് ആറാമത്തെ ഇന്ദ്രിയം ഹെർമാൻ ഹെസ്സയുടെ 'ഡേമിയൻ' എന്ന നോവലിലാണെന്നു തോന്നുന്നു പെൺജാതി ചിഹ്നപ്പെട്ട ശലഭത്തെ അന്വേഷിച്ചു് അനേകം നാഴിക അകലെനിന്നു പറന്നുവരുന്ന ആൺജാതിയ്ക്കിപ്പെട്ട ശലഭങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ടു്. ഒരു സ്ഥലത്തു് ഒററയ്ക്കിരിക്കുന്ന പെൺശലഭത്തെക്കുറിച്ചു് നാഴികകൾക്കപ്പുറത്തുള്ള ആൺശലഭങ്ങൾ അറിയുന്നതെങ്ങനെ? ചിലപ്പോൾ ഒരു ഗന്ധം പെൺശലഭത്തിനുണ്ടായിരിക്കാം. അതു പിടിച്ചെടുക്കാൻ ആൺശലഭങ്ങൾക്കു കഴിവുണ്ടായിരിക്കാം. പട്ടി മോങ്ങുന്നതു കേട്ടാൽ എവിടെയോ മരണം സംഭവിക്കാൻ പോകുന്നുവെന്നു് ആളുകൾ പറയാറുണ്ടല്ലോ. ശരിയായിരിക്കാം. മരിക്കാൻപോകുന്നവന്റെ ശരീരത്തിൽനിന്നു പ്രസരിക്കുന്ന പ്രത്യേക ഗന്ധം പട്ടിയെ അസ്വസ്ഥപ്പെടുത്തുന്നതുകൊണ്ടായിരിക്കാം അതു മോങ്ങുന്നതു്. ഇതിരിക്കട്ടെ. പെൺശലഭത്തെ തേടിവരുന്ന ആൺശലഭങ്ങൾ മററിടത്തും പോകാതെ നേരേ അതിന്റെ അടുത്തേക്കുതന്നെ വരുന്നു. മനുഷ്യന്റെ സ്ഥിതിയും വിഭിന്നമല്ല. കാമേൾസുകതയ്ക്കു വിധേയനായവൻ നേരേ കാമകിയുടെ സമീപത്തെത്തുന്നു. മററുള്ളവർ തന്നെക്കുറിച്ചു് എന്തു പറയും എന്നു് അയാൾക്കു വിചാരമില്ല. കാമത്തിന്റെ അധീശസ്വഭാവം അത്രയ്ക്കുണ്ടു്. അവികാരം ആധിപത്യം പുലർത്തുമ്പോൾ മററു വികാരങ്ങൾക്കു സ്ഥാനമില്ല. സ്ഥാനമുണ്ടെങ്കിൽ അതു് മൃദുലവികാരങ്ങൾക്കായിരിക്കുകയും ചെയ്യും. കാമത്തിലോ പ്രേമത്തിലോ പെട്ടവൻ യാചകർക്കു് പണം എറിഞ്ഞുകൊടുക്കും. കൈയിലുള്ളതെല്ലാം മററുള്ളവർക്കു കൊടുക്കും. ഈ സാമാന്യനിയമത്തിനു വിരുദ്ധമായിട്ടാണു് ശ്രീ ജോൺ മുണ്ടക്കയം എഴുതിയ 'എന്റെ സംഹാസനത്തിന്റെ അവകാശികൾ' എന്ന ചെറുകഥയിലെ കാമുകൻ പ്രവർത്തിക്കുന്നതു്. പ്രേമത്തിൽപ്പെട്ട അയാൾ എല്ലാ യാചകരെയും ആട്ടിയോടിക്കുന്നു. ഒടുവിൽ മനസ്സിനു മാററംവന്നു ഭിക്ഷ കൊടുക്കാൻ അയാൾ തയ്യാറാവുന്നു. ഒരുപക്ഷേ, ഈ കഥയിലെ യാചകരും മററും കാമുകന്റെ തോന്നലുകളായിരിക്കാം. എന്നാലും എന്തോ ഒരു പോരായ്മ അനുഭവപ്പെടുന്നു. ഇതിൽ ഞാൻ പറഞ്ഞ മനഃശാസ്ത്രപരമായ വൈകല്യം ഇല്ലെന്നുതന്നെ വിചാരിക്കു. എങ്കിലും കഥയെന്ന നിലയിൽ ഇതിനു വിജയമില്ല. കഥയുടെ രൂപത്തിലുള്ള പ്രബന്ധം മാത്രമാണിതു്.

(ശേഷം 51-ൽ)

മലയാളനാട്
ഉള്ളടക്കം

ലേഖനം

എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണത്തിൽ സുലഭമായി കാണുന്ന അത്യാധുനികതയെക്കുറിച്ച്— നമ്മിൽ കുറേപ്പേർ തള്ളുകയും കൊള്ളുകയും ചെയ്യുന്ന— ആ പ്രതിഭാസത്തെക്കുറിച്ച്—

എം. ഷൺമുഖദാസ് എഴുതുന്ന
'അദ്ധ്യാത്മ രാമായണവും അത്യാധുനികതയും'

അശ്ലീലസാഹിത്യം നിരോധിക്കണോ വേണ്ടയോ? ഡന്മാർക്കിൽ നടത്തിയ വിജയകരമായ പരീക്ഷണത്തെക്കുറിച്ചു രസകരമായ ഒരു ലേഖനം

സി. പി. ബി. യുടെ
'ഡന്മാർക്കിനെ അനുകരിക്കുക'

ജി. ശങ്കരക്കുറുപ്പിന്റെ
'ഓർമ്മയുടെ ഓളങ്ങളിൽ'

കഥ

വിശ്വമനഃസാക്ഷിയേയും മനുഷ്യമഹത്വത്തെയുമുൾക്കൊണ്ട നല്ല ഭൂമിയുടെ അമ്മയായ പേരംബക്കിന്റെ ഒരുജ്ജ്വലകഥ
'അഭയാർത്ഥി'

പുഴുക്കുത്തുവീണ ഒരു കുടുംബത്തിന്റെ അവസാനത്തെ കണ്ണിയായ മോഹനൻ പരിശുദ്ധിയുടെ ഗോപുരവാതിലയ്ക്കലേയ്ക്കു നെടുവീർപ്പുകളോടെ നടന്നടുക്കുന്നു.
കെ. രാമചന്ദ്രന്റെ
'പാവക്കൂത്തു്'

'എന്റെ ആദ്യത്തെ കഥ' എന്ന പരമ്പരയിൽ
ജി. സി. കാരയ്ക്കലിന്റെ
തീയാട്ടു്

കവിത

നീലമ്പേരൂരിന്റെ മധുഗീതയുടെ അവസാനഭാഗം
നരേന്ദ്രപ്രസാദിന്റെ 'കിളുന്നു്'

വിമർശനം

എം. കൃഷ്ണൻനായരുടെ സാഹിത്യവാരഫലം
ഡാക്ടർ ഹരിദാസിന്റെ ശാസ്ത്രലേഖനം
പി. ഭാസ്കരനുണ്ണിയുടെ ഗ്രന്ഥനിരൂപണം
സിനിമാപംക്തിയിൽ മംഗലശ്ശേരിയുടെ നിരൂപണം
ചിത്രങ്ങൾ വാർത്തകൾ
നോവലുകൾ
കാക്കനാടൻ, തകഴി, ഏകലവ്യൻ.
കൂടാതെ കൗതുകവാർത്തകൾ, ചിത്രങ്ങൾ സഹിത്യരുള്ള വിശേഷവാർത്തകൾ



കുലീനനായ ഗവേഷകൻ

മലയാളഭാഷാ – സാഹിത്യരംഗത്തെ കുലീനനായ ഒരു ഗവേഷകൻ നമുക്കു നഷ്ടപ്പെട്ടു. ശ്രീ: ഇളംകുളം കുഞ്ഞൻപിള്ള. കഴിഞ്ഞ കാൽനൂററാണ്ടുകാലം ശിലാതാമ്രശാസനങ്ങളുടെ ഗുഹാന്തർഭാഗങ്ങളിലിരുന്നു മലയാളഭാഷയുടേയും ചരിത്രത്തിൻേറയും വികാസത്തിനുവേണ്ടി അദ്ദേഹം ചെയ്ത സേവനങ്ങൾ—ആ ഗവേഷണതപസ്യ പൂർണ്ണമായി ഇന്നംഗീകരിക്കപ്പെട്ടിരിക്കുന്നു. നൂററാണ്ടുകളായ് നിലനിന്നുപോന്ന അന്ധവിശ്വാസങ്ങളുടേയും അന്ധൂക്തികളുടേയും കെട്ടുകഥകളുടേയും പൊള്ളത്തരങ്ങൾ വ്യക്തമാക്കി അവയുടെ സ്ഥാനത്തു് ശാസ്ത്രീയമായ ചരിത്രവസ്തുതകൾ സ്ഥാപിക്കുവാൻ ഇളംകുളത്തിനു കഴിഞ്ഞു. ഭാവിയിലെ ഭാഷാചരിത്രഗവേഷകന്മാർക്കു് ഇതു് എത്രയധികം സഹായകമാവും എന്നു പറയേണ്ടതില്ലല്ലോ.

ദക്ഷിണേന്ത്യയുടെ ചരിത്രമെഴുതിയിട്ടുള്ളവർക്കെല്ലാം ഇന്നോളം അജ്ഞാതമായ്രുന്ന പ്രാചീനകേരളത്തിൻെറ രാഷ്ട്രീയസാംസ്കാരികസാമൂഹ്യമുഖം പ്രകാശമാനമാക്കി കേരളചരിത്രത്തിലെ സുപ്രധാന അദ്ധ്യായം രണ്ടാം ചേരസാമ്രാജ്യത്തിൻേറതാണെന്നു് ആധികാരികമായി അദ്ദേഹം തെളിയിച്ചു. പ്രാചീനകേരളചരിത്രത്തിൻേറയും പൂർവ്വമദ്ധ്യകാലകേരളത്തിൻേറയും യഥാർത്ഥചരിത്രം വസ്തുനിഷ്ഠമായി വിശ്വാസമായ രേഖകളെ ആസ്പദമാക്കി നിർമ്മിച്ചു. സംഘകാലംതൊട്ടു പോർട്ടുഗീസുകാരുടെ ആഗമനംവരെയുള്ള തുടർച്ചയായ ചരിത്രം ശാസ്ത്രീയമായ കാഴ്ചപ്പാടിൽ ശരിയായി വിവരിച്ചുതന്ന അദ്ദേഹത്തിനു നന്ദി പറയാൻ നമുക്കു് വാക്കുകളില്ല.

ദേവദാസിസമ്പ്രദായം, മരുമക്കത്തായം, ജന്മിത്വവ്യവസ്ഥ എന്നിവയെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ പഠനങ്ങളും അത്യധികം വിലപ്പെട്ടതാണു്. പ്രത്യേകിച്ചും സാമൂഹ്യചരിത്ര വിദ്യാർത്ഥികൾക്കു്. സംഘകാലത്തെ തമിഴ്കൃതികളെക്കുറിച്ചു് ഇളംകുളം നടത്തിയ ഗവേഷണപഠനങ്ങൾ തമിഴ്പണ്ഡിതന്മാരെപ്പോലും അത്ഭുതപ്പെടുത്തിയെന്നു പറയുമ്പോൾ അവയുടെ പ്രാധാന്യം മനസ്സിലാക്കാമല്ലോ.

ഭാഷാചരിത്ര വിദ്യാർത്ഥികൾക്കു സുഗമമായി കടന്നുപോകാനുള്ള വഴിത്താരകൾ ഇളംകുളം തൻെറ വിലയേറിയ ഗവേഷണങ്ങൾമൂലം സൃഷ്ടിച്ചിരിക്കുന്നു. ഇളംകുളത്തിൻെറ ഗവേഷണങ്ങൾ കേരളഭാഷാ-ചരിത്രപഠനങ്ങൾക്കു് ഇനിയും പുതിയ കാഴ്ചപ്പാടുകൾ നേടിക്കൊടുക്കാനിരിക്കുന്നതേയുള്ളു. പ്രശസ്തിക്കായി ആഗ്രഹിക്കാതെ തൻേറതായ ഒരു ലോകത്തിൽ ഏകനായി കഴിഞ്ഞിരുന്ന ആ മഹാപണ്ഡിതൻ നമ്മുടെ കാലഘട്ടത്തിലെ അപൂർവ്വനേട്ടങ്ങളിലൊന്നാണു്.

—0—

നല്ലഭൂമിയുടെ അമ്മ

വിശാലമനസ്സാക്ഷിയേയും മനുഷ്യമനസ്സിനേയും പൂർണ്ണമായി ഉൾക്കൊള്ളാൻകഴിഞ്ഞ പേർബക്ക് നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു. കരടില്ലാത്ത മനുഷ്യസ്നേഹവും അസുലഭഭംഗിയുള്ള ഭാഷാശൈലിയും പേർബക്കിനു് ലോകത്തെമ്പാടും ആരാധകരെ സൃഷ്ടിച്ചുകൊടുത്തു. ചൈനയിൽ ലോകപ്രശസ്തരായ അനേകം എഴുത്തുകാരുണ്ടു്. പക്ഷേ, ചൈനക്കാരുടെ പ്രത്യേകിച്ചും സാധാരണക്കാരൻെറ ആത്മാവു് കണ്ടെത്താൻകഴിഞ്ഞതു് അമേരിക്കക്കാരിയായ പേർബക്കിനു മാത്രമാണു്. മനുഷ്യമനസ്സിൻെറ അത്യഗാധതകളിലേക്കു് ഇത്രയധികം തീർത്ഥയാത്രകൾ നടത്തിയ പേർബക്കിനെപ്പോലെ ഒരെഴുത്തുകാരി ലോകസാഹിത്യത്തിൽ കാണുകയില്ല.

നോബൽസമ്മാനം നേടിക്കൊടുത്ത 'നല്ല ഭൂമി', 'ഡ്രാഗൺ ആൻഡ് സീഡ്', 'എർത്ത്', പവിലിയൻ അഫ് വുമൺ എക്സൈൽ' തുടങ്ങിയ പേർബക്കിൻെറ കൃതികൾ കാലഘട്ടത്തിൻെറ മുദ്രകളായി മാറിയിരിക്കുന്നു.

ഇൻഡ്യയെ കണ്ടെത്താൻ, ഇൻഡ്യയിലെ സൗന്ദര്യം നിറഞ്ഞുനില്ക്കുന്ന ഗ്രാമങ്ങൾ സന്ദർശിക്കണമെന്നു പറഞ്ഞ പേർബക്കു് ഇൻഡ്യയുടെ ഉററ മിത്രമായിരുന്നു. നമ്മുടെ കാലഘട്ടത്തിൻെറ സ്പന്ദനങ്ങളുൾക്കൊണ്ട പേർബക്ക് 'നല്ല ഭൂമി'യുടെ അമ്മയായി അനശ്വരത നേടി.

വി.

പവർമാൾട്ട്



പ്രകൃത്യാ അഥവാ രോഗകാരണങ്ങളാൽ മെലിഞ്ഞും വിളറ്റും, കവിളും കണ്ണുകളും കുഴിഞ്ഞും ഏറ്റും തോലുരായി കാണപ്പെടുന്ന വക്ഷക്കാണ്കിലുള്ളവരുടെ ശരീരത്തിനു വളർച്ചയും ആരോഗ്യവും പുഷ്ടിയും ദേഹകാന്തിയും ഉണ്ടാക്കിപ്പോരുന്നു് മദൻമിത്രയുടെ "പവർ മാൾട്ട്" ഭാരതമൊട്ടുക്കും വമ്പിച്ച തോതിൽ വിതരണം ചെയ്തുപ്പെടുവരുന്നു. കഠിനാദ്ധ്വാനം, യുവത്വത്തിന്റെ വിക്രിയകൾ, തന്നിമിത്തം സംഭവിക്കുന്ന ശക്തിക്കുറവു്, ക്ഷീണക്കുറവു്, ശോഷിച്ചു്, അകാലവാർദ്ധക്യം, ഉന്മാദ്ധ്യം എന്നിവകളുമാറി ശരീരംഗുണിയും, ആരോഗ്യവും "പവർ മാൾട്ട്" പ്രദാനംചെയ്യുന്നു.

"മേലുന്ന രോഗങ്ങൾ" തളർച്ച, വിളർച്ച, വിശപ്പില്ലായ്മ, മേലസ്വസ്ഥം, ക്ഷയ, നെഞ്ചെരിച്ചിൽ, എന്നു നല്ല ഭക്ഷണം കഴിച്ചാലും മെലിഞ്ഞു വിളർക്കുക, നിസ്സാരജോലി ചെയ്താൽപോലും ക്ഷീണിക്കുക, കിതപ്പു്, വയററിൽവേദന്, ബലഹീനം, ഗ്യാസ്ട്രബിൾ, അജീർണ്ണം, കാസശ്വാസം, ശരീരത്തിൽ അണിങ്ങായി വേദന്, അർശ്ശ്, ഉറക്കമില്ലായ്മ, കഫക്കെട്ടിന്റെ ഉപദ്രവം, തുടി, ഇടി, വിട്ടു ഇവകളാൽ സങ്കടപ്പെടുന്ന ഭേദപ്പാടുകൾ, ക്ഷയ, ഗ്രാസംഗുട്ടൻ, രക്തക്കുറവുള്ളവർ, വാതുവിക്കാരുടെ ഉലോയവകളെ "പവർമാൾട്ട്" മാറുന്നു.

"ഔഷധ നിർമ്മാണം" രോഗങ്ങളെ കളയുവാനും, തടയുവാനും കഴിവുള്ള 60-ളും ആയുർവ്വേദമൂലികളും, ആരോഗ്യത്തെ സംരക്ഷിക്കുവാനും വിണ്ടെടുപ്പാനും കഴിവുള്ള ബ്രാഹ്മി, ഹിസ്സാ, കസ്തൂരി, കുങ്കുമം, സാലാമിസ്രി, അശ്വഗന്ധം, ദശമൂലം, ഒക്കരധ്വജം, പുഷ്കരമൂലം ഉത്തമമായ ഭേഷജങ്ങളെ ചേർത്തു് ശാസ്ത്രീയരീതിയിൽ തയാർ ചെയ്തുപ്പെടുന്ന പവർമാൾട്ട് പോഷകാംശങ്ങളുടെയ്തു സസ്യപദാർത്ഥങ്ങളും, പഴവർഗ്ഗങ്ങളും ചേർത്തുണ്ടാക്കുന്നതുകൊണ്ടു് പവർമാൾട്ട് കഴിക്കുവാൻ വളരെ രുചികരവും, ഔഷധപ്രയോജനമുള്ളതുമാണു്. യാതൊരു പഥ്യവുമില്ല. 450 ഗ്രാം 40 നേരത്തെക്കുള്ള പവർമാൾട്ട് വില 10 രൂ. വി. പി. പി. ചെലവു് പുറമേ.

തപാലുമുഖേന വി. പി. പി. ആവശ്യക്കാർക്കു്

ദി മദൻമിത്ര ഔഷധാലയ (Regd)

മാതൃഭൂമി ബിൽഡിംഗ് പോസ്റ്റ്ബോക്സ് 44. പാലക്കാട് (കേരള)

THE MADANMITHRA AUSHADHALAYA. P. B. No. 44. PALGHAT (KERALA)

എന്ന വിലാസമെഴുതിയാണു എഴുതേണ്ടതു്.

നേരിട്ടു വാങ്ങുവാൻ:

Ernakulam എറണാകുളം	M/s. Mambilly Dispensary Broadway (Telephone: 404)
Trichur തൃശ്ശൂർ	M/s. V. J. Paul and Company Chemists. Swarajround. (Phone 131)
Kottayam കോട്ടയം	M/s. K. K. Kuruvila & Sons. Dispensing Chemists
Quilon കൊല്ലം	M/s. Western Medical stores Musaliyar Building, Chinnakada (Ph 3633)
Calicut കോഴിക്കോട്	M/s. Kuttan Bros. Chemists 10/19 Huzur Road (Phone. 3604)
Cannanore കണ്ണൂർ	M/s Sarada Pharmacy Swamy Madom Road (Phone. 714)
Tellicherry തലശ്ശേരി	M/s. Oriental Pharmacy Near Bus Stand, O. V. Road.
Trivandrum-1 തിരുവനന്തപുരം	M/s. The Medical Supplies. Statue Road (Phone. 3789)
Alleppey ആലപ്പുഴ	M/s. Geetha Medicals Mullakal. (Phone 2157)
Palghat പാലക്കാട്	Sri. K. H Parasuram (Phone. 144) Chemists Sultanpet.

രാജേട്ടൻ പോക്കററിൽനിന്നു് ഒരു കടലാസ്സെടുത്തു നീട്ടി. ഞാനതു വാങ്ങി നിവർത്തുനോക്കി. ബില്ലുകൾ. മെസ്സിംഗർ, ജനക്സ് ക്ളബ്ബിന്റെ—തുക കൂട്ടിനോക്കി നാനൂറുറുപ്പികയോളം: ഇതിനാണോ ഈ ഇടിമുഴക്കം? ഓ, മൈ ഗുഡ്നസ്സ്!

'ഇതു ബില്ലുകളല്ലേ? ഇതിനാണോ എന്നെ ഉച്ചത്തിൽ വിളിച്ചതു്?'

രാജേട്ടൻ എന്റെ നേരെ തുറിച്ചു നോക്കി. എന്റെ കൂസലില്ലായ്മ രോഷത്തെ ഇരട്ടിപ്പിച്ചിരിക്കണം.

'നിനക്കിതു നിസ്സാരമാണല്ലേ. പറയ്. ഇതിൽ എന്റെ പങ്കു് എത്ര ഉറുപ്പിക ഉണ്ടെന്നറിയാമോ?

ഞാൻ ചിരിച്ചു വാനിററിബാഗ് ചുഴററിക്കൊണ്ടു് ഉത്തരം പറഞ്ഞു:

'എനിക്കെങ്ങിനെ അറിയാം രാജേട്ടൻ?'

രാജേട്ടൻ എന്റെ നേരെ രൂക്ഷമായി നോക്കി. എന്നോടു തർക്കുത്തരം പറയാൻ മാത്രം നീ മുതിർന്നോയെന്ന മട്ടിൽ. ഞാൻ വളംകൊടുത്തപ്പോൾ നീ എന്നെക്കാളുയരത്തിൽ വളരാൻ തുടങ്ങിയോ?

'എന്നാൽ എനിക്കറിയാം. ഞാൻ ചിലവാക്കിയതിന്റെ മൂന്നിരട്ടി നീ ചിലവാക്കിയിരിക്കുന്നു.'

'കാണും—' ഞാൻ അലക്ഷ്യമായി പറഞ്ഞു:

'കാണുമെന്നോ?' രാജേട്ടന്റെ സ്വരമുയർന്നു.

'എന്തിനാ രാജേട്ടൻ വൃഥാവിൽ കുരച്ചു ചാടുന്നതു്?'

'ഞാൻ കുരച്ചുതുടങ്ങിയല്ലേ? അല്ല, നീ എന്നുമുതൽക്കാണു മദ്യപിക്കാനും തുടങ്ങിയതു്?'

ഞാൻ വിദ്വേഷമോ വെറുപ്പോ കലർന്ന ഭാവത്തിൽ ചിരിച്ചുകൊണ്ടു പറഞ്ഞു:

'രാജേട്ടൻ എന്നെ മദ്യപിക്കാൻ നിർബന്ധിച്ചതുമുതൽ. പറയൂ, എന്നെ നിർബന്ധിച്ചില്ലേ? എന്താണു നിശബ്ദനായി നിൽക്കുന്നതു്? അതെല്ലാം മറന്നോ? എന്നാലെനിക്കു തോന്നുന്നതു്. അല്ലെങ്കിൽ ഈ ചോദ്യം ചോദിക്കുകയില്ലായിരുന്നു.'

നിശ്ശബ്ദത. മുഖത്തു പരാജയത്തിന്റെ രേഖകൾ.

'ഒരൊററ പാർട്ടിയ്ക്കു നീ എഴുപത്തിയഞ്ചുറുപ്പിക പൊടിച്ചിരിക്കുന്നു.' സംസാരിക്കാൻ വീണ്ടും പഴുതു കണ്ടുപിടിച്ചു.

'പാർട്ടി ഇങ്ങോട്ടു തരുമ്പോൾ അങ്ങോട്ടും മടക്കിക്കൊടുക്കണ്ടേ. ഒടുവിൽ ഞാൻ സൊസൈററിലേഡിയല്ലേ?'

നിശ്ശബ്ദത.

'നീ ബ്രിജ് കളിച്ചുതുടങ്ങി. സിഗററ്റ്—'

'ഏല്ലാം കാണും. ബ്രിജ് കളിച്ചു ഞാൻ മുപ്പതുറുപ്പിക ചിമുവിനു കൊടുക്കാനുണ്ടായിരുന്നു. അല്ലെങ്കിലും വീഴാതെ ഏതെങ്കിലും കുട്ടികൾ നിൽക്കാൻ പഠിച്ചിട്ടുണ്ടോ? നടക്കാൻ പഠിച്ചിട്ടുണ്ടോ?'

നിശ്ശബ്ദത. മൌനം കുററസമ്മതമോ? അല്ലാതെ—

എന്റെ മനസ്സിൽ ക്രൂരമായ ഒരാനന്ദം.

മറുപടിയില്ലായല്ലേ? എങ്ങിനെ മറുപടിയുണ്ടാകും.

ഏകലവ്യൻ

ശാലീനയായൊരു പെൺകിടാവിനെ നിങ്ങൾ കഴുത്തറുത്തു കൊന്നു. അവൾ നിങ്ങളുടെ കാൽക്കൽ വീണു. കാൽക്കൽ കെട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞില്ലേ, കെഞ്ചിയില്ലേ? അപ്പോൾ, അപ്പോൾ—നിങ്ങൾ അവളെ തൊഴിച്ചു.

'നിന്റെ ആദർശങ്ങൾ. കുഴിച്ചുമൂടൂ നിന്റെ ആദർശങ്ങൾ നിന്റെ വീട്ടിൽ. നീ എന്റെ ഭാര്യയാണു്. ഇവിടെ എന്റെ ആദർശങ്ങൾ.'

അതെ, നിങ്ങളുടെ ആദർശങ്ങൾക്കനുസരിച്ചു ജീവിക്കുമ്പോൾ ചോദ്യങ്ങളൊ?

ഇന്നു ഞാൻ വെറും മാലയാണു്. കല്ലുമാലയോ, പളുങ്കുമാലയോ, സ്വർണ്ണമാലയോ, വൈരമാലയോ? ഒന്നെനിക്കറിയാം. ഇന്നു ഞാൻ ഒരു സൊസൈററിലേഡിയാണു്. ഏതൊരു ഗേദറിങ്ങിലും എന്റെ ചുററും ചെറുപ്പക്കാർ കൂടുന്നു. അവരുടെ മനസ്സുകളിൽ എന്റെ പേർ ഹൃദിസ്ഥം. ഒരു 'സ്മാൾ' ഡ്രിംക്സിനു ക്ഷണിക്കാൻ ചെറുപ്പക്കാർ പരസ്പരം മൽസരിക്കുന്നു.

രാജേട്ടൻ നിഃശബ്ദത ഭഞ്ജിച്ചുകൊണ്ടു പിറുപിറുത്തു.

'ഇങ്ങിനെയായാൽ ഞാൻ 'ബാങ്കുടെ പ്ട്' ആകാൻ അധികകാലം വേണ്ടി വരില്ല.'

റോഡിൽ ചിമുവിന്റെ കാറിന്റെ ഹോറൺ.

'ഒക്കെ രാജേട്ടൻ. ഞാൻ പോകുന്നു. ടൈ...ബ...'

ഡ്രൈഡിങ്ങു് ക്ളബ്ബിൽ നിരനിരയായി കുതിരകൾ നില്ക്കുന്നു. കുട്ടത്തിൽ പോണികളും.

ഞങ്ങൾ കാറിൽ വന്നിറങ്ങി.

ഗുപ്ത ജോക്കിവേഷത്തിൽ ഹാജരുണ്ടായിരുന്നു.

'ഗുഡ് ഈവനിംഗ് ലേഡീസു്.'

ചിമുവും ഞാനും സൺഗ്ളാസ്സെടുത്തു. പുഞ്ചിരിതൂകി.

എന്റെ മനസ്സു് എന്തൊ അസ്വസ്ഥമായിരുന്നു. ഞാൻ രാജേട്ടനോടു പറഞ്ഞതു് തെല്ലു് കടന്നുപോയൊ? പറയരുതാഞ്ഞതായിരുന്നൊ ഞാൻ പറഞ്ഞതു്? ആണെങ്കിൽ ഞാനെന്താണു് അധികപ്പററായി പറഞ്ഞതു്? പറഞ്ഞതു് പരമാർത്ഥമല്ലെ? എന്നെ ഈ നിലയിലാക്കിയതിന്റെ പൂർണ്ണ ഉത്തരവാദിത്വം രാജേട്ടന്റെയല്ലെ? ഞാനീ ജീവിതത്തിൽനിന്നു് ഒളിച്ചോടാൻ ശ്രമിച്ചതായിരുന്നു. പക്ഷെ മീഷണിപ്പെടുത്തി എന്നെ കീഴടക്കി. ഒടുവിൽ, ഒടുവിൽ എന്താണു് സംഭവിച്ചതു്? ഞാൻ ഞാനല്ലാതെയായി; ഞാൻ മറ്റൊരു ഞാനായി.

ചിമുവും ഗുപ്തയും മററും കുതിരപ്പുറത്തു കയറിക്കഴിഞ്ഞിരുന്നു.

'ഹീ മാല. എന്താണു്. ആലോചിച്ചുകൊണ്ടു് നില്ക്കുന്നതു്. കമോൺ, ഗോ ഹററിയപ്പു്!'

ഞാൻ അവരുടെ നേരെ കൈയുയർത്തി എന്റെ 'ലക്ഷ്മി'യുടെ അടുത്തേക്കുചെന്നു.

റൈഡിങ്ങു് കഴിഞ്ഞു ചെല്ലുമ്പോൾ രാജേട്ടനുണ്ടായിരുന്നില്ല.

'സാബെവിടെപ്പോയി കമ്ലാ?'

'സാബു് മെസ്സിലേയ്ക്കു് പോയിരിയ്ക്കുന്നു.'

ഞാൻ ക്ഷണത്തിൽ ഒരു ഷവർ നടത്തി വസ്ത്രം മാററി. ലുങ്കിയും കോളറില്ലാത്ത ജുബ്ബായും.

'മേംസാബു് എങ്ങോട്ടാണു് പോകുന്നതു്?'

'ഞാൻ സിററിയിലേക്കു പോകുകയാണു കമ്ലാ. സാബു് വന്നാൽ പറഞ്ഞേയ്ക്കൂ.'

കമ്ലാ എന്റെ നേരെനോക്കി; അർത്ഥവത്തായിട്ടുതന്നെ. അവരുടെ നോട്ടത്തിന്റെഅർത്ഥം അറിഞ്ഞുകൊണ്ടു് അറിയാത്തവളെപ്പോലെ നടിച്ചുകൊണ്ടു് ചോദിച്ചു.

'ങ് ഉം, എന്തൊ?'

'സാബിനു് ഫോൺചെയ്യുന്നില്ലെ മേം?'

ഒരുനിമിഷംനേരം ഞാൻ ആലോചിച്ചുനിന്നുകൊണ്ടു നിസ്സാരമട്ടിൽ പറഞ്ഞു:

'വേണ്ട. കമ്ലാ പറഞ്ഞാൽമതി. ശരി. ഒരുകാര്യം. ഞാനിന്നു് ഡിന്നർ പുറമെയാണു കഴിക്കുന്നതു്.

സാബിനു് അത്താഴം വിളമ്പിക്കൊടുത്തൊളൂ.'

'ശരിമേം'

കമ്ലാ പോയപ്പോൾ ഞാൻ ഫോണിന്റെ നേരെനോക്കി. കറുത്തസാധനം എന്റെ നേരെ തുറിച്ചുനോക്കുകയാണൊ? എന്നെ മീഷണിപ്പെടുത്തുന്നമട്ടിൽ. അല്ല, ഞാൻ രാജേട്ടനെ അറിയിക്കണം. അസ്ത്രം ലക്ഷ്യത്തിൽ കൊള്ളണം. ഉന്നം പിഴച്ചാൽ അർത്ഥമില്ല.

ഞാൻ ഫോണെടുത്തു് മെസ്സിലേയ്ക്കു് വിളിച്ചു.

നിമിഷത്തിനകം രാജേട്ടന്റെ സ്വരം എന്റെ കാതിൽവന്നലച്ചു. അവ്യക്തമായ സംസാരം. നല്ലപോലെ കുടിച്ചിട്ടുണ്ടെന്നു് തോന്നുന്നു. കുടി

ക്കുന്നതു് എന്നോട് പകവീട്ടാനായിരിക്കും. എനിക്കെന്തു്?

'ഞാൻ സിററിയിലേയ്ക്കു പോകുകയാണു്' രാജേട്ടൻ '

'സിററിയിലേയ്ക്കോ? എന്തിനു്?'

'ഷോവിനു്'

'ആരുടെകൂടെ?'

'ഗുപ്തയുടെ കൂടെ.'

തെല്ലുനേരത്തേക്കു മറുപടിയില്ല. ഞാൻ ഉള്ളാലെ ചിരിച്ചു. അസ്ത്രം കുറിക്കു് കൊണ്ടിരിയ്ക്കുന്നു. രക്തമൊഴുകുന്നുണ്ടാകും. വേദനകൊണ്ടു് പിടയുന്നുണ്ടാകും. പിടയട്ടെ, നല്ലപോലെ പിടയട്ടെ.

എന്തെങ്കിലും പറയുമെന്നു് പ്രതീക്ഷിച്ചു് ഞാൻ നിന്നു. ഒടുവിൽ അപ്പുറത്തുനിന്നു് ഫോൺ ക്രാഡലിൽ വെയ്ക്കുന്ന ശബ്ദംകേട്ടു.

★

ഞങ്ങളുടെ വിവാഹം കഴിഞ്ഞു് ആദ്യമായി ഞങ്ങൾ ഇന്നലെ രാത്രിയിൽ രണ്ടു മുറികളിലായി കിടന്നുറങ്ങിയിരിക്കുന്നു. എന്നെസംബന്ധിച്ചേടത്തോളം ഇതൊരു പുതുമയല്ല. ഒരു മുറിയിൽ ഒരു കിടക്കയിൽ തൊട്ടടുത്തു കിടന്നിരുന്നപ്പോഴും അങ്ങനെത്തന്നിലുള്ള അകൽച്ച അളവററതായിരുന്നു.

ഇന്നലെരാത്രി ഞാൻ വരുമ്പോൾ രണ്ടുമണി കഴിഞ്ഞിരുന്നു. റോഡിൽവെച്ചു് ഗുപ്ത എന്റെ കവിളിൽ പതുക്കെ ഉമ്മവെച്ചിട്ടു് നിശാമംഗളം പറഞ്ഞുപിരിഞ്ഞു. സിനിമ കഴിഞ്ഞു മടങ്ങുമ്പോൾ എന്ന ഹോട്ടൽ 'അശോക'യിലേയ്ക്കു് ക്ഷണിച്ചു. വിരുമാലാവാർലിങ്ങു്, ഈ രാത്രിയുടെ അവസാനയാമങ്ങൾ നമുക്കൊന്നിച്ചു് ഇവിടെ ചിലവഴിക്കാം. ഞാൻ ആ ക്ഷണം പാടെ നിരസിച്ചു. അയാളുടെ ഇംഗിതം എനിക്കറിയാം മനസ്സും. പക്ഷേ, എന്റെ മനസ്സാരറിഞ്ഞു! അതുപോകട്ടെ.

ചെന്നുകയറുമ്പോൾ ഇറക്കവസ്ത്രം ധരിച്ച രാജേട്ടൻ സന്ദർശകമുറിയിൽ, ഒരു സോഫായിൽ ചാരിക്കിടന്നു പുസ്തകം വായിക്കുകയായിരുന്നു. വായിക്കുകയാണെന്നു് ഭാവിയ്ക്കുന്നതാകാം. ഞാൻ രാത്രിയിൽ എത്രമണിയ്ക്കാണു് മടങ്ങിവരുന്നതെന്നു് പരിശോധിയ്ക്കാൻ ഉറക്കമിളച്ചിരിക്കുകയാണു്. എന്റെ കാൽപെരുമാററം കേട്ടപ്പോൾ തലയുയർത്തി നോക്കി. സെക്കണ്ടുകളോളം ഞങ്ങൾ പരസ്പരം നോക്കിനിന്നു.

നിശബ്ദത. വാചാലമായ നിശബ്ദത.

രാജേട്ടൻ മുഖംതാഴ്ത്തി വായന തുടർന്നു. ഞാൻ എന്റെ മുറിയിലേക്കു പോയി. ഞാൻ നടക്കുകയായിരുന്നോ, ഒഴുകുകയായിരുന്നോ, എനിക്കറിഞ്ഞുകൂട.

ഞാൻ വസ്ത്രം മാറി കട്ടിലിൽ കിടന്നു.

ആരുമാരും ഒന്നും ശബ്ദിച്ചില്ല. നന്നായി. വല്ലതും പറഞ്ഞിരുന്നെങ്കിൽ ഞാനും വല്ലതും പറഞ്ഞുപോയേനെ. നിശബ്ദതയെ രാത്രി ഭരിക്കുന്നു. മനുഷ്യനെന്തിനു് രാത്രിയുടെ അധികാരത്തിൽ കൈയിടണം!

ഞാൻ ഉറങ്ങാതെ ഏറെനേരം കിടന്നു. തൊട്ടു, അങ്ങേമുറിയുടെ വാതിൽ തുറന്നടയ്ക്കുന്ന ശബ്ദം. ഗ്ലാസ്സുകൾ നിലത്തുവീണു പൊട്ടിക്കരയുന്ന ശബ്ദം. എന്നാട്ടു് പകരം വീട്ടുന്നു. വീട്ടട്ടെ. എനിക്കെന്തു്! വൈരാഗ്യം. പക്ഷേ, ഈ വൈരാഗ്യം ആരു സൃഷ്ടിച്ചു? ഈ വീടവു്ആരു സൃഷ്ടിച്ചു? എന്റെ ജീവിതത്തിന്റെ ഗതിയെ ആരാണു് മാററിയതു്? ഉത്തരമുണ്ടാകില്ല.

അങ്ങിനെ അകൽച്ച പൂർത്തിയായി. ആത്മാവിന്റെയും ശരീരത്തിന്റെയും. പൂർത്തിയാകട്ടെ.

പുലർച്ചയുടെ പിറവിയിൽ ഞാൻ ഞെട്ടിയുണർന്നു.

മത്തു ബാധിച്ച മസ്തിഷ്ക്കം പൊരിയുന്ന മനസ്സു്. ഞാനേതോ ആഴിയുടെ അടിത്തട്ടിലേയ്ക്കു് താഴ്ന്നുകൊണ്ടിരിക്കുന്നു. ഭൂമിയുടെ ഗർഭപാത്രത്തിലെ കൂരിരുട്ടിൽ പ്രകാശത്തിന്റെ നേരിയ ബിന്ദുക്കൾക്കായി ഞാൻ ദാഹിയ്ക്കുന്നു. മടങ്ങി മടങ്ങി; ചുരുൾ ചുരുളുകളായി ചീറി ആർത്തലച്ചു വരുന്ന തിരമാലകൾ എന്റെ ചുററും തലയിട്ടടിച്ചു് മടങ്ങിപ്പോകുന്നു.

ഇന്നലെവരെ എന്റെ യാത്ര കരയുടെ അരികിലൂടെ ആയിരുന്നു. ഇന്നെന്റെ തോണി പുറംകടലിലെത്തിക്കഴിഞ്ഞിരിക്കുന്നു. ഇവിടെ കൂററൻ തിരകളില്ല. പുറംകടൽ ശാന്തം. സാഗരനീലിമ എത്ര മനോഹരം...! കടൽപരപ്പു് എത്രനിശ്ചലം!! ശാന്തമാണോ? ഈ ശാന്തത കൊടുങ്കാററിന്റെ മുന്നോടി മാത്രം. അടിയൊഴുക്കുകളും ചുഴികളും നിറഞ്ഞ സമുദ്രത്തിന്റെ ഗർഭപാത്രത്തിൽ അപകടങ്ങളുടെ ഭ്രൂണങ്ങൾ എപ്പോൾ അലസുമെന്നാർക്കറിയാം! ഈ ശാന്തമായ കടൽപ്പരപ്പിന്റെ അടിത്തട്ടിലുള്ള അഗ്നിപർവ്വതങ്ങൾ എപ്പോൾ പൊട്ടിത്തെറിക്കുമെന്നാർക്കറിയാം...'

എനിക്കു് ഈ കൊടുങ്കാററിനെ ഭയമില്ല. അഗ്നിപർവ്വതങ്ങളെ ഭയമില്ല. അടിയൊഴുക്കുകളെയും ചുഴികളെയും ഭയമില്ല. എന്നെ വെട്ടിവിഴുങ്ങാൻ വാപിളന്നുനിൽക്കുന്ന കൂററൻ മൽസ്യങ്ങളെയും ഭയമില്ല. ഇതെന്റെ സാഹസികയാത്രയാണു്. എന്റെ മാത്രം. ഈ ജീവിതസാഗരത്തിൽ ഒരു കരകാണുമെന്നു് എനിക്കാശയില്ല. അല്ലെങ്കിൽ ഇതിനൊരു കരയുണ്ടെന്നു ഞാൻ ഒട്ടും വിശ്വസിക്കുന്നുമില്ല.

ഒരുകാലത്തു ജീവിതത്തെ ഞാൻ വളരെയേറെ താലോലിച്ചിരുന്നു. എത്ര യെത്ര മനോഹരമായ സങ്കൽപ്പങ്ങൾ, എത്രയെത്ര സുന്ദരസ്വപ്നങ്ങൾ, എത്രയെത്ര മുഗ്ദ്ധസങ്കൽപ്പങ്ങൾ ഇന്നോ; ഇന്നു കിനാവുകൾ പൊലിഞ്ഞുപോയി. സങ്കൽപ്പങ്ങൾ വാടിപ്പോയി. സ്വപ്നങ്ങൾ തകർന്നുപോയി. ഏതോ അശ്രദ്ധനായൊരു തോട്ടക്കാരൻ ഒരു വസന്തം മുഴുവൻ പൂത്തുലഞ്ഞുനിന്നിരുന്ന ഒരു പൂവാടിയുടെ സ്വർഗ്ഗീയമനോഹാരിത മനഃപൂർവ്വമായി നശിപ്പിച്ചുകളഞ്ഞിരിക്കുന്നു. സ്വർഗ്ഗംപോലും ആ തോട്ടക്കാരനു മാപ്പുകൊടുക്കില്ല.

രാഘവേട്ടൻ! എവിടെയാണാവോ ഇന്നു്! ഇന്നു നാടായിട്ടുള്ള ബന്ധങ്ങൾ വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. ഏതാനും വരികളിൽ ബന്ധങ്ങൾ ഒതുങ്ങിക്കഴിയുന്നു.

എന്തെങ്കിലായാലും രാഘവേട്ടനു ഞാനൊരു കത്തെഴുതിയില്ല. എന്റെ തെററു്. നീതീകരിക്കാൻവയ്യാത്ത തെററു്. താങ്കൾക്കു സുഖമാണെന്നു ഞാൻ കരുതുന്നു. വിവാഹിതനായി, മക്കളും ഭാര്യയുമായി ആമോദമോടെ വാഴുകയാണെന്നു ഞാൻ വിശ്വസിക്കട്ടെ രാഘവേട്ടാ. താങ്കളെക്കുറിച്ചോർക്കുമ്പോൾ ഇതാ എന്റെ കണ്ണുകൾ ഈറനാകുന്നു. അന്നെനിക്കു താങ്കൾ മാത്രമുണ്ടായിരുന്നു. തലമുത്തവരുടെ നേരെ നോക്കി ഉച്ചൈസ്തരം വിളിച്ചു പറയാൻ—ഞാനന്നു് എട്ടുംപൊട്ടും തിരിയാത്ത ഒരു പെൺകിടാവു്. ഒരു പുരുഷൻ മുഖത്തേയ്ക്കു തുറിച്ചു നോക്കിയാൽ നടുങ്ങുന്ന ഭീരു. സ്നേഹിതകൾ ഒന്നുറക്കെ കളിയാക്കിയാൽ പൊട്ടിക്കരയുന്ന ദുർബല. അന്നു ഞാൻ സർവ്വ ഇരുമ്പുചങ്ങലകളേയും പൊട്ടിച്ചെറിഞ്ഞു രാഘവേട്ടന്റെ കരംഗ്രഹിച്ചു് ഇറങ്ങിത്തിരിച്ചിരുന്നുവെങ്കിൽ! എങ്കിൽ ഇന്നു ഞാൻ നല്ലൊരു വീട്ടമ്മയായി ഏതോ ഒരു കുഗ്രാമത്തിൽ സസുഖം നാളുകൾ നീക്കിയേനെ. പക്ഷേ, എനിക്കായി ഒരു കുരിശു വിധി പണിതുവെച്ചിരിക്കുന്നു. ഞങ്ങളുടെ മദർസുപ്പീരിയർ പറയാറുള്ളതുപോലെ, ദുഃഖത്തിന്റെ ഗാഗുൽത്താമലമുകളിൽ മനുഷ്യപുത്രനിന്നു. കുരിശു ചുമന്നുകൊണ്ടിരിക്കുന്നു ജീസസു് ക്രൈസ്ററിന്റെ മുഖം ഒരിക്കലും പുഞ്ചിരിതൂകി ആരും കണ്ടിട്ടില്ല. സദാ വിഷാദാകുലമായ മുഖം. ഞാനും പുഞ്ചിരിക്കാൻ മറന്നു തുടങ്ങി. ഈ കുരിശു് എനിക്കുള്ളതാകുന്നു ഞാൻ ചുമന്നേ തീരൂ. രാഘവേട്ടാ, ഏകയായി കണ്ണുനീർ വാർത്തുകൊണ്ടു്, ഏറിയ കഷ്ടപ്പാടുകളും മനോദുഃഖങ്ങളും സഹിച്ചുകൊണ്ടു് ഞാനെന്റെ ജീവിതയാത്ര തുടരട്ടെ. ഇന്നു ഞാനെന്തിനു താങ്കളെ ഓർത്തു? എന്തവകാശമുണ്ടു്. ഞാൻ താങ്കളുടെ ജീവിതത്തിലെ ഉദിച്ചുസ്തമിച്ച

മധുഗീത

അംബു

അധികാരത്തിൻ മടി
ചുടുവോർ, മുഖംമൂടി-
യഴിത്തു പുറമേയും ന-
ഗ്നകേചം ധരിയ്ക്കുവോർ,
തല്ലിനു നിന്നു മത്തൻ
ബാധുന്ന ചാലിപ്പവർ,
കല്ലിനു കരളുനേ-
ക്കാനും മൂല്യം കൊടുപ്പവർ,
മർത്ത്യരെ മരക്കുരി-
ശേററി വഞ്ചനയുടെ
മസ്തകപ്പുറത്തേറി
വിലസും കാപാലികർ,
കയ്യിട്ടു വാരിത്തിന്നു
ശീലിച്ചു പിന്നെ പ്ര-
മെയ്യിൽ ഞാൻ സുഖശയ്യ-
വിരിക്കും വമ്പന്മാർ,
ഉദ്ധരിക്കുന്നു ഗീത!
ഇന്ദ്രിയാതിതദ്ധ്യാന-
സിദ്ധിതൻ പ്രചാരക-
വേഷമിട്ടണയുന്നു!

അതുകണ്ടമലേ നീ-
യഴലാതൽപ്പം പേ ലു-
മതി ധീരമാമെന്റെ
ദോർബ്ബലം കണ്ടാലും നീ!
മരണക്കുറിയാർ-
ക്കെഴുതാൻ നേരം വൈകി,
മധു പാത്രങ്ങൾ വേഗം
നിറയ്ക്കും വീണ്ടും വീണ്ടും?
എതിർക്കാ, നെതിർക്കട-
രാട്ടവാ, നടനടേ-
യെതിരില്ലാത്തോരായി-
ത്തീരുവാൻ മോഹിക്കുന്ന
മർത്ത്യരെരാത്ത്യർത്തുന്നു
ഭദ്രമെൻ സൂക്തം പ്രിയ-
ദർശനേ, കേട്ടായോ നീ:-
'ജീവിതമൊന്നേ സത്യം!

ചന്ദ്രിക. പൊലിഞ്ഞുപോയ നക്ഷത്രം. ഞെട്ടറുവീണ പൂ. നാം തമ്മിലുള്ള കരാറുകൾ എന്ന കാലഹരണപ്പെട്ടിരിക്കുന്നു.

രാഘവേട്ടൻ, ഇന്നു ഞാൻ വളരെ ചീത്തയാണു്. ഞാൻ കണക്കററു കുടിക്കുന്നു. ഞാൻ അന്യന്റെ കരവലയത്തിൽ മദിച്ചുകൂടാതെ പററിച്ചേർന്നുകൊടുക്കുന്നു. ഞാൻ പല പുരുഷന്മാരോടൊപ്പം നൃത്തം ചെയ്യുന്നു. അവരെന്നെ ആശ്ലേഷം ചെയ്യുന്നു. ഉമ്മവെയ്ക്കുന്നു. നോക്കൂ, എന്റെ ചുണ്ടുകൾ [illegible] തിരിക്കുന്നു. സിഗററുകൾ [illegible] ട്ടാണു്. താങ്കൾക്കു് അ[illegible] തോന്നുന്നുവോ? വിശ്വസിക്കുന്നില്ലെ? മാട്രപ്രാവിനെപ്പോലെ [illegible] കുകയായ എന്റെ മാലതി എങ്ങനെ [illegible] സമ്പന്നയാവിന്റെ ഭീകരരൂപം പുണ്ടുകയാണു താങ്കൾ അത്ഭുതപ്പെടുകയാണോ രാഘവേട്ടാ?

എല്ലാം എന്റെ ഭർത്താവുകാരണം. ഭർത്താവിന്റെ ഇഷ്ടാനിഷ്ടങ്ങളെ നോക്കി ജീവിക്കേണ്ടവളാണല്ലൊ ഭാര്യ. എന്റെ ഭർത്താവു് ആയിരം ഉറുപ്പിക ശമ്പളം വാങ്ങുന്ന ഓഫീസർ. അദ്ദേഹത്തിന്റെ ഇഷ്ടം സ്വന്തം സഹധർമ്മിണി കുടിക്കാനാണു്, നൃത്തമാടാനാണു്, അന്യനുമായി കൊഞ്ചിക്കുഴയാനാണു്. സെക്സ് ഇവിടെ വിലകുറഞ്ഞ സാധനമാണു രാഘവേട്ടാ.

ഞാനിന്നൊരു സൊസൈററിലേഡി. ഒരു സോഷ്യൽ ഗേദറിങ്ങിൽ എന്റെ ചുററും രണ്ടും നാലും ആണുങ്ങൾ കൂടുന്നു.

അതാ സ്കൂട്ടറിന്റെ ശബ്ദം. എന്റെ ഭർത്താവു് ഓഫീസിലേയ്ക്കു പോകുന്നു. ഞാൻ വെറുക്കുന്ന മനുഷ്യൻ. എന്നെ വെറുക്കുന്ന മനുഷ്യൻ

ആറു്

പകരാം വീണ്ടും വീണ്ടും
നമുക്കീ വെളിച്ചത്തിൽ-
പതയും മധു! സിരാ-
കൂടമൊന്നുലയട്ടെ!
ഇവിടെത്തളംകെട്ടി-
നിന്നതാമിരുളിന്റെ
കറകൊണ്ടല്ലോ നമു-
ക്കിന്ദ്രിയമാറും തീർന്നു!
ഞെട്ടുകാലിതൻ വല-
ക്കെട്ടുകളല്ലീ ഭൂത-
ശീഷ്ടവാസനകൾ, കൺ-
മൂടുമീ തിമിരങ്ങൾ?
ചുണ്ടുകൾ നാവും നീട്ടി-
യിരിക്കും മനസ്സിന്റെ
പൂമുഖത്തിലെ ശ്ലഥ-
കക്ഷത്തളങ്ങളിൽ കാലം
കാൽതട്ടിവീഴുന്നേരം
ചതിക്കാൻ ജരയുടെ
ചാലുകൾ വീഴും ജീർണ്ണ-
മുഖങ്ങളില്ലേ നമ്മിൽ?

നീലമ്പേത്രർ

ഉൺമയെ ബലാൽസംഗം
ചെയ്യുവാനുള്ളിൽ ജ്വലി-
ച്ചുന്മത്തമാകാറില്ലേ
ഭാവന ശിരസ്സുകൾ?
ഒക്കെയും മെഴുകുപോ-
ലുരുകി പ്രതിക്കട്ടി-
യുഷ്ണ തീവ്രതയാർന്നു
നുരയും ലഹരിയിൽ!
ഒരു ചെമ്പനീർമല-
രിതളായ് വിരിയട്ടെ
നരജീവിതോന്മേഷ-
മോഹബദ്ധമാം മനം!
നിറയ്ക്കാം പാത്രം നമു-
ക്കമലേ! യുഗഗാനം
ദ്രുത താളത്തിൽ കേട്ടോ:-
'ജീവിതമൊന്നേ സത്യം!'

(തുടരും.

—.—

ഞാൻ വെറുക്കുന്നു, കഠിനമായി വെറുക്കുന്നു.

ഞാൻ പതുക്കെ എഴുന്നേററു. ഒരു സിഗററു കത്തിച്ചു. മാർക്കൊപോളൊ. ലളിതാജിയുടെ ബ്രാണ്ടു്. ഗുപ്ത തന്നതാണു്. പാവം, ലളിതാജി. ഗുപ്ത അവരെ തഴഞ്ഞിരിക്കുന്നു. ഞാൻ ഗുപ്തയുടെ പുതിയ മേച്ചിൽപുറം. കിഴവി എത്രയോ മൃഗങ്ങൾ മേഞ്ഞുനടന്ന പഴയ മേച്ചിൽപുറവും.

ഞാനെന്റെ ഭർത്താവിന്റെ കിടപ്പുമുറി തുറന്നുനോക്കി. അലമാരകൾ നിറഞ്ഞുകിടക്കുന്നു. ഒരു ബോട്ടിൽ ഒഴിഞ്ഞുകിടക്കുന്നു. മേശപ്പുറത്തു പാതിയായ മറെറാരു കുപ്പി. നിലത്തു പൊട്ടിച്ചിതറിയ ഗ്ളാസ്സുകളുടെ കഷണങ്ങൾ. തറ നിറയെ സിഗററിൻ കുററികൾ. പ്രതിഭാരത്തിന്റെ, വൈരാഗ്യത്തിന്റെ തകർന്ന അവശിഷ്ടങ്ങൾ.

പിറകിൽ കാലൊച്ച.

ട്രേയിൽ ചായയുമായി നിൽക്കുന്ന കമ്ലാ.

'മേംസാബു് ചായ.'

'അവിടെ വെച്ചേയ്ക്കു്.'

കമ്ലാ മേശപ്പുറത്തു ട്രേ വെച്ചു.

'മേംസാബു്.'

'എന്താ?'

'ഇങ്ങിനെ നിങ്ങൾ രണ്ടുപേരും എത്രകാലം കഴിയും?'

ഞാൻ ചിരിച്ചു.

'കമ്ലാ! വഞ്ചിയുടെ മീതെ തീ രയടിച്ചാൽ വഞ്ചി മുങ്ങും. അത്രതന്നെ.'

കമ്ലാ തെല്ലുനേരം എന്റെ മുഖത്തു നോക്കിനിന്നു് മുറിവിട്ടു പുറത്തു പോയി.

—.—

പതിമൂന്ന്

നയീദില്ലി

ഇന്നു മറ്റൊരു വിജയദശമി. ആവണംകോട്ടു സരസ്വതീക്ഷേത്രത്തിൽ ആവേശത്തോടെ തൊഴുവാൻ പോയിരുന്ന ആ നവരാത്രികാലവും ബാല്യവും എത്ര ദൂരെയായിപ്പോയിരിക്കുന്നു! എന്റെ കുടുംബഭാഗ്യദീപത്തിലെ അഞ്ചു് ആനന്ദനാളങ്ങളായ ദൗഹിത്രിമാരും പൗത്രിമാരും സമീപത്തുണ്ടായിരുന്നെങ്കിൽ, എന്റെ മങ്ങിത്തുടങ്ങിയ കണ്ണുകൾക്കു കൂടുതൽ വെളിച്ചം കിട്ടിയേനെ. അവർ വിദ്യാരംഭപരിപാടി മുമ്പത്തെപോലെ ആചരിച്ചിരിക്കും. മുത്തച്ഛനാണു്, ഞങ്ങളെ എഴുത്തിനു വച്ചതെന്നു നന്ദിനിയും നിർമ്മിയും ബച്ചുവും ഹേമയും ചിച്ചുവും സ്നേഹാഭിമാനങ്ങളോടെ ഓർത്തിരിക്കും.

അവരെല്ലാവരും ക്ളാസ്സുകളിൽ ശോഭിക്കുന്നു. നന്ദിനിക്കു ഗ്രൂപ്പുഗാനത്തിനു്; നിർമ്മിക്കു റെസിറ്റേഷനു്, എലക്യൂഷനു്, ഡാൻസിനു്; സമ്മാനം കിട്ടിയിരിക്കുന്നു. ഇന്നലെയാണു കത്തു വന്നതു്. ഇന്നലെ ഞാനെഴുത്തുകിട്ടി ഹേമയ്ക്കും ചിച്ചുവിനും ഫസ്റ്റ്റാങ്കുണ്ടെന്നു്. ഭദ്ര (ബച്ചു) ആണു്, എല്ലാവരിലും മിടുക്കത്തി, ബുദ്ധിമതി. ഞാൻ അഭിമാനിക്കുന്നു. ആ കുരുന്നുജീവിതങ്ങളെപ്പററി, ആശീർവദിക്കുന്നു. ഈ വിജയദശമിദിവസത്തിലും. അവരെ, 'വിദ്യാദേവത അനുഗ്രഹിക്കട്ടെ. വിദ്യാഭ്യാസത്തിനു മുത്തച്ഛനു നേരിട്ട വിഷമതകൾ അവർക്കു വരാതിരിക്കട്ടെ.' വിജ്ഞാനവും കർമ്മനൈപുണ്യവും സൽസ്വഭാവവും ആത്മവിശ്വാസവുമുള്ള ഒരു പുതിയ തലമുറയാണു്, നമ്മുടെ നാടിനു വേണ്ടതു്.

നാൽപ്പത്തഞ്ചു സംവൽസരം ഓററക്കുതിക്കു പുറകോട്ടു്. വിദ്വൽപരീക്ഷ കഴിഞ്ഞു്, അനധ്യായകാലമല്ലേ, ഞാൻ വീട്ടിലെത്തി. അമ്മയുടെ സ്നേഹത്തിന്റെ കുളിരിലണയുമ്പോൾ. വെയിലത്തു വലഞ്ഞ പഥികനു തഴച്ച അരയാലിന്റെ തണലിൽ ചെല്ലുമ്പോഴത്തെ അനുഭവമാണു് എനിക്കു്. പിടികയിൽ കടം തീർത്തു. അമ്മയുടെ മനസ്സിനു് ആ ഭാരം തീർന്നു. ഏതു നരകത്തിൽ കഴിഞ്ഞുകൂടുമ്പോഴും ആ നല്ല നാട്ടുമ്പുറം എന്റെ ഉള്ളിലുണ്ടു്. എന്റെ ആത്മാവു് അങ്ങോട്ടു ചിറകുവിടർത്താറുണ്ടു്. 'വ മല'യിൽ.

ഓമ്മയുടെ ഓളങ്ങളിൽ

ജി.

'മേൽമുത്തിൻകണമായ
മുത്തു ചിതറി
കണ്ണിനൊരാനന്ദമാം
ശ്യാമപ്പുൽത്തറ, പച്ചനെല്ലു നടനം
ചെയ്യുന്ന പാടങ്ങളും
ഗ്രാമത്തിൻ പൊതുവമ്പലം പലതരം
ലീലയ്ക്കു കൂട്ടായിരു-
ന്നോമൽത്തോപ്പുകൾ,—രണ്ടു
കുട്ടികൾ നട-
ക്കെ, ല്ലാം സ്മരിക്കുന്നു ഞാൻ'

എന്നു് ആഹ്ളാദത്തോടെ പരിചയപ്പെടുത്തി മിട്ടുള്ളതു ഞാൻ പിറന്ന പ്രദേശത്തെത്തന്നെ ഉള്ളിൽ കണ്ടുകൊണ്ടാണു്. ഏതാണു് ഒരു കുട്ടി എന്നു് ഇപ്പോളെല്ലാപേർക്കുമറിയാം. മറേറ കുട്ടി ആരാണെന്നു് അന്വേഷിക്കേണ്ട ഞാനും മറന്നിരിക്കയാണു്.

അമ്പലത്തിന്റെ കിഴക്കേഗോപുരമാളിക എപ്പോഴും വിവിക്തമായിരിക്കും. ശാന്തി കൂടുകൂട്ടിയിരിക്കും, എപ്പോഴുമവിടെ. ഞാൻ ആ സൈരമായ അന്തരീക്ഷത്തിലിരുന്നാണു്, പുസ്തകങ്ങളുമായി സംസാരിക്കാറു്; സ്വപ്നങ്ങൾക്കു ചിറകു കൊടുക്കാറു്. പത്തുനൂറു വരെ കീഴക്കോട്ടു നീങ്ങിനിരിക്കുന്ന ആ പച്ചക്കുളിരരയാൽ, അതിലേ വരുന്ന ഇളങ്കാററിനെ പുളകത്തോടെ പുൽകും; തടഞ്ഞുവയ്ക്കും; അർത്ഥമില്ലാതെ സ്നേഹം കൊണ്ടു കലമ്പും കാററു കുതറിക്കുതിച്ചു പേരുമ്പോൾ. വൈദ്യുതപകയ്ക്കെന്നും ആ ശ്രമഹരത്തിനില്ല. ഉന്മേഷജനകതയില്ല; സജീവസൗഭാഗ്യ

മില്ല. 'പ്രണയമണെനിക്കാവഴിക്കെഴും തണൽമരത്തിനോടെന്റെ കൂട്ടരേ!', എന്നു പല ദേശകങ്ങൾ ഹൃദയേ ഞാൻ പിഞ്ചു മുഖങ്ങളോടു കൊഞ്ചുമ്പോൾ, ആ അരയാലിനറിയാം ഈ പ്രസ്താവം തന്നെപ്പററിയാണെന്നു്. നാലുപാടും തുടിയിച്ചുട്ടും ശീലിക്കുന്ന പച്ചനെൽപ്പാടങ്ങളുടെ ലയസുഭഗമായ ചലനം. അതിപ്പം അകലെ ഇങ്ങിരുന്നുമ്പോൾ, അതിനു പച്ചയലുക്കുകൾ വെയിലേററു വെട്ടിത്തിളങ്ങുമാറു് മരതകക്കുട നിവർത്തുന്ന മറെറാരു കുററൻ അരയാലു്; രജതരേഖപോലെ തോന്നുന്ന തോടു്. അങ്ങു് അകലെ മലയാററൂർക്കുന്നിൻ മുകളിൽ പല ചരിത്രസ്മരണകളും പറയാനുള്ള കുരിശുമുത്തപ്പന്റെ പള്ളിയുടെ സാത്വികശുഭ്രത കലർന്ന മുകപ്പു്. ഒരിക്കൽ, 1946-ൽ ആണെന്നു തോന്നുന്നു, 'കവിതിലക'സ്ഥാനലബ്ധിയിൽ എന്നെ അനുമോദിക്കാൻ നാട്ടുകാർ യോഗം കൂടിയപ്പോൾ അതിൽ സ്നേഹപൂർവം പങ്കെടുത്ത കുററിപ്പുഴ ആ ഗോപുരത്തിങ്കൽനിന്നു നാലുപാടും നോക്കിയിട്ടു പറഞ്ഞു: 'ഈ ഗ്രാമത്തിന്റെ ഹൃദയസൗന്ദര്യമാണു്, ജി-യെ കവിയാക്കിയതു്.'

* * * *

സാഹിത്യകൗതുകം മൂന്നാം ഭാഗത്തിൽ പ്രേമജീവിതങ്ങളായ, വാത്സല്യവാസിതങ്ങളായ, ഭക്തിഭാവിതങ്ങളായ അനേകം ഗീതികളും ഖണ്ഡകൃതികളും ഉണ്ടു്; കൂടുവിട്ടു കൂടുമാറുന്ന മനസ്സിന്റെ ആലാപങ്ങളും. രാഷ്ട്രീയ കവിതകൾ ഇല്ലെന്നു തന്നെ പറയാം. ഒന്നാം ഭാഗത്തിൽ നിന്നുവന്ന ഗണ്യമായ, ഈ അന്തരത്തിനു് രാഷ്ട്രാന്തരീക്ഷത്തിലെ മാറ്റചലനവും എന്റെ ഭാവനയുടെ സ്വച്ഛന്ദവിഹാരലീലുപതയും ആയിരിക്കാം കാരണം. 'അരുണോദയ'ത്തിനു് അയയ്ക്കാൻ ഞാൻ ഒരു ഗീതി നെയ്യുകയാണു്, ആശയം കൊണ്ടു്. (ഖദർ ധരിച്ചുപോന്നെങ്കിലും, പഞ്ഞി കൊണ്ടു നൂൽനൂററിരുന്നില്ല.)

'അരുണോദയം' രാഷ്ട്രീയനവോത്ഥാനപ്രാരംഭത്തെ നിരൂപിക്കുന്ന ഒരു പ്രതീകമായി, പെട്ടെന്നു്. ഉണരേണ്ട സമയമായി ഇനി; പക്ഷേ, ഉണരുന്നില്ല. കർമ്മനിഷ്ഠം നിശ്ചലമാണു്:

'ഭൂരാമരുണോദയം വന്നുദിച്ചായ്:
ക്ഷുദ്രനിദ്ര വെടിഞ്ഞു
ണർന്നാവുന്നാം!'

എന്ന പല്ലവി കഴിഞ്ഞു. ആ നവോത്ഥാനം വേണം പടിഞ്ഞാറേക്കടലിൽ കൂടി കടന്നുവന്നു പൗരസ്ത്യനിരസ്സാരപ്രകാശം മാത്ര വൈദേശി

കാണ്ഡകാരത്തെ തുടച്ചുനീക്കാൻ; ആ അരുണോദയംവേണം മാരതാന്തരിക്ഷത്തെ ക്ഷുദ്രഖണ്ഡങ്ങളാക്കി, പാരതന്ത്ര്യത്തിൽ പുഞ്ചിരികൊണ്ടിരിക്കുന്ന നാട്ടുരാജാക്കന്മാർ അസ്തമിക്കാൻ; ആ സ്വാതന്ത്ര്യോദയത്തിലേ, കുരിരുളിൽ മരണത്തേ മുളുന്ന കൂമവർഗം നിഃശബ്ദമാകൂ. ഇങ്ങനെ പ്രതീകഭാഷയിൽ ഒരു രാഷ്ട്രഗീതിയുടെ കല്പന വളർന്നുകൊണ്ടിരിക്കെ, പെട്ടെന്നു് എന്റെ സമാധി ഭഗ്നമായി. തുറയിൽ കുളിക്കഴിഞ്ഞു് ഒരു തിരണ്ടുകല്യാണപ്പാർട്ടിയുടെ 'വാക്കില' കാറിൽ പറന്നുവരുന്നു. എന്തിനാണിങ്ങനെ 'വയസ്സറിയിക്കുന്ന' സന്ദർഭം കോലാഹലമുഖരമാക്കുന്നതു്? 'ആദ്യേവഃ കുസുമപ്രസൂതി സമയേ യസ്യാ ഭവത്യുത്സവഃ' എന്ന ശകുന്തളാഭാവന ഇവിടെ ഓർക്കായ്കയില്ല. അതു വനലതകളോടുപോലുമുള്ള സഹോദരീവാത്സല്യം സ്ഫുരിപ്പിക്കാൻ മാത്രമാണു്. സാമുദായികമായ ഇന്നത്തെ ആ ആചാരം നിരർത്ഥകമാണു്, നിന്ദനീയമല്ലെങ്കിൽത്തന്നെ. ഞാൻ അങ്ങോട്ടുനോക്കി. 'വാക്കില'യും ആളുകളും അടുത്തടുത്തു വരികയാണു്, ഗോപുരം വളഞ്ഞു പോവാൻ. കവിത മുഴുവനാക്കാൻ കഴിഞ്ഞില്ല. അന്നു്. ചില ആളുകളും വന്നുകേറി, ഗോപുരമാളികയിൽ, അടുത്തദിവസം കവിതപൂരിപ്പിച്ചു:

'ന്യൂനമാത്മചൈതന്യം
ചേർന്നെന്റെ
ഭൂതധാത്രിയുണർന്നതായ്
കാണ്മുഞ്ഞാൻ.'

എന്നു് ആവേഗത്തോടെ. ഈ ഗീതി ഉത്തമമായ 'ലിറിക്കി'നു നിദർശനമായിട്ടു് അക്കാലത്തു നിരുപകഭേദസരിയായ 'കേസരി' എ. ബാലകൃഷ്ണപ്പിള്ള 'രൂപഞ്ജരി'യിൽ ഉദ്ധരിച്ചിട്ടുണ്ടു്. ചില വരികളിലെ ഭാഷയ്ക്കു കുറെക്കൂടി സാരള്യം വേണമെന്നു് ഇപ്പോൾ എനിക്കുതോന്നുന്നു. 'അരുണോദയം' 'നവോത്ഥാനം' എന്ന ആശയത്തിന്റെ ഭാഷയും പ്രകൃതിയിലെ ഒരു പ്രതിഭാസവുമായി മന്നിച്ചുപോകേണ്ടിവന്നപ്പോൾ സംഭവിച്ചതാവാം ഈ കുറവു്.

* * * *

'പ്രേമത്തിന്റെ കോമളാംഗങ്ങളിൽ ഓരോന്നിനേയുംസവിലാസം ചുംബിച്ചുപോരുന്ന മനസ്വിനി,' എന്നു കൗതുകം മൂന്നാംഭാഗത്തിലെ എന്റെ കവിതയെ മഹാകവി വള്ളത്തോൾ ശ്ളാഘിച്ചിട്ടുണ്ടു്. ഈ പ്രേമം കേവലശൃംഗാരമല്ല. 'രതി'യുടെ നാനാമണ്ഡലങ്ങളിലുള്ള നാനാഭാവങ്ങളാണു്. പ്രകൃതിപ്രേമം, മനുഷ്യപ്രേമം, ദൈവപ്രേമം. ഇങ്ങനെ പല രൂപങ്ങളെ അതവലംബിക്കുന്നു. സംസ്കൃതാലങ്കാരികന്മാർ 'രതി'ക്കു്, അതിന്റെ പരിപുഷ്ടഭാവമായ 'ശൃംഗാര'ത്തിനു് 'രസസാർവഭൗമത്വം' കൊടുത്തിട്ടുള്ളതു വെറുതെയല്ല. ജീവിതത്തെ സുന്ദരവും വികസ്വരവും പ്രത്യുൽപാദനോന്മുഖവുമാക്കി തലമുറകളിലൂടെ പ്രകൃതിഹിതത്തെ അഭംഗമായി പുരോഗമിപ്പിക്കുന്നു, പുതുക്കിക്കൊണ്ടിരിക്കുന്നു, 'രതി.' അതു രണ്ടാത്മാക്കൾക്കു 'വിശിഷ്ടാദ്വൈത'ഭാവമുളവാക്കി ഐക്യവും നൽകുന്നു. സ്ത്രീപുരുഷന്മാരുടെ ജീവിതം പരസ്പരപൂരകവും അന്യോന്യാശ്രയത്താൽ ബന്ധം അശിഥിലവുമാക്കുന്നു, ആ വാസന. വർഗ്ഗപ്രത്യുൽപാദനപ്രേരണയ്ക്കും ആരോഗ്യധ്വംസകമല്ലാത്ത ഭൗതികാനന്ദത്തിനും വേണ്ടതിൽ വളരെയധികമുണ്ടു്, ആ അനുഗ്രഹം മനുഷ്യരിൽ. അതു ദുർവ്യയം ചെയ്താൽ പ്രകൃതിയോടു നിന്ദിക്കേടാവും; പ്രകൃതിയുടെ പ്രതികാരത്തിനു മിക്കപ്പോഴും ഹേതുവുമാകും. കുടുംബജീവിതാരോഗ്യത്തിനു്, സമുദായത്തിന്റെ സ്വൈരവും ശാന്തവും ധർമ്മോന്മുഖവുമായ ഗതിക്കു വിഘ്നമാവും. അങ്ങനെയായാൽ രതിയെ സർഗാത്മകശക്തിയാക്കി പരിവർത്തിപ്പിക്കണം. സൗന്ദര്യം, സത്യം, ധർമ്മം മുതലായ ആത്മീയതലങ്ങളിലേയ്ക്കു് നിർമ്മാണഗവേഷണപോഷണ ലക്ഷ്യങ്ങളോടെ അധികമായ രതിയെ ഉത്തേജിപ്പിച്ചുണർത്തണം. ഈ 'സബ്ളിമേഷൻ' 'ഉദാത്തീകരണം' 'രതി'ക്കു പ്രാഭവവും ആത്മീയസർഗാത്മകമൂല്യവും പ്രദാനം ചെയ്യും. കലയും തത്ത്വാന്വേഷണവും സന്മാർഗബോധവും പരിപുഷ്ടമാകാനുപകരിക്കുന്നതു്. ജന്തുസാധാരണമായ ലൈംഗികജീവിതത്തിൽ ആ വാസന ധൂർത്തടിക്കാൻ പാടില്ല. ആശാൻ പ്രേമത്തെപ്പററി പറഞ്ഞുവെച്ചിട്ടുണ്ടു്; ഷെല്ലിയും കീററ്സും പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ടു്; ഇനി ആരും പറയേണ്ട എന്ന ശാസനം ലംഘിച്ചുപോവുകയാണു്. പൊറുക്കട്ടെ. എല്ലാ കവികൾക്കും ജീവിതമാണു പ്രചോദകം, ജീവിതപ്രകാശനമാണു്, ലക്ഷ്യം. അതുകൊണ്ടു പ്രേമകാമാദികളോടുള്ള സമീപനത്തിൽ ചില വിശ്വാസങ്ങളും ആദർശങ്ങളും ഉണ്ടാവും,

ഒരു വണ്ടു് അനേകം പൂക്കളുടെ മധു ആസ്വദിക്കുന്നു. ഒരു പൂവു് അനേകം വണ്ടുകളുടെ ചുംബനപ്രഹർഷം അനുഭവിക്കുന്നു. ഇതു പ്രകൃതിയുടെ സ്വഭാവമാണെന്നും സാന്മാർഗികമോ അസാന്മാർഗികമോ ആയി അതിലൊന്നുമില്ലെന്നും ഒരു വാദഗതിയുണ്ടു്. ചില കവികൾ അതൊരു 'ഫിലാസഫി'യായി അംഗീകരിച്ചിട്ടുതന്നെയുണ്ടു്. പക്ഷേ, കുടുംബജീവിതവും അന്യോന്യാശ്രയവും സ്നേഹവിശ്വാസവും സാമുദായിക ജീവിതം വികസിച്ചിട്ടുള്ള മനുഷ്യരുടെകാര്യമാണു്. അതിന്റെ ഫലമായി ക്രമത്തിൽ പരിണമിച്ചു രൂപംകൊണ്ടതാണു്, അനുഭവത്താൽ രൂപം നേടിക്കൊണ്ടിരിക്കുന്നതാണു്, ദാമ്പത്യത്തെ സുന്ദരവും സ്ഥിരവും ആകർഷകവും സ്വതന്ത്രവും സഫലവുമാക്കിക്കൊണ്ടുപോരുന്ന പ്രേരകനിയമം. പ്രകൃതിയെ അതിശയിക്കുന്നതുകൊണ്ടാണു്, പ്രേമം സുന്ദരവും, ദാമ്പത്യം കലയും, ആയിത്തീരുന്നതു്. ഈ അഭിപ്രായം പഴകിയാലും പഴകുകയില്ല. എന്റെ ജീവിതത്തിൽ പ്രേമസൗരഭം ഉണരാൻ തുടങ്ങി; പക്ഷേ, എന്റെ ഹൃദയം അഭിമാനത്തിന്റെ, ലജ്ജാലുതയുടെ, ധാർമ്മികനിയന്ത്രണ

(ശേഷം 44-ൽ)

എന്റെ ആദ്യത്തെ കഥ

അകലെ ചക്രവാളത്തിൽ സന്ധ്യയുടെ ചുകപ്പു്. കടലിന്റെ പേടിപ്പെടുത്തുന്ന ഇരമ്പം. കാററുകൊള്ളാൻവന്നവരുടെ കോലാഹലം. ചുററും, ഇരുണ്ട ദുഃഖംപോലെ നനവാർന്ന മണൽ. അതിലൊരു ബിന്ദുവായി, അവളും.

കരയിലേക്കു് അടിച്ചുകൊണ്ടിരുന്ന ശക്തിയായ കാററിൽ മുടിച്ചുരുളുകൾ ഒതുക്കിവെക്കുവാൻ പാടുപെട്ടു. കുറച്ചുദൂരേ, ഇന്നലെ പരിചയപ്പെട്ട മനുഷ്യനുമായി വർത്തമാനത്തിൽ ലയിച്ചിരിക്കയാണു് അയാൾ.

ഇവിടത്തെ ഓരോ മണൽത്തരിയും പരിചിതമാണു്.... രണ്ടുകൊല്ലം മു

മ്പത്തെ അതേ ആകാശം. അതേ കടൽ. അതേ ശബ്ദകോലാഹലങ്ങൾ. രണ്ടുകൊല്ലം ഒരു മററവും വരുത്തിയിട്ടില്ല. പക്ഷേ...താൻ മാത്രം എന്തുമാത്രം മാറിപ്പോയി?

രണ്ടുവർഷം!

രണ്ടു വർഷങ്ങളല്ലാ എത്രയോ യുഗങ്ങളാണെന്നു തോന്നിപ്പോകുന്നു. ഈ കാലയളവിൽ എന്തെല്ലാം സംഭവിച്ചു! എന്തെല്ലാം അനുഭവങ്ങൾ! എന്തൊക്കെ പരീക്ഷണങ്ങൾ!

വിസ്മൃതിയുടെ കയത്തിൽപ്പെട്ടു് അവൾ ഇരുന്നു...ശബ്ദങ്ങൾ മററൊരു ലോകത്തിൽനിന്നെന്നപോലെ വിദൂരത്തിലായി...

...വെക്കേഷനു്, ചേച്ചിയുടെ അടു

രാധാവാര്യർ

ക്കൽനിന്നും വീട്ടിലേക്കു പുറപ്പെട്ടതായിരുന്നു; ബസ്സ്സ്റ്റാൻറിലെത്തിയപ്പോൾ പ്രകാശ്, തന്നെ പ്രതീക്ഷിച്ചിട്ടെന്നപോലെ നിൽക്കുന്നുണ്ടായിരുന്നു തലേന്നു് കണ്ടു യാത്ര പറഞ്ഞപ്പോൾ യാത്രയയയ്ക്കാൻ വരുമെന്നൊന്നും പറഞ്ഞിരുന്നില്ല. തനിക്കു പോകാനുള്ള ബസ്സ് വന്നപ്പോൾ പറഞ്ഞു, അടുത്ത ബസ്സിൽ പോകാമെന്നു്. പിന്നെ സംഭവിച്ചതെല്ലാം ഒരു സ്വപ്നംപോലെ തോന്നുന്നു, പ്രകാശിൻെറ ആജ്ഞ, അപേക്ഷ നിരസിക്കുവാൻ കഴിഞ്ഞില്ല. ഒഴുക്കിൽ, ഒരു പുൽത്തുരുമ്പുപോലെ ഒഴുകുകയായിരുന്നു. ജീവിതത്തിൽനിന്നു് കട്ടെടുത്ത രണ്ടുദിവസം ചിലവിട്ടതു് ഇവിടെയാണു്...സ്വന്തമായിക്കിട്ടിയ നാൽപ്പതു മണിക്കൂറുകൾ! രണ്ടുപേരൊഴികെ ഇന്നുവരെ ആരും അറിഞ്ഞിട്ടില്ല. ആ സാഹസയാത്ര. അല്ലെങ്കിലും നാട്ടിലും വീട്ടിലും 'ഒതുക്കമുള്ള കുട്ടി' എന്ന പേർ നേടിയ വളെ ആർ അവിശ്വസിക്കാൻ?

തണുത്ത ഒരു കൈ ചുമലിൽ വന്നു വീണപ്പോൾ ഞെട്ടിപ്പോയി...

'പേടിച്ചുപോയോ?' ചിരി...

മിണ്ടിയില്ല.

'വരൂ. പോകാം...സന്ധ്യയായി... എഴുന്നേററു. സാരിയ്ലെല്ലാം മണൽത്തരികൾ. അരക്കെട്ടിൽ തണുത്ത പാമ്പിനെ ഓർമ്മിപ്പിക്കുന്ന അയാളുടെ കൈ. പൊടുന്നനെ അവൾക്കു കഠിനമായ അറപ്പും വെറുപ്പും തോന്നി. റേഡിയോഡയലുള്ള വാച്ചു കെട്ടിയ മറെറാരു കൈയുടെ ഓർമ്മ.

നടക്കുമ്പോൾ ചെരുപ്പു് മണലിൽ പൂഴ്ന്നുപോകുന്നു.

'എന്തു ഉപ്പൊന്നും മിണ്ടാത്തതു്?'

'എന്തു മിണ്ടാൻ...? —

മുസാവരിബംഗ്ളാവിൻെറ 14 നമ്പർ മുറി...

വിഭവസമൃദ്ധമായ അത്താഴം കഴിക്കുമ്പോഴും അവൾ മൂകയായിരുന്നു. എന്നാൽ അയാൾ പതിവിലധികം ഉല്ലാസവാനായിരുന്നു. ഊണുകഴിഞ്ഞു് സിഗററുവലിച്ചുകൊണ്ടു് അയാൾ മെത്തയിൽ മലർന്നുകിടന്നു. തൻെറ അടുത്ത വിദേശപര്യടനത്തെക്കുറിച്ചു്, അതുകൊണ്ടുണ്ടാകാനിടയുള്ള നേട്ടങ്ങളെക്കുറിച്ചു്, വാതോരാതെ സംസാരിച്ചു. അയാളുടെ വാചാലത മനസ്സിൽ ഭയം വളർത്തി. തൻെറ മനസ്സു് ഏററവും കലുഷിതമായ ഈ ദിവസം അയാളുടെ ആഗ്രഹങ്ങൾക്കു വഴങ്ങേണ്ടിവരുമോ? നിമിഷന്തോറും അവളിൽ അസ്വാസ്ഥതയും ഭയവും വർദ്ധിച്ചുവന്നു...

'ഉമയ്ക്കിന്നെന്തുപററി? സുഖമില്ലേ?'

അയാളുടെ കണ്ണുകളിൽ, വികാരഭരിതനാകുമ്പോൾ കാണാറുള്ള തിളക്കം.

'ഉമേ...'

ശ്വാസം മുട്ടിക്കുന്ന ബന്ധനവലയത്തിൽനിന്നും രക്ഷപ്രാപിക്കാനുള്ള വിഫലശ്രമങ്ങൾക്കിടയിൽ അവൾ പിറുപിറുത്തുകൊണ്ടിരുന്നു. 'എനിക്കു തീരെ സുഖമില്ല...എനിക്കു്...'

നിസ്സഹായബോധത്തോടെഓർത്തു. ഒരു നിമിഷംപോലും എന്തേതെന്നു പറയാനില്ലല്ലോ...ഓർമ്മകളെ താലോലിക്കാനുള്ള സ്വാതന്ത്ര്യംപോലും...

...അവൾക്കുറങ്ങാൻ കഴിഞ്ഞില്ല. സ്വപ്നങ്ങളുടെ ഈ പ്രേതഭൂമിയിലേക്കു് സുഖവാസത്തിനു വരാൻ അവൾക്കു തീരെ സമ്മതമുണ്ടായിരുന്നില്ല. ഒടുവിൽ അയാളുടെ ഇഷ്ടത്തിനു വഴങ്ങുകയാണുണ്ടായതു്. അല്ലെങ്കിൽ അവളുടെ അനിഷ്ടത്തിനു പുറകിലുള്ള കാരണം അയാൾക്കറിയില്ലല്ലോ.

എഴുന്നേററു്, ജാലകത്തിനരുകിൽ വന്നുനിന്നു. നിലാവുള്ള രാത്രി! കൂർക്കംവലിച്ചുറങ്ങുന്ന അയാളെ ഒരു നിമിഷം നോക്കിനിന്നു. അന്നു്, രാത്രി വളരെ വൈകുവോളം ഉറക്കമിളച്ചിരുന്നു. സംസാരിച്ചതു് അധികവും പ്രകാശായിരുന്നു. താൻ അയാൾ പറയുന്നതു കേട്ടിരിക്കയും. ഒരു ജീവിതകാലം മുഴുവനും, സബന്ധിക്കുന്ന കാര്യങ്ങൾ! 'എനിക്കതു് ഇഷ്ടമല്ല...നിനക്കൊ' ...ആദ്യത്തേതു് മകളായിരിക്കണമെന്നതു പ്രകാശിൻെറ ഒരു വലിയ ആഗ്രഹമായിരുന്നു. ഇഷ്ടപ്പെട്ട പേരുകൂടി പറഞ്ഞു 'അനിത.' താനൊന്നും മിണ്ടിയില്ല...ആ ഗഹിക്കുന്നപോലെ നടന്നില്ലെങ്കിൽ...പക്ഷേ, പ്രകാശിനു് ഒരു കൂസലും ഉണ്ടായിരുന്നില്ല. എപ്പോഴും പറയും 'ഇങ്ങനെ വേണ്ടാത്ത ഓരോ കാര്യങ്ങൾ വിചാരിച്ചു തലപുണ്ണാക്കും...'

അന്നു പേടിച്ചപോലെതന്നെ സംഭവിച്ചല്ലോ. അച്ഛൻെറ എതിർപ്പായിരുന്നു കൂടുതൽ. പ്രകാശ് എഴുതി 'ഉമ ഒരുതരത്തിലും പേടിക്കണ്ട. എൻെറകൂടെ വരൂ. ഞാൻ ഒരിക്കലും ഉപേക്ഷിക്കയില്ല...' പക്ഷേ, അമ്മയേയും, അച്ഛനേയും ചേട്ടന്മാരേയും എതിർക്കാനുള്ള ധൈര്യം ഉണ്ടായില്ല. കഷ്ടം! അന്നു്, അൽപം ധൈര്യം തൻേറടം കാണിച്ചിരുന്നെങ്കിൽ!

അതിനുശേഷം ഒരുതവണ കണ്ടു. വീട്ടിൽനിന്നും മടങ്ങുകയായിരുന്നു. കുറെ സമയം തുറിച്ചുനോക്കി. കുററപ്പെടുത്തുന്ന നോട്ടം! തല ഉയർത്തിയതേയില്ല...

അന്നു്, മററുള്ളവരെ കബളിപ്പിച്ചു് കൂടെ പോയതിൽ ഒരു കുററബോധവും തോന്നുന്നില്ല. കടുത്ത ആത്മനിന്ദ തോന്നുന്ന അവസരങ്ങളിൽ എടുത്തോമനിക്കാൻ എനിക്കു് ഈ നിമിഷങ്ങളല്ലെ ഉള്ളു...

വീണ്ടുമൊരിക്കൽ വരണമെന്നു് പ്ളാനിട്ടിരുന്നു ഇതാ വന്നിരിക്കുന്നു. പക്ഷേ, പ്രേമകഥയിലെ നായിക മാത്രം!

ദൈവമെ! പൊരുത്തപ്പെടാത്ത ഈ ജീവിതം ഇനി എത്രകാലം!

—0—

പതിനാറ് (തുടർച്ച)

ടൂഷനുപോയിവരുന്ന സമയം വർദ്ധിച്ചു. പക്ഷേ, ടൂഷൻസമയം കുറഞ്ഞു. സംഗീത-നൃത്തപാഠങ്ങൾ കഴിയുന്നത്ര വേഗം നിറുത്താനും ഗസ്റ്റഹൗസിലെ സംഭോഗപാഠങ്ങളുടെ കാലദൈർഘ്യം വർദ്ധിപ്പിക്കാനും പാർവ്വതി തിടുക്കംകൂട്ടി. പലപ്പോഴും അവൾ വളരെ വൈകി വീട്ടിൽ വന്നു. വന്നപ്പോൾ അവൾക്കു് യൂറോപ്പിൽനിന്നും ഇറക്കുമതിചെയ്യപ്പെട്ട, വിലപിടിച്ച സുഗന്ധദ്രവ്യങ്ങളുടെ ഗന്ധമുണ്ടായിരുന്നു. പുരുഷന്റെ ഗന്ധമുണ്ടായിരുന്നു. വിസ്കിയുടെ ഗന്ധമുണ്ടായിരുന്നു. അവളുടെ കൺമഷി കണ്ണുകൾക്കു ചുറ്റിലും കറുത്ത പാപംപോലെ പടർന്നു പിടിച്ചിരുന്നു. അവളുടെ മുടിക്കെട്ടു് അഴിഞ്ഞുലഞ്ഞതിനുശേഷം വലിച്ചുവാരിക്കെട്ടിയ മട്ടിലായിരുന്നു. അവളുടെ സാരി ഉടഞ്ഞുലഞ്ഞിരുന്നു. അവളുടെ ബ്ളൗസിൽ ചുളിവുകൾ വീണിരുന്നു, രോഗം അവളുടെ കണ്ണുകളെത്തെളർത്തിയിരുന്നു അവളുടെ മുഖത്തെ വിവശമാക്കിയിരുന്നു. വന്നപാടെ കുളിമുറിയിലേക്കു് അവൾ നടക്കവേ, ലക്ഷ്മിക്കുട്ടിച്ചേച്ചിയും സുഭദ്രച്ചേച്ചിയും അവളെ തുറിച്ചുനോക്കി. കുളിമുറിയിൽ അവൾക്കു് ചൂടുവെള്ളം തയ്യാറായിരുന്നു.

അവൾ കുളിമുറിയിൽ കയറി. സാരി അഴിച്ചു് ചെമ്പുപാത്രത്തിലെ വെള്ളത്തിൽ മുക്കിവച്ചു. ബ്ളൗസും ബ്രേസിയേഴ്സും അടിപ്പാവാടയും അഴിച്ചു് ചെമ്പുപാത്രത്തിലെ വെള്ളത്തിൽ മുക്കിവച്ചു. നഗ്നയായിനിന്നു് അവൾ മേലാകെ ചൂടുവെള്ളം കോരി ഒഴിച്ചു. മൈസൂർ ചന്ദനസോപ്പിട്ടു പതച്ചു. എത്രയൊക്കെ സോപ്പുപതച്ചിട്ടും എത്രയൊക്കെ തിരുമ്മിത്തേച്ചിട്ടും, എത്രയൊക്കെ ചൂടുവെള്ളം കോരിയൊഴിച്ചിട്ടും പുരുഷന്റെ ഗന്ധം തന്നെ വിട്ടുപോവുന്നില്ലെന്നു് അവൾ മനസ്സിലാക്കി. കുളികഴിഞ്ഞു് അവൾ തന്റെ മുറിയിൽ വന്നു് സാരി നേരെയുടുത്തു. കണ്ണെഴുതി. പൗഡറിട്ടു. ചേച്ചിമാരോടൊപ്പമിരുന്നു ഭക്ഷണം കഴിച്ചു. മടങ്ങി മുറിയിൽവന്നു്, അലമാരയിൽ കരുതിവെച്ചിരുന്ന വിസ്കിയോ ബ്രാണ്ടിയോ വെള്ളംചേർത്തു കുടിച്ചു. കുറേനേരം ലയിച്ചുകിടന്നു മദ്യം തനിക്കു് ഒരാവശ്യമായി തീർന്നിരിക്കുന്നുവെന്നു് അവൾ മനസ്സിലാക്കി. മദ്യം കഴിക്കാത്ത രാത്രികളിൽ ഒരുതരം അസ്വാസ്ഥ്യജനകമായ വിഹ്വലചിന്തകൾക്കു വിധേയയായി, മയക്കമിതയായി, ഉണങ്ങാൻ കഴിയാത്ത അവൾ കിടന്നുരുണ്ടുപുളഞ്ഞു.

ഒരിക്കൽ അവൾ അലമാരിയിൽനിന്നു് കുപ്പിയെടുത്തു് ഗ്ളാസ്സിലേക്കു

പകരവേ, സുഭദ്രച്ചേച്ചി കടന്നുവന്നു. ചേച്ചി തിരക്കി:

'എന്താ പാറുക്കുട്ടി, അത്?'

പാർവ്വതി ഒരുനിമിഷം ശങ്കിച്ചുനിന്നു. പുന്നിട്ടു് ഒന്നും മറച്ചുവയ്ക്കേണ്ട കാര്യമില്ലെന്നു തീരുമാനിച്ചു്, പറഞ്ഞു: 'ബ്രാണ്ടി.'

അമ്പരപ്പോടെ സുഭദ്ര തിരക്കി: 'ബ്രാണ്ടിയും വിസ്കിയും മദ്യമല്ലേ?'

'അതേ.'

'പാറുക്കുട്ടി മദ്യം കഴിക്കുമോ?'

സുഭദ്രച്ചേച്ചിയുടെ ശബ്ദത്തിൽ അത്ഭുതവും പരിഭ്രമവും ഉണ്ടായിരുന്നു.

'ഞാൻ കഴിക്കാറുണ്ടു്.' ഗ്ളാസ്സിലെടുത്ത ബ്രാണ്ടിയിലേക്കു വെള്ളം പകർന്നുകൊണ്ടു് പാറുക്കുട്ടി പറഞ്ഞു: 'ഇതു് നല്ലതാ ചേച്ചി. ദഹനത്തിനു നല്ലതാ. രക്തശുദ്ധിക്കു നല്ലതാ. ഉറക്കംവരാനും സഹായിക്കും.'

സുഭദ്രച്ചേച്ചി താൽപ്പര്യത്തോടെ കേട്ടിരുന്നു. അവർ ചോദിച്ചു: 'ഉറക്കത്തിനും നല്ലതാണോ?'

'അതു ചോദിച്ചപ്പോൾ സുഭദ്രച്ചേച്ചിയുടെ ഒരു പ്രത്യേകതരം തിളക്കം പാർവ്വതി കണ്ടെത്തി. ചേച്ചി ഉറക്കം വരാതെ രാത്രികൾ കഴിച്ചുകൂട്ടുന്നു, കൂടിക്കലർന്ന വികാരങ്ങളുടെ നിദ്രാവിഹീനമായ പത്മവ്യൂഹത്തിൽ, വിശ്രമമില്ലാതെ, ആശ്വാസംതേടി, പുറത്തേക്കുള്ള വഴിതേടി അലയുന്ന, തന്നെക്കാൾ കഷ്ടപ്പെടുന്ന ഒരു സ്ത്രീയാണെന്നു് അവൾക്കറിയാമായിരുന്നു. ആ സ്ത്രീയുടെ അസഹിഷ്ണുതയും ദാഹശമനവാഞ്ഛയും പാർവതി ശരിക്കും മനസ്സിലാക്കിയിരുന്നു. സുഭദ്രച്ചേച്ചിയുടെ വികാരങ്ങളുടെ പ്രതിഫലനം അവരുടെ മുഖത്തും ശബ്ദത്തിലും അവൾ കണ്ടു.

'നല്ലതാ ചേച്ചീ.' അവൾ പറഞ്ഞു 'രണ്ടൗൺസ് കഴിച്ചു. കിടന്നാൽ കിടക്കുന്നതറിയില്ല. ഉറങ്ങിക്കോളും.'

'ഉവ്വോ.' ചേച്ചിയുടെ സ്വരത്തിൽ പ്രകടമായ താൽപര്യം. ഉവ്വോ എന്ന ചോദ്യം വേണം എന്ന പ്രസ്താവനയ്ക്കോ എനിക്കുകൂടി തരൂ എന്ന അപേക്ഷയ്ക്കോ തുല്യമാണെന്നു പാർവ്വതിക്കു തോന്നി.

'ചേച്ചി അല്പം കഴിച്ചുനോക്കൂ.' അവൾ ഗ്ളാസ്സെടുത്തു നീട്ടി.

'ഇതു് അപകടമല്ലേ?' ചേച്ചി സംശയം പ്രകടിപ്പിച്ചു. ഈവർ വേണ്ടെന്നു പറഞ്ഞില്ല എന്നതു് പാർവ്വതി അത്ഭുതത്തോടെ ശ്രദ്ധിച്ചു.

'ഒരപകടവുമില്ല ചേച്ചീ.' അവൾ പറഞ്ഞു. കുടുതൽ കഴിച്ചാലേ അപകടമുള്ളൂ. അധികമായാൽ അമൃതും വിഷമല്ലേ? പിന്നെ ബ്രാണ്ടിടെ കാര്യം പറയാനുണ്ടോ?'

നോവൽ

'എന്നാലും... ...' ചേച്ചി സംശയത്തിൽ നിറുത്തി.

'നോക്കൂ ചേച്ചീ,' പാർവ്വതി വിശദീകരിക്കാൻ ശ്രമിച്ചു. ബ്രാണ്ടി ശരീരത്തിനു നല്ലതാ. പ്രത്യേകിച്ചു നമ്മളെപ്പോലുള്ളവർക്കു്. നമുക്കെന്തുണ്ടു ചേച്ചീ, ജീവിതത്തിൽ ഒരു സുഖം? അമ്മാവൻ പറയുന്ന പ്രസംഗവും കേട്ടു്, ആരൊക്കെയോ കഴിഞ്ഞകാലത്തനുഭവിച്ച സുഖങ്ങളുടെ ചരിത്രം നൊട്ടിനുണഞ്ഞു പട്ടിണി കിടക്കുന്നവരല്ലേ നമ്മൾ? ആ ഉറുമ്പിസില്ലായിരുന്നെങ്കിൽ ഇന്നത്തെപ്പോലെ നമുക്കു കഴിയാൻ പാറുമായിരുന്നോ?'

ചേച്ചിമാരിലാരെയും നിന്നപ്പോൾ പാർവ്വതി കൂട്ടിച്ചേർത്തു. 'ചേച്ചി എന്താ മിണ്ടാത്തതു്? പറയൂ ചേച്ചീ, ഞാൻ പറഞ്ഞതു ശരിയല്ലേ?'

'ശരിയാ പാറുക്കുട്ടീ.' ഒരു നെടുവീർപ്പോടെ സുഭദ്ര പറഞ്ഞു. 'നമുക്കു് ഈ പ്രതാപം പറഞ്ഞുകേൾക്കാനേ യോഗമുള്ളു. പട്ടിണിതന്നെ നമ്മുടെ തലേലെഴുത്തു്. കുട്ടിക്കടച്ചപോലുള്ള ഈ ജീവിതവും.' തെറ്റിട്ടു നിറുത്തിയിട്ടു്, അനുജത്തി മിണ്ടാതെ നിൽക്കവേ, ചേച്ചി തുടർന്നു: 'പെണ്ണുങ്ങടെ മനസ്സൊന്നും അമ്മാവനറിയുകൂടാ. പത്തും ഇരുപതും വയസ്സു കഴിഞ്ഞാൽ പെണ്ണുങ്ങടെ മനസ്സു് മാറുമെന്നു് മന്നും ആരും ആലോചിക്കുന്നില്ല. പ്രതാപം പറഞ്ഞിരിപ്പുതന്നെ.' ഒരു നെടുവീർപ്പോടെ ചേച്ചി കൂട്ടിച്ചേർത്തു. 'എന്നിട്ടോ, അങ്ങോട്ടു തിരിഞ്ഞാൽ കുററം. ഇങ്ങോട്ടു നോക്കിയാൽ കുററം. മനുഷ്യർക്കു ജീവിക്കണ്ട.'

അനിയന്ത്രിതമായി ഉയർന്നുവന്ന നെടുവീർപ്പുകൾ സുഭദ്രയുടെ വാക്കുകൾക്കു വിരാമമിട്ടു. അമർത്തപ്പെട്ട അഭിലാഷങ്ങളുടെ, പുഷ്പിക്കാത്ത ആഗ്രഹങ്ങളുടെ ചുടും വേദനയും മുഴുവൻ ചേച്ചിയുടെ നെടുവീർപ്പുകളിലും ശബ്ദത്തിലും നിറഞ്ഞുനി

ല്ക്കുന്നുവെന്നു് പാർവ്വതി അറിഞ്ഞു.

അവൾ പറഞ്ഞു: 'ചേച്ചി ഇതു കുടിക്കൂ.'

ഗ്ളാസ്സു് കയ്യിൽ വാങ്ങി, സുഭദ്ര പറഞ്ഞു: 'ഇതിനൊരു വല്ലാത്ത നാററം.'

'അതു മണപ്പിക്കാനല്ല, കുടിക്കാനാ.' പാർവ്വതി ചിരിച്ചുകൊണ്ടു പറഞ്ഞു. 'ഒരൊററ വലിക്കു കുടിച്ചുതീർത്തോരെ.'

അനിയത്തി പറഞ്ഞമാതിരി ചേച്ചി പെരുമാറി. ചേച്ചി കുടിച്ചുതീർന്ന ഉടനെ പാർവ്വതി ഗ്ളാസ്സു് വാങ്ങി. സുഭദ്ര അരുചി പ്രകടിപ്പിക്കുന്നതും വായ്പൊത്തിപ്പിടിക്കുന്നതും പാർവ്വതി കൗതുകത്തോടെ നോക്കിക്കണ്ടു.

'ഛർദ്ദിക്കാൻ വരുന്നു.' സുഭദ്ര പറഞ്ഞു.

'ചേച്ചിക്കു വെറുതേ തോന്നുന്നതാ.' അതു പറഞ്ഞിട്ടു് ഗ്ളാസ്സിലേക്കു കുറെ വെള്ളം പകർന്നു ചേച്ചിക്കു നീട്ടി, അവൾ കൂട്ടിച്ചേർത്തു: 'ഇതുകൂടി കുടിച്ചോളൂ. അപ്പൊ, ശരിയാവും.'

അനിയത്തി കൊടുത്ത വെള്ളം വാങ്ങിക്കുടിച്ചു്, ചേച്ചി കട്ടിലിന്മേൽ ചെന്നിരുന്നു. പാർവ്വതി ഗ്ളാസ്സിൽ ബ്രാണ്ടിയും വെള്ളവും പകർന്നു് കുടിച്ചു. കുപ്പി അലമാരയിൽ വച്ചു്, ഗ്ളാസ്സു് മേശപ്പുറത്തു വച്ചു്, അവളും ചേച്ചിയുടെ അടുത്തേക്കു ചെന്നു. ചേച്ചിയുടെ അടുത്തു് ഇരുന്നു.

നേരത്തെ, കുടിക്കുമുമ്പു്, വിട്ടുപോയിരുന്ന സംസാരശൃംഖലയുടെ പൊട്ടിപ്പോയ കണ്ണി കൂട്ടിക്കെട്ടാൻ ശ്രമിച്ചുകൊണ്ടു് സുഭദ്ര പറഞ്ഞു: 'കൊട്ടാരത്തിൽ ജനിച്ചുപോയതുകൊണ്ടു് ജീവിക്കണ്ടാന്നു വയ്ക്കാനൊക്കോ? എന്റെ പാറുക്കുട്ടീ, നേരു പറയാല്ലോ. നീയൊരു പെണ്ണാ. നീ നിക്കു മനസ്സിലാവും പെണ്ണുങ്ങടെ മനസ്സ്.'

പാർവ്വതിയുടെ മറുപടിക്കുദവണ്ടിയെന്നപോലെ സുഭദ്ര ഒന്നു നിറുത്തിയപ്പോൾ അനിയത്തി പറഞ്ഞു.

'ശരിയാ ചേച്ചീ. കൊട്ടാരത്തിൽ ജ

നീച്ചതുകൊണ്ടു് പ്രതാപം കേറംക്കാം. അല്ലാതെന്താ?'

'പ്രതാപം. മണ്ണാങ്കട്ടി.' സാധാരണയല്ലാത്ത ദേഷ്യത്തോടെ സുഭദ്ര പറഞ്ഞു. 'പ്രതാപംകൊണ്ടു വയറുനിറയുമല്ലോ. ഓരോന്നോർത്തോർത്തു നോക്കുമ്പോൾ ദേഷ്യമാ വരുന്നതു്. ചെ്ചപ്പൊ വെറുപ്പും

തനിക്കു് അജ്ഞാതമായ ഏതൊക്കെയോ ഗാർഹികരഹസ്യങ്ങളിലേക്കു സുഭദ്രച്ചേച്ചിയുടെ സംസാരം പരോക്ഷമായി വിരൽ ചൂണ്ടുന്നുവെന്നു് പാർവ്വതിക്കു തോന്നി. ബ്രാണ്ടിയുടെ ലഹരിയിൽ ചേച്ചി വെട്ടിത്തുറന്നു സംസാരിക്കുകയാണെന്നു് അവൾ മനസ്സിലാക്കി.

'ആരേടാ ചേച്ചി വെറുപ്പും ദേഷ്യവും?' അവൾ തിരക്കി.

'എല്ലാവരോടുംതന്നെ.' സുഭദ്ര വികാരാധീനയായി. 'ഇവിടെയുള്ള പ്രതാപക്കാരോടുതന്നെ. ഇവിടെ എല്ലാവരും മാനാഭിമാനക്കാരല്ലെ? മാനാഭിമാനമൊക്കെ പറച്ചലിലേ ഉള്ളു. കാര്യത്തോടടുക്കുമ്പഴെല്ലാം മറും.'

'ഉവ്വോ ചേച്ചീ?' ഏതോ പുതിയ അറിവിന്റെ ഗന്ധം പാർവ്വതി മണത്തു.

'സംശയമുണ്ടോ?' സുഭദ്ര പറഞ്ഞു. 'നമുക്കേയുള്ളു പാറുക്കുട്ടീ, ഈ മാനാഭിമാനപ്രശ്നം. നീ ഉറുമ്പിസിന്റെ വീട്ടിൽ പോയ കാര്യം പറഞ്ഞപ്പഴുമിതും പറഞ്ഞവരു നീ കൊണ്ടുവന്നതൊക്കെ കൈനീട്ടി വാങ്ങിയില്ലേ? കിള മാനൂർക്കാരുടെ എഴുത്തു വന്നപ്പഴത്തേതൊക്കെ നാടകമല്ലാരുന്നോ? സുഭദ്ര പൊട്ടിയാണെന്നാണെല്ലാരടേം വിചാരം. ഞാനത്ര പൊട്ടിയൊന്നുമല്ല?'

സുഭദ്ര നിറുത്തിയപ്പോൾ പാർവ്വതി ചോദിച്ചു: 'നാടകമോ? ചേച്ചി എന്തോന്നാ ഇപ്പറേണതു്?'

'ആങ്ങ്. നാടകംതന്നെ.' സുഭദ്ര പറഞ്ഞു. 'അല്ലേൽപിന്നെന്താ നാ അവരു പാറുക്കുട്ടിയെ വിളിച്ചു കാശുകാര്യം പറഞ്ഞതു്. കാശെവിടുന്നാ കിട്ടുന്നതെന്നവർക്കറിയാം. പാറുക്കുട്ടിക്കു ന്യായമായി കിട്ടേണ്ടതുകയും അവർക്കറിയാം. എന്നിട്ടു വീട്ടിലെ ആവശ്യങ്ങൾ മുഴുവൻ പാറുക്കുട്ടിയോടു പറഞ്ഞതിന്റെ അർത്ഥമെന്താ? പാറുക്കുട്ടി എങ്ങനെയും പൊയ്ക്കോട്ടെ, അവരുടെ കാര്യം നടക്കണം. ശരിയല്ലേ പാറുക്കുട്ടീ ഞാൻ പറേണതു്?'

പാറുക്കുട്ടി പെട്ടെന്നു മറുപടി ഒന്നും പറഞ്ഞില്ല. താൻ ചിന്തിച്ചിരുന്നതൊക്കെ ശരിയാണെന്നറിഞ്ഞതിലും അതിന്നുള്ള തെളിവുകൾ സുഭദ്രച്ചേച്ചിയിൽനിന്നുതന്നെ കിട്ടിയതിലും അവൾ സന്തോഷിച്ചു.

'ഞാൻ പറഞ്ഞതു ശരിയല്ലേ പാറുക്കുട്ടീ?' സുഭദ്ര ചോദ്യം ആവർത്തിച്ചു.

'എനിക്കറിയില്ല ചേച്ചീ.' പാറുക്കുട്ടി പറഞ്ഞു. 'എനിക്കിവിടത്തെ കാര്യങ്ങളൊന്നുമറിഞ്ഞുകൂടാ.'

'എന്നാൽ അറിയണം' സുഭദ്രയുടെ ശബ്ദം കൂടുതൽ വികാരവിജൃംഭിതമായി. 'അറിയേണ്ടതു പലതുമുണ്ടു്. ഈ സുഭദ്രച്ചേച്ചി ചീത്തയാണെന്നു നീ വിചാരിക്കും.' തെട്ടുവീർപ്പോടെ, ഗദ്ഗദത്തോടെ സുഭദ്ര തുടർന്നു: 'ഞാൻ ചീത്തയാണെന്നു നീ കണ്ടുപിടിച്ചു.' സുഭദ്ര നിറുത്തി. ശബ്ദത്തെയും ദുഃഖത്തെയും നിയന്ത്രിക്കാൻ അവൾ നന്നേ പാടുപെട്ടുന്നുവെന്നു പാർവ്വതിക്കു തോന്നി. ശബ്ദം ദൃഢമാക്കി പ്രകടമായ ദേഷ്യത്തോടെ സുഭദ്ര വീണ്ടും പറഞ്ഞു: 'ഞാൻ ചീത്തയാ. പക്ഷേ, ഇവിടാരാ നല്ലവരെന്നെനിക്കൊന്നു പറഞ്ഞുതാ?'

തന്റെ രഹസ്യങ്ങൾ സുഭദ്രച്ചേച്ചി മനസ്സിലാക്കിയിരിക്കുന്നോ എന്നുപാർവ്വതി സംശയിച്ചു. പക്ഷേ, അവൾക്കതിൽ സങ്കോചം തോന്നിയില്ല. ഇന്നല്ലെങ്കിൽ നാളെ ഇവിടെ എല്ലാവരും ഈ ബന്ധത്തെക്കുറിച്ചറിയും. സുഭദ്ര തുടർന്നു സംസാരിച്ചപ്പോൾ പാർവ്വതിയുടെ സംശയം അകന്നു.

സുഭദ്ര പറഞ്ഞു: 'ലക്ഷ്മിക്കുട്ടിയെ പഠിപ്പിക്കാൻ വന്ന ഒരു രാജമ്മാറിച്ചറെപ്പററി പാറുക്കുട്ടി കേട്ടിട്ടുണ്ടോ?'

'ഇല്ല ചേച്ചീ' പാറുക്കുട്ടി ജിജ്ഞാസുവായി.

'വിശദമായിട്ടു ഞാൻ പിന്നെപ്പറയാം. ഇപ്പൊഴെരു കാര്യം പറയാം. ഈ കൊട്ടാരത്തിലെ സ്വത്തു മുഴുവൻ അവരാണു കൊണ്ടുപോയതു്. കൊടുത്തതു നമ്മുടെ അമ്മാവനും.'

പുതിയ അറിവേകിയ നടുക്കത്തോടെ പാർവ്വതി തരിച്ചിരുന്നു.

സുഭദ്ര തുടർന്നു: 'അതു പോട്ടെ. ചേട്ടൻ പിണങ്ങിപ്പോയ കഥ പാറുക്കുട്ടിക്കറിയാല്ലൊ. എന്തിനാ ചേട്ടൻ പിണങ്ങിപ്പോയതു്?'

പാറുക്കുട്ടി മറുപടി പറഞ്ഞില്ല. പക്ഷേ, സുഭദ്രച്ചേച്ചി കാരണമാണെന്നു ലക്ഷ്മിക്കുട്ടിച്ചേച്ചി ഉന്നയിച്ച ആരോപണം അവൾ ഓർത്തു.

'എന്താ പാറുക്കുട്ടീ,' സുഭദ്രവീണ്ടും തിരക്കി.

'ആവോ.'

'ഞാൻകാരണമാണെന്ന ല്ലേ

വിവാഹിതന്മാർക്ക്
ധാതുശക്തി നേടിത്തരുന്ന
വാജീകല്പം
ഓരോ ഡോസ്സും ഫലപ്രദം.
ആയുർവ്വേദാചാര്യ
കെ. കുഞ്ഞുരാമൻവൈദ്യർ
(ദഗാംഡ്മെഡലിസ്റ്റ്)
പൗരസ്ത്യഫാർമസി
പെരിനാട്, കൊല്ലം.
ഫോൺ: 2895.

ചേച്ചിപറഞ്ഞതു്?' സുഭദ്ര തുടർന്നു പറഞ്ഞു: 'ഞാനന്നു് ഒന്നും പറഞ്ഞിട്ടില്ലെന്നേയുള്ളു. വീട്ടിൽ ലഹള ഉണ്ടാകാതിരിക്കാൻവേണ്ടി. പക്ഷേ, ഞാൻ കാരണമല്ല ചേട്ടൻ പോയതു്.'

'പിന്നെ?' ചോദിക്കരുതെന്നു വിചാരിച്ചിട്ടും ജിജ്ഞാസ നിയന്ത്രണാതീതമായപ്പോൾ പാർവ്വതി ചോദിച്ചുപോയി

'ശങ്കരപ്പിള്ള കാരണം. 'സുഭദ്ര പറഞ്ഞു:

'ശങ്കരപ്പിള്ളയോ, ഏതു ശങ്കരപ്പിള്ള?'

'ഇവിടത്തെ പണിക്കാരൻശങ്കരപ്പിള്ളയെ പാറുക്കുട്ടി അറിയില്ലേ? അയാൾ കാരണം.'

'ഏങ്ങ്?' പാർവ്വതി ഞെട്ടി.

'ഞെട്ടാനൊന്നുമില്ല കുട്ടീ.' സുഭദ്ര പറഞ്ഞു: 'ഞാൻ പറഞ്ഞതു നേരാ. ചേച്ചിയുടെ ഭർത്താവു് ശങ്കരപ്പിള്ളയാ. പണ്ടും ഇപ്പോഴും. ചേട്ടനതു കണ്ടുപിടിച്ചു.'

'ചേച്ചി വെറുതെ അതുമിതും പറയാതെ.' പാർവ്വതി പറഞ്ഞു.

''ഞാനതുമിതും പറയുകയല്ല.' സുഭദ്രയുടെ ശബ്ദം ദൃഢമായിരുന്നു. 'ഞാൻ ആ മുറിയിൽ കിടക്കുമ്പോൾ ഞാനുറങ്ങിയെന്നു കരുതി ചേച്ചി അയാളെ വിളിച്ചു് അവിടെ കയറി കിടത്തുന്നതു ഞാൻ കണ്ടിട്ടുണ്ടു്. പേടിച്ചുവിറച്ചു ഞാൻ കിടന്നിട്ടുണ്ടു്. നിനക്കു സംശയമുണ്ടെങ്കിൽ ഇപ്പോൾ ചെന്നുനോക്കു. അയാൾ ചേച്ചിടെ കിടക്കയിലുണ്ടാവും.'

'ചേച്ചീ.' പാറുക്കുട്ടി ഉറക്കെ വിളിച്ചു.

സുഭദ്ര ഒരു ദ്രോന്തിയെപ്പോലെ പൊട്ടിച്ചിരിച്ചു.

—o—

കഥ

കുട്ടിയുടെ അമ്മയുടെ കണ്ണുനിറഞ്ഞൊഴുകാൻ തുടങ്ങി. കുട്ടിയുടെ അച്ഛൻ എഴുന്നേററു് ജാലകത്തിനരികിൽപോയിനിന്നു. വീട്ടിൽ ദുഃഖം മൂടിക്കെട്ടിനിന്നു.

പക്ഷേ, എഴുന്നേററുപോകുന്നതു് ഉചിതമാവുമോ? ഞാൻ നിശ്ശബ്ദനായിരുന്നു.

അപ്പോൾ കൈലേസുകൊണ്ടു കണ്ണൊപ്പി പരിഷ്കാരിയായ സ്ത്രീ പറഞ്ഞു:

'അങ്ങു കണ്ടില്ലേ?'

ഞാനോർക്കുകയായിരുന്നു എന്റെ മകനെപ്പററി. അവൻ അത്ര കുട്ടിയൊ

ന്നുമല്ല. പക്ഷേ, ഇപ്പോഴും രാത്രിയിൽ അമ്മയടുത്തില്ലെങ്കിൽ അവനു് ഉറക്കം വരില്ല.

ഞാനെന്തെങ്കിലും പറയുന്നതിനു മുൻപുതന്നെ കുട്ടിയുടെ ഭർത്താവ് മുഖം തിരിച്ചുകളഞ്ഞു. പാർവ്വതനിരകളുടെ മുകളിൽ നിരക്കുന്ന മേഘങ്ങളെപ്പോലെ പ്രസന്നതനടിക്കാൻ അദ്ദേഹം വിഷമിക്കുന്നുവെന്നുതോന്നി.

'ഞാൻ നേരത്തേതന്നെ പറഞ്ഞതല്ലേ?'

—അദ്ദേഹത്തിന്റെ ശബ്ദം പുറത്തുവന്നു.

ഭാര്യയുടെ കണ്ണിൽനിന്നു് തീപ്പൊരികൾ ഉയർന്നു:

'എന്താ പറഞ്ഞതു്?'

'നമുക്കു് കരിക്കത്തയിലെ ഏതെങ്കിലും സാധാരണ സ്ക്കൂളിൽ...'

നാരായണൻ
ഗംഗോപാദ്ധ്യായ



'സാധാരണ സ്ക്കൂളിൽ' അവിടെ എഴുതാനും വായിക്കാനും വല്ലതും പഠിപ്പിക്കുന്നുണ്ടോ?'

'ഏതായാലും ബംഗാളിലെ ആൺകുട്ടികളും പെൺകുട്ടികളും പഠിക്കുന്നുണ്ടല്ലോ!'

'അതെ. വളരെ മനോഹരമായി പഠിപ്പിക്കുന്നുണ്ടു്. ഇംഗ്ളീഷിൽ ഒററവരിപോലും തെററുകൂടെ ഒരുതന്നറിയില്ല. പിന്നെ, രാഷ്ട്രീയമുണ്ടു്. മുദ്രാവാക്യങ്ങളും. ജാഥയ്ക്കു വിളിക്കാൻ. മേശയും കസേരയും അടിച്ചുടയ്ക്കാൻ പഠിക്കുന്നുണ്ടു്. കോപ്പിയടിച്ചു് മൂന്നാം ക്ളാസിൽ കയറിക്കാനും. കേമം! കെങ്കേമം!'

ഇതു കേട്ടപ്പോൾ എനിക്കും മുറിവേററു. സത്യത്തിൽ എന്റെ മകനും അത്തരം ഒരു സാധാരണ സ്ക്കൂളിലാണു് ചേർന്നിരിക്കുന്നതു്. അതിലും വലുതു് എന്റെ കൈക്കിലൊതുങ്ങില്ല.

'ശരിതന്നെ.' ഞാൻ ഇടപെട്ടു. 'കൽക്കത്തയിലെ വലിയ ഇംഗ്ളീഷ് മീഡിയം സ്ക്കൂളിൽ, ബുദ്ധിശക്തിയുണ്ടെങ്കിൽ...'

പരിഷ്കാരിസ്ത്രീ പറഞ്ഞു;

'ഇല്ലില്ല. കൽക്കത്തയിൽ ജീവിച്ചാൽ കുട്ടികൾ നന്നാവില്ല. അവിടത്തെ അന്തരീക്ഷംതന്നെ വിഷമയമാണു്.'

—ഇനി ഒന്നും പറയാനില്ല. അവരുടെ ഭർത്താവു് മറുപടി പറഞ്ഞു. പക്ഷേ, ഈ വിഷമഘട്ടത്തിൽ മൗനം നന്നായിത്തോന്നിയിരിക്കണം. അദ്ദേഹം തലതിരിച്ചു് വീണ്ടും നോക്കി: പർവ്വതങ്ങളെ, മേഘങ്ങളെ, ദേവദാരുവൃക്ഷങ്ങളെ.

പരിഷ്കാരിസ്ത്രീയുടെ കണ്ണിൽ വീണ്ടും നീർപൊടിച്ചു. അവർ തുടർന്നു:

'സത്യത്തിൽ കാലം അതാണു്. ഇവിടുത്തെ പെൺകുട്ടികളും ആൺകുട്ടികളും ദിവസം ചെല്ലുന്തോറും ക്രൂരഹൃദയരായിമാറുന്നു. അവർക്കു് ആരോടും സ്നേഹമില്ല. മാതാപിതാക്കളോടുപോലും. ദിസ് ഈസ് ആൻ ഏജ് ഓഫ് ക്രൂവൽറ്റി.'

ഭർത്താവു് തലതിരിച്ചു:

വായിച്ചിരിക്കേണ്ട

പുസ്തകങ്ങൾ!

രസഹൃദൈംഗികരോഗങ്ങളും നിവാരണമാർഗ്ഗങ്ങളും	വില 1_00
ദാമ്പത്യജീവിതശാസ്ത്രം	,, 1_50
ഫാമിലിപ്ളാനിംഗ്	,, 1_00
തപാൽചിലവ് (പുറമെ)	1_50

കാററ്ലോഗ് സൗജന്യം.

DAB Agencies

Kodimatha, Kottayam.

സ്വർണ്ണാഭരണങ്ങൾ

തവണവ്യവസ്ഥയിൽ

വിവരങ്ങൾക്ക്:

25 പൈസാ സ്ററാമ്പുസഹിതം

എഴുതുക!

Chembaka Jewellers

ALLEPPEY-1, Kerala.

'ആയിരിക്കാം. പക്ഷേ, കുററം നമ്മുടേതുകൂടിയാണു്.'

ദുഃഖത്തിനിടയിലും ഭാര്യ ശകാരിച്ചു: 'നിങ്ങൾ മിണ്ടരുതു്.'

ഭർത്താവു് നിശ്ശബ്ദനായി. ഞാൻ വല്ലാതെ വിഷമിച്ചു. എങ്ങനെ എഴുന്നേററുപോകും. ഹൃദയമില്ലാത്തവനെന്നു് അവർ കരുതില്ലെ. മേശപ്പുറത്തിരുന്ന ഇംഗ്ളീഷ് വീക്കലിയുടെ താളുകൾ മറിച്ചുകൊണ്ടു് ഞാൻ തല കുമ്പിട്ടിരുന്നു.

മുകളിലെ നിലയിൽ താമസിക്കുന്ന ഈ പരിഷ്കാരികളുമായി ഞാൻ യാദൃച്ഛികമായാണു് പരിചയപ്പെട്ടതു്. അവധിയായതുകൊണ്ടു് അവർ വെറുതെ ചുററിയടിക്കാൻ വന്നതാണു്. ഞാനും വന്നു. വഴിയ്ക്കുവെച്ചു് പരിചയപ്പെട്ടു. പരിഷ്കാരി സ്ത്രീ യൂണിവേഴ്സിററിയിൽ പഠിക്കുമ്പോൾ എന്നെ കണ്ടിട്ടുണ്ടു്. എന്റെ ഒന്നുരണ്ടു സാധാരണകൃതികൾ അവർ വായിച്ചിട്ടുണ്ടു്. അതിന്റെ പേരിൽ അവരെന്നെ ഇന്നുവൈകുന്നേരം വീട്ടിലേക്കു ക്ഷണിച്ചു. ക്ഷണിക്കുമ്പോൾ പറയുകയും ചെയ്തു:

'ഇവിടത്തെ ഒരു മിഷനറി സ്ക്കൂളിൽ എന്റെമകൻ പഠിക്കുന്നുണ്ടു്. അവനും വൈകുന്നേരം വരും.'

പതിമൂന്നു പതിനാലു വയസ്സുകാരനും. ആൺകുട്ടി സ്കൂൾയൂണിഫോമിൽ എത്തിയിരുന്നു. പക്ഷേ, പത്തുനിമിഷത്തിലേറെ ഇരുന്നില്ല. ഒരുകഷണം 'കേക്കു്' വായിലിട്ടോ ഇല്ലയോ. അതിനുശേഷം തിടുക്കത്തിൽ എഴുന്നേററു...

'മമ്മീ... എനിക്കിപ്പോൾത്തന്നെ പോകണം.'

'ഇ തെ ന്താ ണു് ട്ടടൽ. നിനക്കിനിയും ഒരുപാടു സമയമുണ്ടല്ലോ.'

'ഇല്ല മമ്മി. സാദ്ധ്യമല്ല. എനിക്കു ജോലിയുണ്ടു്.'

കുറച്ചുനേരംകൂടി ഇരിക്കൂ മോനെ—' ഇംഗ്ളീഷ് എം. എ. പാസ്സായ, ഉയർന്ന കുടുംബത്തിൽ പിറന്ന അമ്മയുടെ സ്വരത്തിൽ ബംഗാളിപ്പെൺകുട്ടിയുടെ സ്വരം മുഴങ്ങി:

'എത്ര ദിവസങ്ങൾക്കുശേഷമാണു് നിന്നെയൊന്നു കാണുന്നതു്. അമ്മയുടെ അടുത്തു് അരമണിക്കൂർ നേരം പോലും ഇരിക്കാൻ നിനക്കു തോന്നുന്നില്ലെ?'

'എക്സ്ക്യൂസ് മി...മമ്മി. നിങ്ങൾ കുറച്ചുദിവസംകൂടി ഇവിടെ കാണുമല്ലോ. പോകുന്നതിനുമുൻപു് എന്നെ വിവരം അറിയിക്കണം. ഞാൻ ഒരിക്കൽക്കൂടി വരാം. ഫാദർ, ഐ ഷാൾ ടൈ! ശരി. ഡാഡീ... ഞാൻ പോകുന്നു.

അവൻ പോയി.

അതിനുശേഷം ഈ ദുഃഖനാടകം ആരംഭിച്ചു. അമ്മയുടെ കണ്ണിൽനിന്നും കണ്ണീരൊഴുകാൻ തുടങ്ങി. അച്ഛൻ എഴുന്നേററു് ജാലകത്തിന്നടുത്തുചെന്നുനിന്നു. അമ്മ വീണ്ടും ഉറുമാൽകൊണ്ടു് കണ്ണുതുടച്ചു. വികൃതമായ ശബ്ദത്തിൽ പറയാൻ തുടങ്ങി:

'ഹാർട്ട്ലസ്സ്. ഈ യുഗത്തിലെ ആൺകുട്ടികളും പെൺകുട്ടികളും ഹാർട്ട്ലസ്സാണു്. പക്ഷേ, നമ്മളൊക്കെ അച്ഛനമ്മമാരോട്...'

'ശരി. ഞാൻ പോകട്ടെ'.

—ഞാൻ എഴുന്നേററു.

ആ വേദനയ്ക്കിടയിലും അവർ രണ്ടുപേരും മര്യാദ മറന്നില്ല.

'ഇനിയും വരണം.!'

ഞാൻ ഹോട്ടലിലേക്കു തിരിച്ചുനടന്നു. വഴിയിൽ ഏകാന്തമായ ഒരിടത്തു്, ഒരു മരച്ചുവട്ടിൽ എന്റെ കണ്ണു പതിഞ്ഞു.

സ്കൂൾയൂണിഫോംധരിച്ച ചെറിയ ഒരാൺകുട്ടി അവിടെ നിന്നിരുന്നു.

ദുഃഖതപ്തമായ മിഴികൾ. ശൂന്യതയിലേക്കു് അവ തറച്ചുനിൽക്കുന്നു.

അതു ട്ടടൽ ആയിരുന്നു.

ഞാൻ അവന്റെ അടുത്തേക്കു ചെന്നു. 'എന്തിനാണിവിടെ നിൽക്കുന്നതു്?'

അവനെന്നെ മനസ്സിലാക്കിയെന്നു തോന്നി. പരുഷമായ സ്വരത്തിൽ പറഞ്ഞു: 'വെറുതെ.'

'ഇവിടെ ഇത്രനേരമായി നിൽക്കുകയാണല്ലോ. എന്തിപ്പിന്നെ, അച്ഛന്റേയും അമ്മയുടെയും അടുത്തു് കുറച്ചുസമയം ഇരുന്നുകൂടെ. നിന്റെ അമ്മ എന്തു കണ്ണീരൊഴുക്കി.' ഞാൻ ചോദിച്ചുപോയി.

മ്ളാനമുഖത്തോടെ, ദുഃഖതപ്തമിഴികളോടെ അവൻ എന്റെ നേർക്കു് നോക്കി. ആ മിഴികൾ നിറഞ്ഞു.

'എന്തിനു് ഇരിക്കണം? അമ്മയുടെ അടുത്തു് എന്തിനാണിരിക്കുന്നതു്? അമ്മ തന്നെ ബലംപ്രയോഗിച്ചു് ഇങ്ങോട്ടു് ഓടിച്ചതാണു്. എന്നെ, 'തീർത്ഥപതിസ്ക്കൂളിൽനിന്നു്, എന്റെ കൂട്ടുകാരുടെ അടുത്തുനിന്നു് അവരെന്തിനാണു് ഇവ്ടെ കൊണ്ടുവന്നതു്? അമ്മയെ കാണാഞ്ഞിട്ടു് എനിക്കെന്തു വിഷമമുണ്ടെന്നോ! അമ്മയ്ക്കതറിയാമോ? എന്നെ അവരാരും സ്നേഹിക്കുന്നില്ല. ഞാൻ ഇരിക്കില്ല. അവരുടെ അടുത്തു് ഒരിക്കലും, എന്തുപറഞ്ഞാലും ഇരിക്കില്ല.'

അവനു് സ്വയം നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അവൻ ഓടിപ്പോയി.

ട്ടടലിന്റെ അമ്മയുടെ നോട്ടത്തിൽ ഈ യുഗംതന്നെ ഹാർട്ട്ലസ്ആണു്. പക്ഷേ, ട്ടടലിന്റെ നോട്ടത്തിലും അതുതന്നെയുണ്ടായിരുന്നതു്. ഇക്കാര്യം അവരോടു് ആരാണു് പറയുക?

—o—

ഇരുപത്തിനാലു്

'പിന്നെ ഞങ്ങൾ എന്തുവേണം?' യമദൂതന്മാർ ചോദിക്കുകയാണു്. ഈ സംവാദം നങ്ങഅവരുടെ ഉള്ളിൽ നടക്കുക ആണു്.

ത്രിപുരസുന്ദരിക്കുഞ്ഞി നേറയോ? അവിടം ശുദ്ധശൂന്യമാണു്.

തിരുമുമ്പിൽ വേല ഓടി. വിളക്കിനെഴുന്നെള്ളിച്ചു.

കുഞ്ഞമ്മ ഉറങ്ങുകയാണു്.

കുഞ്ഞും ഉറങ്ങുന്നു.

ഉറങ്ങട്ടെ!

ഗന്ധർവ്വൻ വന്നിരുന്നെങ്കിൽ ഗന്ധർവ്വനെ ഏൽപ്പിക്കാമായിരുന്നു.

ഗന്ധർവ്വൻ കെറുവിച്ചാണു്. ഗന്ധർവ്വനെ ആചരിക്കുന്നില്ല.

എത്ര സംവൽസരങ്ങളായി പാട്ടും തുള്ളലും നടത്തിയിട്ടു്.

അകവൂർകാർക്കു് എന്തു വേണം കോടാന്ത്രയിൽ ഗന്ധർവ്വനുവേണ്ടി പാട്ടു നടത്തിയിട്ടു്!

അയ്യപ്പൻകുഞ്ഞിനു് ആഗ്രഹമില്ലേ തറവാട്ടിൽ സന്താനമുണ്ടായി കാണണമെന്നു്. ഇല്ലായിരിക്കാം.

അന്യം നിൽക്കണമെന്നാണു് അകവൂർനാണിയുടെ ആശ. അയ്യപ്പൻകുഞ്ഞിന്റെ ബുദ്ധി കെട്ടുപോയി. ഇപ്പോൾ പശുവിനുപിമ്പേ വാലെന്ന പോലെ അയ്യപ്പൻകുഞ്ഞു നടക്കുകയാണു്.

കോടാന്ത്ര എട്ടുകെട്ടിലെ ഗൃഹനായിക ആരായിരിക്കും? അകവൂർനാണിയോ?

ഇന്നത്തെ കോടാന്ത്ര മൂത്തകുറുപ്പിനുശേഷം സ്ഥാനി ആരായിരിക്കും?

ഉഴക്കാരുടെ കുടുംബമായ അകവൂർ കുടുംബത്തിലെ, കാളയുടെ പിന്നാലെ കാശാവുവടിയും ചുഴററി.

'പൂഹോഹോയ് പൂഹീഹിഹായ് ഹേയോയോയ്.'

എന്നു കാളരാഗം പാടുന്ന ഒരാളോ?

കോടാന്ത്രമണ്ണിനും പുരയ്ക്കുമല്ല മാഹാത്മ്യം.

* * *

മാമ്പഴത്തിന്റെ കാലം. നാടാകെ എല്ലാ പറമ്പുകളിലുമുള്ളകോലാച്ചി, കടുക്കാച്ചി, വരിക്ക, ശർക്കരച്ചിമാവുകളുടെ ചുവട്ടിലെല്ലാം പിള്ളാർ ഒരു മാറു നീളമുള്ള തെങ്ങോലകൂടുകളും വാഴനാരുകൂടുകളുമായി ഓടിനടക്കുകയാണു്. പുളിച്ചിമാവുകളുടെ ചുവട്ടിൽ ചെന്നുനിന്നു പാട്ടുപാടും:

'ഒരു കാററും കാററല്ല
പെരും കാററും കാററല്ല
കാററേ തട്ടി ഒരു മാങ്ങായേതാ!'

മാമ്പഴത്തിര നന്നാവണമെങ്കിൽ ശർക്കരച്ചിയുടെ നീരുമാത്രം ഒഴിച്ചു



ണക്കിയാൽപോര പുളിച്ചിയുടെയും നീരും വേണം.

ഒരുമാറു നീളമുള്ള മമ്പിഴക്കൂട്ടു നിറയാൻ കുൽ ഴ്ക വേണ്ട.

മാമ്പഴം പൊഴിയാൻ കാററുവേണ്ട. കാക്ക പാന്നു കമ്പിലിരുന്നാൽ പൊട്ടി ഓടിന്നു മാമ്പഴം പൊഴിയും.

★

കോടാന്ത്രവളപ്പിലെ ഗന്ധർവ്വനു അമ്പലത്തിന്റെ തെക്കുവശം ഒരു വരിക്കമാവുണ്ടു് ആ മാവിന്റെ ചുവടിനു ഒരു പ്രദക്ഷിണം വയ്ക്കണമെങ്കിൽ നൂറു ചുവടു വയ്ക്കണം. അതിന്റെ മേൽതടി ഒരു സാധാരണ കമുകോളം പൊക്കത്തിൽ ചെന്നിട്ടാണു ശിഖരങ്ങൾ നാലുപാടും പോകുന്നതു്. മലർന്നുനിന്നു നോക്കിയാലും വരിക്കമാവിന്റെ ഉച്ചി കാണുകയില്ല.

അങ്ങനെ മാനംമുട്ടി ഒരു കുടപോലെയാണു വരിക്കമാവു നിൽക്കുന്നതു്. മാമ്പഴം മഴപോലെ പൊഴിയും. മാമ്പഴം ഒരു കടുക്കയോളമേയുള്ളു. അണ്ടി കുന്നിക്കുരുവോളം വലിപ്പം. മാമ്പഴം കടിച്ചുചവച്ചുതിന്നാം. അണ്ടി വിഴുങ്ങിയാലും ഒന്നുമില്ല. കുന്നിക്കുരു തൊണ്ടയിൽക്കൂടി അകത്തു പോയാൽ എന്തു ദോഷമാണു്? എങ്ങും തൊടാതങ്ങു പോകും.

വരിക്കമാവിന്റെ ഇല ചെറുതാണു്.

എന്താണു് അന്നു പിള്ളരുടെ പടകൂടാത്തതു്? പ്രഭാതം മുതൽ പ്രദോഷംവരെ അവിടെ ഒരു പടതന്നെയുണ്ടു്. നിലാവുള്ള രാത്രിയിലും ചില വീരുതന്മാർ പാത്തും പതുങ്ങിയുമെത്തും. മാമ്പഴത്തിനോടുള്ള കൊതി ഗന്ധർവ്വനോടുള്ള പേടിയെക്കാൾ ശക്തിയുള്ളതായിരിക്കും.

അല്ലെങ്കിൽ ഗന്ധർവ്വൻ പിള്ളരെ ഉപദ്രവിക്കുകയില്ലായിരിക്കും. ഗന്ധർവ്വനു പെണ്ണുങ്ങളെ മതി.

മാമ്പഴം പൊഴിഞ്ഞുകൊണ്ടിരിക്കുകയാണു്. പിള്ളരാരുമില്ല.

ഇടത്തുർന്നു നീളമുള്ള കുട്ടമ ഇടത്തുവശം ഇടിച്ചിട്ടു കെട്ടിയിട്ടുണ്ടു്. കെട്ടിൽ ഒരു കൂവളത്തിലയും ചൂടിയിട്ടുണ്ടു്. വെളുത്ത ചെറിയ ബ്രഹ്മദേശം തോർത്തുടുത്തിരിക്കുന്നു. വെളുത്തുചുവന്ന വടിവൊത്ത ശരീരം. പിൻവശമേ കാണാവൂ. കോണകവാൽ മുട്ടിനു സ്വൽപം മുകളിൽവരെ കാണാം.

കോടാന്ത്രക്കുഞ്ഞമ്മയുടെ കണ്ണു വികസിച്ചു.

നിന്നനിലപ്പിൽ പ്രതിമപോലെ ആയിപ്പോയി കുഞ്ഞമ്മ.

താഴെ തറനിരന്നു വീണുകിടക്കുന്ന പഴമാങ്ങാ പെറുക്കി കൂട നിറയ്ക്കുകയാണു്. തീരുന്നില്ല. അത്രവളരെ മാമ്പഴം വീണുകിടപ്പുണ്ടു്.

അവൻ തിരിഞ്ഞുനോക്കി. മിഴിച്ചു വല്ലാതെ നോക്കിക്കൊണ്ടു കുഞ്ഞമ്മ നിൽക്കുന്നു. അവർ തന്നത്താൻ അറിയാതെ കൈ നീട്ടി.

ആ സുന്ദരക്കുട്ടനായ ബാലൻ നീളമുള്ള മാമ്പഴക്കൂടുംകൊണ്ടു് ഓടിക്കളഞ്ഞു.

കുഞ്ഞമ്മ പൊട്ടിക്കരഞ്ഞുപോയി.

* * *

കുഞ്ഞമ്മയുടെ ഗന്ധർവ്വൻ കൊച്ചായി വന്നിരിക്കുന്നു. കണ്ണുകൊണ്ടു് അവർ കണ്ടു. അങ്ങിനെ കുഞ്ഞായി വന്നു മാമ്പഴം പെറുക്കുന്നു.

രാത്രിയിൽ കട്ടിയും കവണിയുമുടുത്തു കളഭച്ചാർത്തുമണിഞ്ഞു കുടമുല്ലയുടെ സൗരഭ്യത്തിൽക്കൂടി ഇനി ഒഴുകിവരികയില്ലായിരിക്കും. ആ കാലം കഴിഞ്ഞുപോയി. ഇനി മാഞ്ചുവടുകളിൽ മാമ്പഴത്തിനുവേണ്ടി ഓടിയും വേലക്കാരുടെ പുറകിൽ കൊടിയെടുത്തു തുള്ളിയും ഒക്കെയായിരിക്കും സഞ്ചരിക്കുക.

കുഞ്ഞമ്മ തളർന്നുവീണുപോയി. നങ്ങഅവർ പിടിച്ചു താങ്ങിക്കൊണ്ടു പോയി.

പിന്നെയാണു നങ്ങഅവരോടു കുഞ്ഞമ്മ ഗന്ധർവ്വനെ കണ്ട കഥ പറയുന്നതു്. ഇനിയും ഗന്ധർവ്വൻ മാഞ്ചുവട്ടിൽ വരും. അപ്പോൾ കണ്ടുപിടിക്കാം.

ത്രിപുരസുന്ദരിക്കുഞ്ഞും ഗന്ധർവ്വനെ കാണാൻ കാത്തിരുന്നു.

* * *

മൂന്നു കിടക്കപ്പായ് നിറയെ മാമ്പഴച്ചാറു പന്നുകിടന്നു് ഉണങ്ങുകയാണു്. നാലാമത്തു പായ് നിവർത്തു് അമ്മ മാമ്പഴം പിഴിയുന്നു. മകൻ അടുത്തിരുന്നു വിശേഷങ്ങൾ പറയുകയാണു്.

'ഏഴുമത്രമഠത്തിലെ കോലാച്ചിയി

ലെ മാങ്ങയാണതമ്മച്ചി. ആ മാവിലു് ഇക്കൊല്ലം മാങ്ങാ കുറവാ. പക്ഷേലു് ചകിരിച്ചിയിലു് ഒരുപാടു മാങ്ങയുണ്ടു്.'

എന്തുമന്ത്രമോത്തിലെ കോലാച്ചി!

ചന്ദ്രികയുള്ള രാത്രിയിൽ ആ മാവിൻചുവടു് എങ്ങിനെയിരിക്കും?

ഒരു വൗവ്വാൽ ചിറകടിച്ചു പറന്നു പോയി. പടിഞ്ഞാറെ പറമ്പിലെ പൊന്തക്കാടിൽ ഇരുന്നു രാപ്പാടി ഇണയെ കൂവിവിളിച്ചു.

ചകിരിച്ചി തായ്തടിക്കു നീളംകുറഞ്ഞു പന്തലിച്ച മാവാണു്. വൃത്താകൃതിയിൽ ശരിക്കും ഒരു കുടപോലിരിക്കും. അതിന്റെ ചുവട്ടിൽനിന്നാൽ, പുറത്തുനിന്നു നോക്കുന്നവർക്കു് ഒന്നും കാണാൻ ഒക്കുകയില്ല.

ചകിരിച്ചിച്ചുവടോ, കോലാച്ചിച്ചുവടോ? കേശവനു് എങ്ങിനെ അറിയാനൊക്കും? രണ്ടു മാവിൽനിന്നും പൊഴിഞ്ഞ മാമ്പഴമുണ്ടു്.

'ചകരിച്ചിക്കാണു കൂടുതൽ നീരു് അല്ലേ അമ്മേ!'

'അതെ മോനെ. തേ കണ്ടിലേ്യാ നീരു് ഒലിക്കുന്നതു്.'

കേശവനു് ഒരു കഥ പറയാനുണ്ടായിരുന്നു.

'ഞാനും പരമുവും കിട്ടനും കോന്തിയും എല്ലാരുംകൂടെ മാവുതോറും മാമ്പഴം പെറുക്കിച്ചെന്നപ്പ, അമ്പലത്തിൽ ചന്ദനം തരുന്ന തിരുമേനിയില്ലേ്യ, ആ തിരുമേനിയുടെ മഠത്തിൽ ചെന്നു. അപ്പം കോന്തിയും പപ്പുവും പറഞ്ഞു ഇച്ചിരി നിന്നാലു് പ്രാതലു കിട്ടുമെന്നു്. അവടെ ഒരു പാടു പിള്ളരുണ്ടായിരുന്നു. മഠത്തിലെ ഒരുത്തി ഒരു പേരമ്മ—'

അത്രയും അവൻ പറഞ്ഞുനിറുത്തിയപ്പോൾ കല്യാണിഅമ്മ പറഞ്ഞു:

'അല്ല മോനെ, അങ്ങിനെ പറയരുതു്. മഠത്തിലെ അമ്മ എന്നേ പറയാവൂ.'

'എന്താ എന്നു പറഞ്ഞാലു്. അ ത്രക്കാരം മൂത്തതാ.'

'മഠത്തിലെ അമ്മ എന്നേ പറയാറു്.'

അവന്റെ കഥപറച്ചിൽ നിന്നുപോയി. കല്യാണിഅമ്മ ചോദിച്ചു:

'എന്നിട്ടു് മോൻ പ്രാതലു കുടിച്ചോ?'

'ഞാൻ കുടിച്ചില്ല.'

'അതെന്താ?'

'ഒരുരുളച്ചോറു് എനിക്കു നീട്ടി. എനിക്കു വേണ്ടാന്നു പറഞ്ഞു. പിള്ളരെല്ലാം ആ ചോറും പറങ്ങിച്ചു് ഉണ്ടു് കുത്തല കുത്തി കഞ്ഞിവെള്ളവും മേടിച്ചു കഴിച്ചു.'

അവൻ ചെയ്തതു തെറ്റോ ശരിയോ? കല്യാണിഅമ്മയ്ക്കു നിശ്ചയമില്ല.

കേശവൻ തുടർന്നു:

'എന്നിട്ടു് അവരു ചോദിക്കുവാന്നു്. എന്താടാ ചെറുക്കാ അതു വാങ്ങിക്കാത്തതെന്നു്. എനിക്കു വേണ്ട; ഞാൻ ചോറുണ്ടുന്നു പറഞ്ഞു. പിള്ളാരോടു് അവരു ചോദിച്ചു ഈ ചെറുക്കൻ ഏതാണെന്നു്.'

ആ പ്രാതൽ വാങ്ങിക്കാതിരിക്കുന്നതു് ബ്രാഹ്മണനെ നിന്ദിക്കുന്നതിനു സമമല്ലേ?

കേശവന്റെ മാമ്പഴം പെറുക്കിനടക്കുന്ന കഥ പിന്നെയുമുണ്ടു്.

'അങ്ങു് പട്ടാരത്തിൽ ഒരു വീട്ടിൽ പോയി. ഒരുപാടു സർപ്പക്കാവും ഒരു ഗന്ധർവ്വന്റെ അമ്പലോം ഒക്കെയുള്ള വലിയ വീടാ. ഒരു മുട്ടൻ എന്നുവച്ചാലു് മുട്ടൻമുട്ടൻ മാവു്. അമ്മ ഇപ്പം പിഴയുന്ന മാമ്പഴമില്ലേ്യ: അതുതന്നെ. നിറച്ചു നിറന്നുകിടക്കുവാണു്. പിള്ളാരാരും അവിടെ പോകത്തില്ലെന്നു തോന്നുന്നതു്. ഞാൻ പെറുക്കി. അപ്പഴ് വെളുത്തു ക്ഷീണിച്ച ഒരുത്തി അങ്ങിനെ മിഴിച്ചുനോക്കുന്നു. ഞാൻ പേടിച്ചുപോയി. അവരു കൈനീട്ടുന്നു. എനിക്കുതോന്നി അവരു് എന്നെ പിടിക്കുമോന്നു്. നോട്ടം കണ്ടാലു് പേടിയാകും. ദൂരെയാ നിന്നതെങ്കിലും അവരുടെ കൈ നീണ്ടു നീണ്ടു വരുന്നപോലെ തോന്നി...കൈ മാത്രം.'

കേശവൻ കല്യാണിഅമ്മയോടു ചോദിച്ചു:

'അമ്മച്ചീ! യക്ഷി പകൽ ഇറങ്ങി നടക്കുമോ!'

'ഇല്ല മോനെ.'

'ഞാൻ പറഞ്ഞപ്പം പപ്പു പറയുവാരുന്നു അതു യക്ഷിയാണെന്നു്. അപ്പം ഞാൻ പറഞ്ഞു യക്ഷി പകൽ ഇറങ്ങി നടക്കത്തില്ലെന്നു്. അമ്മേ യക്ഷി എപ്പഴാ ഇറങ്ങി നടക്കുന്നതു്?'

'രാത്രീലു് മനുഷ്യസഞ്ചാരം ഇല്ലാതാകുമ്പോൾ യക്ഷി പുത്തറങ്ങും.'

'അപ്പ അതു യക്ഷിയല്ല, അല്ലേ അമ്മേ. പിന്നെ ഭ്രാന്തിയാണോ?'

'അല്ല മോനെ?'

★

ത്രിപുരസുന്ദരിക്കുഞ്ഞിനെ പിള്ള വാങ്ങിയതു കല്യാണിഅമ്മയാണു്.

ആ കുഞ്ഞു പെററുവീണപ്പോൾ സാർണ്ണക്കട്ടപോലിരുന്നു. മുററിനും ഒരു പ്രഭയുള്ളതുപോലെ തോന്നി.

ഇതെന്തൊരു കഞ്ഞു് എന്നു് കല്യാണിഅമ്മയ്ക്കു് അന്നു തോന്നിയിരുന്നു. ഇതാരുടെ കൊച്ചു് എന്നുവരെ അവർ തന്നത്താൻ ചോദിച്ചു. കുളിപ്പിച്ചുകിടത്തിയപ്പോൾ നീലക്കണ്ണും കനകശരീരവുമുള്ള ആ കുഞ്ഞു കാലും കൈയും ഇളക്കി കളിച്ചു. ആരും ആ കുഞ്ഞിനെ നോക്കിനിന്നുപോകുമായിരുന്നു.

എത്രയെത്ര കുഞ്ഞുങ്ങളെ പെററുവീഴുമ്പോൾ കല്യാണിഅമ്മ കണ്ടിരിക്കുന്നു. അങ്ങിനെ പെററുവീഴുന്ന കുഞ്ഞുങ്ങളുടെ ഛായ നിർണ്ണയിക്കുവാൻ അവർക്കു കഴിയുമായിരുന്നു.

അച്ഛന്റെ ഛായ, അമ്മഛായ, അല്ലെങ്കിൽ അച്ചിഛായ, അമ്മാവന്റെ ഛായ അപ്പൂപ്പൻഛായ എന്നൊക്കെ തീർപ്പുകല്പിക്കും.

ഈ കുഞ്ഞു് ആരുടെ ഛായയാണു്?

ഗന്ധർവ്വൻഛായ!

കോടാന്ത്രികുടുംബത്തിൽ ഏക്കാലത്തും ഒരു സ്ത്രീ ഗന്ധർവ്വന്റെ കരമുകിയായിരിക്കുന്നതേ! ആ സ്ത്രീ ഒരു യക്ഷിയെപ്പോലെയാകും. നോട്ടവും നടപ്പും യക്ഷിയുടെ ആകാരമുള്ളവളെപ്പോലെയാകും. കല്യാണിഅമ്മ ഇതൊക്കെ പറഞ്ഞുകേട്ടിട്ടുള്ളതാണു്.

★

സേഫ്ററിപിന്നും തകഴിയും

പ്രസിദ്ധനായ ശ്രീ. തകഴി ശിവശങ്കരപ്പിള്ള കേന്ദ്രസാഹിത്യഅക്കാദമിയുടെ അവാർഡു വാങ്ങാൻ ഡൽഹിയിലെത്തി. പതിവുപോലെ, അന്നവിടെ താമസമാക്കിയിരുന്ന യശഃശരീരനായ ശ്രീ:ശിവറാമിന്റെ ഫ്ളാററിൽ താമസമായി. അവാർഡുദിവസം എല്ലാവരും ഇറങ്ങാൻ ഒരുങ്ങുകയാണു്. ശ്രീ. തകഴിക്കു് ഒരത്യാവശ്യം; ഒരു സേ

ഫ്ററിപിൻ വേണം. എടുത്തിട്ടു ഷർട്ടിനു ബട്ടണിട്ടുകയിരിക്കും. വേഗംതന്നെ ഒരു പിൻ കൊടുത്തു. പിന്നുമായി യാത്രയാകുകയും ചെയ്തു.

അവാർഡും വാങ്ങി തിരിച്ചുവരുമ്പോഴാണു്, നേരത്തെ വാങ്ങിയ പിന്നിന്റെ ഉദ്ദേശ്യവും ആവശ്യവും എന്തായിരുന്നുവെന്നു കൂടെ ഉണ്ടായിരുന്നവർക്കു മനസ്സിലായതു്. സേഫ്ററിപിൻ, പോക്കററിന്റെ ഓപ്പൺഭാഗത്തു മുദ്രവച്ചപോലെ കുത്തിയിരിക്കുന്നു. ഇനി ആർക്കും പോക്കററിൽ കയ്യിടാമെന്നു കരുതേണ്ട. അവാർഡിനു കിട്ടിയ 5000 രൂപയുടെ ചെക്കാണു പോക്കററിൽ. ഈ രഹസ്യം ശ്രീമതി ജാനമ്മശിവരാമനാണു പറഞ്ഞതു്.

കേശവൻ പെററുവീണപ്പോൾ ആദ്യനോട്ടത്തിൽതന്നെ അവൻ അച്ഛൻമായയിൽ ജനിച്ച കുട്ടിയാണെന്നു കല്യാണിഅമ്മയ്ക്കു മനസ്സിലായി. അവരുടെ മുഖത്തു് ഒരു കൃതകൃത്യത കളിയാടി. കുളിപ്പിച്ചുകിടത്തിയപ്പോൾ അതു തിട്ടവുമായി.

ആ മുഖം മറെറവിടെയോ കണ്ടിട്ടുണ്ടു്. അതുപോലെ ഒരു കുഞ്ഞിനെ മറെറവിടെയോ കണ്ടിട്ടുണ്ടു്.

വയററാട്ടിയല്ലേ? എത്രയെത്ര കുഞ്ഞുങ്ങളെ കണ്ടിരിക്കുന്നു?

★

മാമ്പഴം പിഴിഞ്ഞുതീർന്നില്ല. ഒരു വരിക്കമാമ്പഴം പിഴിഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ കല്യാണിഅമ്മ തന്നത്താനായിയാതെ പറഞ്ഞുപോയി:

'മകനു് ഒരു ചേച്ചിയുണ്ടു്.

—o—

ഓമ്മയുടെ ഓളങ്ങളിൽ

(27-ൽനിന്നും തുടർച്ച)

ത്തിൻെറ ഭാഷ ഒരിക്കലും മറന്നില്ല.

ആദർശാത്മകദ്യുതിപരിവേഷം കലർന്ന ആത്മീയമൂല്യമായിട്ടാണു്, അജരാമരമായ ഒരു സുന്ദരഭാവമായിട്ടാണു്, ഞാൻ പ്രേമത്തെ സങ്കല്പിച്ചിരുന്നതെന്നു്. അപ്പോൾ വ്യക്തമായല്ലോ. കേവലമൊരു റൊമാൻറിക് സങ്കല്പം. യുവവിധവയും വീരപത്നിയും ആയ 'ഒരു സതി'യെ സാന്ത്വനം ചെയ്യുന്ന കവിയുടെ വചനം ആരുടെയും മാറെറാലിയല്ല. മാറെറാലിയെങ്കിൽ, എൻെറ ആദർശത്തിൻെറ മാറെറാലി സന്ദർഭത്തിൽ മുഴങ്ങിയതാണു്, ജീവകാലധൂമത്തിനെ ആത്മനിരാജനത്തിൽ സുരഭിലമായ ധൂപമാക്കുന്നു, ആ പ്രേമം. ആദിത്യരശ്മി മങ്ങും, സുരഭിലപുഷ്പം വിളറും, പ്രേമഭംഗംവന്ന ഹൃദയത്തിനു്.

'ഭാവസ്ഥിര പ്രണയ
മുഗ്രതമസ്സകന്ന-
ജീവൻെറ നിത്യവിമലദ്യുതി
യാണ, തെന്നും
ഭൂവല്ലഭേ, സതി,
നശിക്കുകയില്ല, പോയാൽ
പോവട്ടെ ദുഃഖകര
ഭോഗപരം ശരീരം.
'മേവില്ല തീയിലതു,
വാളിനു വേർപെടുത്താ-
നാവില്ല, കാലഗതി
മാററു കുറയ്ക്കുകില്ല,
ഭൂവിണ്ണിതൊന്നു മതിരല്ല,
തീനുള്ള ചൂട
പോവില്ല ഘോര മൃതിതൻെറ
തണുപ്പിനാലും!',

ഈ സങ്കൽപം പ്രകൃതിയെ അനുകരിക്കുന്നതല്ല; അതിശയിക്കുന്നതാണു് അതിൻെറ തേജഃപരിവേഷം.

ഇന്നു് എന്തൊരു മാററമാണു്, പ്രേമസങ്കല്പത്തിൽ! 'റിയലിസം' മൂത്തതോടെ അതൊരു 'ബയോളജിക്കൽ നെസസിററി', 'ജീവശാസ്ത്രപരമായ ഒരപരിഹാര്യാവശ്യം', മാത്രമായി. ധാർമ്മികസൗന്ദര്യപരിവേഷം പോയ കേവലനഗ്നവികാരമായി. പലപ്പോഴും 'ഇരുണ്ട' എന്നുകൂടി വിശേഷിപ്പിക്കണം. യക്ഷിയെപ്പോലെ മാംസത്തിലും രക്തത്തുടിപ്പിലും ആർത്തിപിടിക്കുന്ന ഒരുഗ്രവികാരമായിരിക്കുന്നു, അത്യാധുനികരിൽ. പ്രേമം രണ്ടാത്മാക്കളെ ഒന്നാക്കുന്ന ഒരു 'രാസവികാര'മാണു്. കാമം യഥേച്ഛം പിരിക്കാവുന്ന ഒരു സംയോഗം, ഒരു കലർച്ചമാത്രം. എന്നാലും അനേകം ഹൃദയങ്ങളെ വിഷമയമാക്കാൻ ആ 'സംയോഗ'ത്തിനു കഴിയും.

* * *

'ഉൽസാഹ'ത്തിനാണു്, ആലങ്കാരികന്മാർ 'രതി'ക്കു തുല്യമോ അടുത്തതോ, ആയ സ്ഥാനം കല്പിച്ചിരിക്കുന്നതു്. ആ സ്ഥായിഭാവത്തിൻെറ പരിപുഷ്ടമായ അഭിവ്യക്തിയാണു്, 'വീരം.' വർഗത്തെ രക്ഷിക്കുന്ന, സമ്പന്നമാക്കുന്ന, ധർമ്മ-കർമ്മ-ത്യാഗ-വീരമാക്കുന്ന ഒരു മനോവൃത്തിയാണതു്. 'ചന്ദ്രമണ്ഡല'ത്തിലേയ്ക്കു പാക്കുവാൻ, മരണത്തെപ്പോലും വെല്ലുവിളിക്കുവാൻ, മനുഷ്യനെ അതു ശക്തമാക്കുന്നു. 'ജ്ഞാനവീരം' എന്നൊരു വിഭാഗംകൂടി വീരത്തിനു വേണ്ടിവരുമോ ആവോ! ബുദ്ധമതപ്രസിദ്ധമായ 'ശ്രീമതി' യെന്നെ ആകർഷിച്ചതു് അവളൊരു 'ധർമ്മധീര' ആവുകയാലാണു്. മഗധരാജാവു്, അജാതശത്രു ബുദ്ധവിഹാരത്തിലെ ആരാധന നിരോധിക്കുന്നു. അന്യായങ്ങളായ രാജകീയനിയമങ്ങളെ എതിർക്കുന്ന വ്യക്തികൾ, പെൺകിടാങ്ങൾതന്നെ 'ഗാന്ധിജി'ക്കുമുൻപു് ഇൻഡ്യയിലുണ്ടായിട്ടുണ്ടു്. 'ശ്രീമതി' എന്ന ബുദ്ധകുതരാജകീയവിളംബരം വകവയ്ക്കാതെ ബുദ്ധവിഹാരത്തിൽ വിളക്കുവെയ്ക്കുന്നു.

'രാജാക്കളേയും പ്രജയായ്-
(ഗണിക്കും
രാജാവൊരാളുണ്ടവിടത്തെ-
(മുൻപിൽ
കുമ്പിട്ടുനിൽക്കേണ്ടിവരുന്നു-
(പാരിൽ
ക്കുനിഞ്ഞവന്നുംകുനിയിച്ചവന്നും'

എന്നാണവളുടെ വിശ്വാസം. നിഗ്രഹിക്കാനെത്തുന്ന ഭടനെ അവളുടെ കടാക്ഷം കനാക്കിയതു്, പ്രേമവും കർത്തവ്യവും തമ്മിലുള്ള ഒരന്തർഘർഷംകൊണ്ടു 'ധർമ്മവീരത'യ്ക്കു മററൊരു നാളംകൂടി ആ ഭടനെ തെളിയിക്കലാണു്. ഭടൻെറ കർത്തവ്യം അയാൾ നിർവഹിച്ചു. ആത്മഹത്യകൊണ്ടു 'ശ്രീമതി'യെ അനുഗ്രഹിച്ചു്, വിശ്വസ്തകാമുകൻെറ ധർമ്മവും നിർവഹിച്ചു. അധർമ്മികനിയമങ്ങളെ എതിർക്കാൻ മഹാത്മാവിൻെറ ആഹ്വാനം മുഴങ്ങുന്ന കാലത്തു് ഈ കവിതയ്ക്കു പരോക്ഷമായ രാഷ്ട്രീയലക്ഷ്യവും ഉണ്ടെന്നുവരാം.

എന്തുകൊണ്ടാണെന്നറിഞ്ഞുകൂടേ, സംസ്കൃതവൃത്തങ്ങളിൽ 'വസന്തതിലക'മാണു്, എനിക്കു പ്രിയതമവും ഏററവും സ്വാധീനവുമായിരുന്നതു്. ഈ കാലഘട്ടത്തിലൊക്കെ. വൃത്തം അല്ലെങ്കിൽ ഛന്ദസ്സു് സങ്കല്പത്തിൻെറ ആന്തരരാഗമാണു്; അനുഗതമായ താളവും. Musical thought, രാഗസാന്ദ്രസങ്കല്പം, എന്നു ഷെല്ലിതന്നെയല്ലോ കവിതയെ വിവരിക്കുന്നതു്.

—0—

ഫിലിംനാദം

മലയാളചലച്ചിത്രവേദിയിൽ ശ്രദ്ധേയമായ ചലനങ്ങൾ സൃഷ്ടിച്ച ഫിലിംനാദം!

ഏപ്രിൽ ആദ്യവാരത്തിൽ വീണ്ടും പ്രസിദ്ധീകരണമാരംഭിക്കുന്നു!!

മലയാററൂർ, വൈക്കം, ജി. വിവേകാനന്ദൻ, ജഗതി അയ്യനേത്തു്, ശ്രീവരാഹം ബാലകൃഷ്ണൻ, എസ്സെൽപുരം ശ്രീകുമാരൻതമ്പി, സി. ആർ. ഓമനക്കുട്ടൻ തുടങ്ങിയ പ്രഗത്ഭന്മാരുടെ സാഹിത്യസൃഷ്ടികളോടൊപ്പം ആരാധകസഹസ്രങ്ങളുടെ അഭിമാനതാരങ്ങളായ തിക്കുറിശി, നസീർ, ഉമ്മർ, ബഹദൂർ, മാസി ഗോവിന്ദൻകുട്ട്, പി. ജെ. ആൻറണി എന്നിവരും എഴുതുന്നു.

കാലഘട്ടത്തിൻെറ വെല്ലുവിളി സ ധൈര്യം ഏറെറടുക്കുവാൻ കരുത്തുള്ള ചലച്ചിത്രവാരിക.

പത്രാധിപർ:- ഒററപ്രതി വില

സി. വി. വാസുപിള്ള. 30 പൈസ.

എല്ലാ സ്ഥലത്തും ഏജൻറന്മാരെ ആവശ്യമുണ്ടു്.

മാനേജർ,

ഫിലിംനാദം വാരിക,

പിയോളിലയിൻ, കൊച്ചിൻ-18.

ബാലലോകം

അഞ്ചു്

തൽസമയം മന്ത്രത്തിന്റെ ശക്തി തീർന്നു. ബ്രയനും സഹോദരന്മാർക്കും എട്ടാം കൃത്യം ഓർമ്മവന്നു. പല കഷ്ടപ്പാടും സഹിച്ചു് അവർ കുന്നിൻചുവട്ടിലെത്തി. കുന്നിന്റെ ഉന്നതസ്ഥനായ വീരയോദ്ധാവുണ്ടല്ലോ. അദ്ദേഹവും പുത്രന്മാരും വന്നെത്തി. രണ്ടുസംഘങ്ങളും തമ്മിൽ ഘോരമായ പോരുണ്ടായി. ബ്രയനും സഹോദരന്മാരും എതിരാളികളെ കൊലപ്പെടുത്തി. എങ്കിലും അവർക്കു് മരണകരമായ പരിക്കുകൾ പററിയിരുന്നു. എന്നിരുന്നിട്ടും അവർ ഒരുവിധത്തിൽ സ്വദേശത്തു മടങ്ങിയെത്തി.

പരിക്കുകൾ ഭേദമാക്കുന്ന പന്നിത്തോലുണ്ടല്ലോ ലുഗിന്റെ പക്കൽ. അതു് അവർ ലുഗിനു കൊടുത്തതാണു്. അവർ അതു തൽക്കാലം കടം ചോദിച്ചു. ജീവൻ രക്ഷിക്കാനായിട്ടു്. ഖേദകരമെന്നു പറയട്ടെ, ലുഗ് വിസമ്മതിക്കയാണു ചെയ്തതു്. രക്ഷയില്ലാതെ മൂന്നുപേരും മരിക്കതന്നെ ചെയ്തു.

യുദ്ധത്തിനു തയാറാവുകയാണല്ലോ ദേവന്മാർ. സകലതും ശരിപ്പെടുത്തിക്കഴിഞ്ഞപ്പോഴെ? അവർ ഫോമോറുകളുമായി ഏററുമുട്ടി. പ്രതിദിനം തുടർന്നുകൊണ്ടിരുന്നു ആ സംഘട്ടനം. കുറെ ദിവസം കഴിഞ്ഞപ്പോൾ ഒരു കാര്യം ഫോമോറുകളുടെ ശ്രദ്ധയിൽപെട്ടു. എതിരാളികളുടെ ഇടയിൽ ചിലതൊക്കെ നടക്കുന്നുണ്ടു്. കേട്ടപററിയ ആയുധങ്ങൾ വീണ്ടും കേടററു പ്രത്യക്ഷപ്പെടുന്നു. ഇതു് എങ്ങിനെയാണു് സംഭവിക്കുന്നതു്? കാരണം അറിയാൻ ഫോമോറുകൾക്കു് വെമ്പലായി. അവർ ഒരു ചാരനെ പറഞ്ഞയച്ചു. ചാരൻ ദേവരൂപംപൂണ്ടു് ദേവന്മാരുടെയിടയിൽ കടന്നു. എല്ലായിടത്തും പരിശോധന നടത്തിയപ്പോഴെ? യാഥാർത്ഥ്യം നേരിട്ടുകണ്ടു. ദേവന്മാർക്കു് ഗോബ്ന്യൂ എന്നൊരു കൊല്ലപ്പണിക്കാരനുണ്ടു്. അവനാണു് രഹസ്യശക്തി പ്രയോഗിച്ചു് ആയുധങ്ങൾക്കു കേടു തീർക്കുന്നതു്. ചാരൻ സൂത്രത്തിൽ കൊല്ലപ്പണിക്കാരന്റെ അടുത്തു കൂടി. ദേവരൂപത്തിൽ വന്നകാരണം ഗോബ്ന്യൂവിനു സംശയം തോന്നിയില്ല. ഒരു കുന്തം തരണമെന്നു് അപേക്ഷിച്ചു ചാരൻ. ഒട്ടും സംശയിക്കാതെ കുന്തം കൊടുത്തു ഗോബ്ന്യൂ. ചാരൻ അതുയർത്തി ഒററ കുത്തു്! ഗോബ്ന്യൂവിനു ഗുരുതരമായ പരിക്കു പററി. എന്നിട്ടും അയാൾ ചഞ്ചലപ്പെട്ടില്ല. സ്വദേഹത്തു തറച്ചിരുന്ന കുന്തം വലിച്ചൂരി അതെടുത്തു് ചാരനെ ഒരേറു്. കുന്തമേററ ചാരൻ നിലവിളിച്ചുകൊണ്ടു് ഓടിപ്പോയി. സ്വ

ഐതിഹ്യലോകം

ജനങ്ങളുടെ അടുത്തെത്തിയപ്പോൾ വീണുമരിക്കയും ചെയ്തു്. കൊല്ലപ്പണിക്കാരനാകട്ടെ, ദേവവൈദ്യനായ ഡയൻസെക്ടിനെ ചെന്നുകണ്ടു. 'ആരോഗ്യത്തിന്റെ നീരുറവ' എന്നൊന്നുണ്ടു്. ആ നീരുറവയുടെ അരികത്താണു് ഡയൻസെക്ട് ഇരിക്കുന്നതു്. വൈദ്യൻ ആ വെള്ളത്തിൽ കൊല്ലപ്പണിക്കാരനെ മുക്കിയെടുത്തു. മുറിവു് നിശ്ശേഷം മാറിയിരിക്കുന്നു!

അപ്പോൾ ഇതാണു പണി! ആ രഹസ്യം ഫോമോറുകളുടെ മറെറാരു ചാരൻ മനസ്സിലാക്കി. അയാളും കൂട്ടുകാരുംകൂടി രാത്രിയിൽ നീരുറവയിലേയ്ക്കു ചെന്നു. കല്ലുകൾ ഒന്നൊന്നായി പെറുക്കി നീരുറവയിൽ ഇട്ടുകൊണ്ടിരുന്നു. കുറെയേറെ കല്ലുകൾ വീണപ്പോൾ നീരുറവ് ആകെ അടഞ്ഞുപോയി. അതിൽനിന്നു വെള്ളം പൊങ്ങാതെയായി. അതു ദേവന്മാർക്കു വമ്പിച്ച നഷ്ടമായി.

ഇരുവശത്തും പല വീരന്മാരും ജീവൻ കളഞ്ഞു.

അവരിൽ നുവാഡയും ഉൾപ്പെട്ടിരുന്നു.

ബാലൊറും ലുഗും തമ്മിലുള്ള ദ്വന്ദ്വയുദ്ധം ഒന്നു പ്രത്യേകമായിരുന്നു. ശത്രുക്കളെ ചാമ്പലാക്കാൻ പര്യാപ്തമാണല്ലോ ബാലൊറുടെ കണ്ണു്. ആ കണ്ണുതുറന്നു ലുഗിനെ നോക്കാനൊരുങ്ങി ബാലൊർ. സ്വയം കണ്ണുതുറക്കാനാവില്ല ബാലൊർക്കു്. അനുചരന്മാർ കൈകൊണ്ടു തുറന്നുകൊടുക്കണം. അവർ അതിനു് ഉദ്യമിച്ചപ്പോഴോ? ലുഗ് ഒരു കല്ലിൽ മന്ത്രമടക്കി ഒരേറു്. കല്ലേററു കണ്ണു് ഇളകി തലതുളച്ചു മറുവശത്തുകൂടി നിലത്തുവീണു. പിറകുവശത്തു കണ്ണിന്റെ കാഴ്ചപ്പാടിൽ ഇരുപത്തേഴു ഫോമോറുകൾ നിന്നിരുന്നു. ആ ഇരുപത്തേഴു പേരും എരിഞ്ഞു ചാമ്പലായി!

ബാലൊർ അന്ധനായപ്പോഴൊ? ഫോമോറുകളുടെ ശക്തി നശിക്കതന്നെ ചെയ്തു. ദേവന്മാർ ആർത്തിരമ്പി മുമ്പോട്ടുകയറി. ഫോമോറുകൾ പുറംതിരിഞ്ഞു് നെട്ടോട്ടമോടി. ദേവന്മാർ ഓടുന്നവരെ കൊന്നുതള്ളി. ശേഷിച്ച ഫോമോറുകൾ സമുദ്രത്തിനടിയിൽ ചെന്നൊളിച്ചു എത്ര ഫോമോറുകൾക്കു് ജീവനാശം സംഭവിച്ചെന്നോ? സമുദ്രത്തിലെ തിരമാലകളോളം; കടൽക്കരയിലെ മണൽത്തരികളോളം; ആകാശത്തിലെ നക്ഷത്രങ്ങളോളം—അങ്ങനെ കാണുന്നുപോലും പഴയൊരു ഗ്രന്ഥത്തിൽ.

വിജയം ദേവന്മാരെ അനുഗ്രഹിച്ചല്ലോ. അവർ വമ്പിച്ച ആഘോഷങ്ങൾ നടത്തി. ആട്ടവും പാട്ടും കോലാഹലംതന്നെ!

★

ദേവന്മാർക്കു് കഷ്ടകാലമായി. അവരെ മനുഷ്യർ കീഴടക്കി.

മനുഷ്യർ ദേവന്മാരുടെ മുമ്പിൽ തുല്യരാണു്. ദേവന്മരോടു് മനുഷ്യർ തോററതേ കേട്ടിട്ടുള്ളു. മനുഷ്യരോടു് ദേവന്മാർ തോററുപോലും! അതെങ്ങനെ സംഭവിച്ചു? ആ ചോദ്യം സ്വാഭാവികമാണു്.

ഐതിഹ്യപ്രകാരം ആദ്യത്തെ കെൽട്ടുകാർ ദേവതുല്യരായിരുന്നു. ഒരു ദേവൻതന്നെയായിരുന്നു അവരുടെ പൂർവ്വികൻ അധോലോകത്തിൽ വാണിരുന്ന ദേവൻ എന്നൊരു വ്യത്യാസമുണ്ടു്. ഇന്നു് സ്പെയിൻ എന്നു പേരുള്ള രാജ്യമില്ലേ? അവിടെയായിരുന്നുപോലും ആ അധോലോകം.

ആ ലോകത്തു് ഏറെറവും ഉയർന്ന ഒരു സൌധമുണ്ടു്. ആ സൌധത്തിന്റെ മുകളിൽനിന്നു് ഒരു മനുഷ്യൻ നോക്കുകയാണു്. ഐത് എന്നു പേരുള്ള യുവാവാണു് അയാൾ. മുമ്പിൽ പരന്നുകിടക്കുന്നു വിശാലമായ സമുദ്രം. നല്ല തെളിഞ്ഞ കാലാവസ്ഥയാണു്. പോരെങ്കിൽ ഐതിനു് വളരെയേറെ കാഴ്ചശക്തിയുമുണ്ടു്. അതാ ചക്രവാളത്തിൽ ഒരു പൊട്ടു

മാലി

പോലെ കാണുന്നതു് എന്താണു്? കൂടുതൽ സൂക്ഷിച്ചുനോക്കിയപ്പോൾ ഒരു സ്ഥലമെന്നു് മനസ്സിലായി. ആ സ്ഥലം ഐത് അന്നോളം കണ്ടിട്ടില്ല. അവിടം കണ്ടുപിടിച്ചേ അടങ്ങൂ എന്നായി നിശ്ചയം. അയാൾ തൊണ്ണൂറു് അനുചരന്മാരെ കൂട്ടി. അവരുമായി കപ്പൽകയറി. യാത്രചെയ്തു. സ്ഥലത്തെത്തി. കരയ്ക്കിറങ്ങി.

ദേവന്മാരുടെ വാസസ്ഥാനമാണു് ആ സ്ഥലം. ദാഗ്മയുടെ മൂന്നു പുത്രന്മാർക്കാണു് ഇപ്പോൾ രാജ്യാവകാശം. മൂന്നുപേർക്കുമായി രാജ്യം ഭാഗിച്ചെടുക്കണം. എത്ര ചർച്ചചെയ്തിട്ടും തീരുമാനം ഉണ്ടാവുന്നില്ല. അപ്പോഴാണു് ഐതിന്റെ വരവു്. അവർ ഐതിന്റെ അഭിപ്രായം ആരാഞ്ഞു. 'ന്യായമനുസരിച്ചു പ്രവർത്തിക്കുവിൻ,' എന്നുമാത്രമേ ഐത് പറഞ്ഞുള്ളു. അതേസമയം ആ രാജ്യം

കുമാരി അനിത

പത്തനാപുരം താലൂക്കടിസ്ഥാനത്തിൽ നടത്തിയ കലാമൽസരങ്ങളിൽ ഭരതനാട്യത്തിലും നാടോടിനൃത്തത്തിലും മന്ന സ്ഥാനം കരസ്ഥമാക്കി.

അനിത പുനലൂർ പേപ്പർമില്ലിലെ ഉദ്യോഗസ്ഥനായ ശ്രീ: പി. ശിവരാമൻനായരുടെ മകളാണ്.

അയാൾക്കു കാമ്യമായി തോന്നി. അവിടത്തെ പ്രകൃതിഭംഗി, ഫലപുഷ്ടി, ശീതോഷ്ണാവസ്ഥ—അവയെല്ലാം അയാൾ പുകഴ്ത്തിപ്പറഞ്ഞു. എത്ര പുകഴ്ത്തിയിട്ടും മതിയാവാത്തതുപോലെ. ദേവന്മാർക്കു് സംശയം തോന്നി. ഒരു പരദേശി ഇങ്ങനെ പുകഴ്ത്തുന്നതാലോ? അയാൾക്കു് രാജ്യത്തിൽ കണ്ണുണ്ടെന്നു് അർത്ഥമല്ലേ? അവർ ഐതിനെ കൊലപ്പെടുത്തി. അയാളുടെ അനുചരന്മാർ സ്വദേശത്തേക്കു മടങ്ങി.

ഐതിന്റെ ഭാഗിനേയനാണു മീലെ. അയാളുടെ വിദ്യാഭ്യാസം കഴിക്കാളി. അമ്മാവനെ കൊന്നവരോടു് പകവീട്ടണം! മീലെ മുപ്പത്താറു പ്രഭുക്കന്മാരെ വരുത്തി. ഓരോ പ്രഭുവും തന്റെ സേനയെക്കൂട്ടി. എല്ലാവരുമായി കപ്പൽകയറി ദേവരാജ്യത്തു ചെന്നിറങ്ങി. ദേവന്മാരുടെ ആസ്ഥാനത്തേ ലക്ഷ്യമാക്കി പ്രയാണവും ആരംഭിച്ചു.

വഴിയിൽവച്ചു് ഐറിയു എന്ന ദേവിയെ കണ്ടുമുട്ടി.

ദേവി ഭാവിഫലം പറഞ്ഞു: 'നിങ്ങൾ ഈ രാജ്യത്തിനു് അവകാശികളാവും. ലോകത്തിലെ ഏററവും മഹാത്മ്യമുള്ള ജനതയെന്നു് പ്രസിദ്ധിയും നേടും.'

മീലെയുടെ മുത്തമകനാണു് ഡോൺ. കുറച്ചൊരു ധിക്കാരിയായ ആ യുവാവു് പറഞ്ഞു: 'ഹേ ദേവി! നിങ്ങളുടെ പ്രവചനംകൊണ്ടു് കാര്യമൊന്നുമില്ല. ഞങ്ങൾ ജയിക്കുന്നതു് ഞങ്ങളുടെ മെയ്മിടുക്കുകൊണ്ടാണു്!'

'ഡോൺ, നീയും നിന്റെ സന്തതികളും വിജയത്തിന്റെ ഫലം അനുഭവിക്കില്ല. കാരണം, നിനക്കു് ദീർഘായുസ്സില്ല,' ദേവി ചൂണ്ടിക്കാട്ടി.

ഐറിയുദേവി അമെർജിന്റെ നേർക്കുതിരിഞ്ഞു. അമെർജിൻ ഒരു ഡ്രൂയിഡാണു്. ഒരുതരം പുരോഹിതരാണു് ഡ്രൂയിഡുകൾ. അവർക്കു മന്ത്രവാദം വശമുണ്ടു്. അത്ഭുതസിദ്ധികളുമുണ്ടു്. ഏററവും ശക്തിമാനായ ഡ്രൂയിഡാണു് അമെർജിൻ.

'അമെർജിൻ, ഈ നാടിനു് എന്റെ പേരിടണം,' ഐറിയു അപേക്ഷിച്ചു.

'അപ്രകാരം ചെയ്തുകൊള്ളാം.' അമെർജിൻ ഏററു.

നാടിനു് ഐർലണ്ടു് എന്ന പേരുണ്ടായി. ഐർലണ്ടു് എന്നതിൽ ഐറിയു എന്ന പേരു അടങ്ങിയിട്ടുണ്ടല്ലൊ.

(തുടരും)

—o—

ജീവിതദർശനം

(5-ൽ നിന്നും തുടർച്ച)

പഴുത്തു് ചലം വന്നു്, ഈച്ചകൾ ആർത്തു്, ചോര വററി വെള്ളംപോലും കുടിക്കാനാവാതെ, ഒന്നും കാണാനാവാതെ മരിക്കുക. പക്ഷേ, ഇതു കടലാസ്സിൽ പകർത്താൻ കഴിയുകയില്ലല്ലോ എന്നതാണു് സാഹിത്യകാരന്റെ ശാശ്വതമായ ദുഃഖം. അല്ലാതെ മരിക്കാൻവേണ്ടി ജീവൻ കിട്ടിയതാണെന്നതിലല്ല സാഹിത്യകാരന്നു ദുഃഖം വേണ്ടതു്.

ഇത്രയും പറഞ്ഞിട്ടും എന്റെ ജീവിതദർശനത്തെക്കുറിച്ചു് ഒന്നും പറഞ്ഞില്ല. എന്തൊരു മര്യാദകേടാണിതു്! ആധുനികസാഹിത്യംപോലെയുള്ള മര്യാദകേടു്.

സാഹിത്യകാരന്റെ ജീവിതദർശനത്തെക്കുറിച്ചു് എനിക്കു് ഒരു ചെറിയ സംഭവമേ പറയാനുള്ളു. മൈസൂർ യൂണിവേഴ്സിററിയിൽനിന്നു വലിയ ഡിഗ്രിയെല്ലാം സമ്പാദിച്ചു്, നാട്ടിൽ വളരെ സ്വസ്ഥനായി, അല്ലെങ്കിൽ അസ്വസ്ഥനായി ജോലിയിച്ചുതെയിരിക്കുന്ന വിജയൻപണിക്കർ പറഞ്ഞ കഥ. കഥയിതാണു്:

ശ്രീ: എം. ടി. വാസുദേവൻനായർ മൈസൂർയൂണിവേഴ്സിററിയിൽ പ്രസംഗിക്കാനെത്തി. നല്ല ഹാംഗ്ളീഷിൽ ഒരുമണിക്കൂർ നേരം സാഹിത്യത്തെക്കുറിച്ചു് എന്റെ ഗുരു പ്രസംഗിച്ചു. ആ പ്രസംഗത്തിൽ എം. ടി. ഒരു കട്ടംകൈ പറഞ്ഞത്രേ. കട്ടംകൈ ചെയ്തതല്ല പറഞ്ഞതാണു്. ഇന്ത്യയിൽ ഞെട്ടിപ്പിക്കുന്ന ഒരു സംഭവം ഇതുവരെ നടന്നിട്ടില്ല എന്നതായിരുന്നു ആ പ്രസ്താവന. പ്രസംഗം തീർന്നപ്പോൾ പതിനുപേ ചെ ചോദ്യത്തരം ആരംഭിച്ചു. കന്നടയിലെ പ്രസിദ്ധനായ ഒരു സാഹിത്യകാരൻ അവിടെ അപ്പോൾ ഇരിപ്പുണ്ടായിരുന്നു. വലിയ ഗൌരവഭാവത്തിൽ, കന്നടസാഹിത്യത്തെ മുഴുവൻ പ്രതിനിധീകരിച്ചുകൊണ്ടു് ഒരു ചോദ്യം എം. ടി. യുടെ നേർക്കായി വിട്ടു. ചോദ്യം ഇതായിരുന്നു:

'മിസ്ററർ എം. ടി. താങ്കൾ പറഞ്ഞല്ലോ ഇന്ത്യയിൽ ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ ഒന്നും ഉണ്ടായിട്ടില്ലെന്നു്.' അൽപ്പം നിർത്തി കന്നടസാഹിത്യകാരൻ ചോദിച്ചു:

Don't you think the death of Mahatma Gandhi is an important and shocking incident in India'

എം. ടി ഒരു മിനിട്ടുപോലും ആലോചിച്ചില്ല ഉത്തരം പറയാൻ. ചെറിയ കെമ്പൻമീശയ്ക്കുതാഴെ പുച്ഛരസത്തിലുള്ള ഒരു പുഞ്ചിരിയണിഞ്ഞുകൊണ്ടു് എം. ടി. പറഞ്ഞതു്:

'I—D-O N-T T-H-I-N-K S-O' 'I don't think so.' എന്നു് ഞാനിവിടെ എഴുതിയിരിക്കുന്നതു് capital അക്ഷരങ്ങളിലാണു്. മാത്രമല്ല ഓരോ അക്ഷരവും കഴിഞ്ഞിട്ടു് ഓരോ ഹൈഫൻ ഇട്ടിട്ടാണു്. 'I don't think so' എന്ന ആ ഉത്തരമാണു് എന്റെ ജീവിതദർശനം അല്ലെങ്കിൽ എഴുത്തുകാരന്റെ ജീവിതദർശനം.

ഇനി നമുക്കു കാര്യത്തിൽ കടക്കാം എന്തുകൊണ്ടു് എം. ടി. മഹാത്മാഗാന്ധിയുടെ മരണത്തെ ഒരു മഹത്തായ ഞെട്ടിപ്പിക്കുന്ന സംഭവമായി എടുത്തില്ല. അതിനു രണ്ടു കാരണമുള്ളതായിട്ടാണു് എന്റെ വ്യാഖ്യാനം.

ഒന്നു്: ഗാന്ധി പിറന്ന നാടാണു് ഭാരതം അങ്കിൽ ഗാന്ധിജിയെ കൊന്ന ഗോഡ്സേ പിറന്ന നാടുകൂടിയാണു് ഭാരതം.

രണ്ടു്:

രണ്ടാമത്തേതു് വെറും പ്ളെയിൻ. അതായതു് എം. ടി. ഒരു സാഹിത്യകാരനാണു്.

ഞാനുപന്യാസം തീർത്ത സാഹിത്യകാരൻ ഒരു ഗാന്ധിയനാണു്. ആ കഥാനായകനു് അവൻ സ്വയം തന്റെ ആത്മാവിനെ കുത്തുന്നു ആ കൊലപാതകത്തിൽ അവൻ ചിന്തുന്ന ചോരയാണു് അവന്റെ ദർശനം അഥവാ ജീവിതദർശനം.

—o—

വിശേഷാൽ ജനസമ്മതിയുള്ള മത്സരം

പ്രവേശനഫീസില്ല—നിങ്ങൾക്ക്

ഒരു സമ്മാനം കിട്ടിയേ തീരൂ

ഒന്നാംസമ്മാനം ഒരു സ്കൂട്ടർ വെസ്പാ, അല്ലെങ്കിൽ അല്ലിവിൻ റഫ്രിജറേറ്റർ. രണ്ടാംസമ്മാനം ഒരു ടേപ്പ്റിക്കാർഡർ അല്ലെങ്കിൽ ആട്ടോമാറ്റിക് ക്യാമറ അല്ലെങ്കിൽ റേഡിയോഗ്രാം. മൂന്നാംസമ്മാനം (100) ജപ്പാൻ 3 ബാൻഡ് ടോയോ മെയ്ഡ്. ആംവേറംഡ് ട്രാൻസിസ്റ്റേഴ്സ് (വില 275രൂ) 4-ാംസമ്മാനം(10)ജപ്പാൻ 3ബാൻഡ് ടോയോജൂണിയർ മെയിഡ് ആംവേറംഡ് ട്രാൻസിസ്റ്റേഴ്സ്. (വില 250 രൂപ.)

നിങ്ങളെന്തുചെയ്യണം? ശൂന്യമായി കിടക്കുന്ന ചതുരങ്ങളിൽ 7 മുതൽ 22 വരെയുള്ള സംഖ്യകളുപയോഗിച്ച്, മുകളിലോട്ടും, ഇടതുവലതായും, കോണോടുകോണും കൂട്ടിയാൽ 58 കിട്ടത്തക്കവിധം എഴുതുക. ഒരു സംഖ്യ ഒന്നിൽകൂടുതൽ പ്രാവശ്യം ഉപയോഗിക്കാൻ പാടില്ല.

അയയ്ക്കേണ്ട അവസാനദിവസം: 25-4-73. ഫലപ്രഖ്യാപനം: 28-4-73.

ഒരു മാതൃക ചുവടെ ചേർക്കുന്നു (കൂട്ടിയാൽ 54 കിട്ടത്തക്കവിധം)

10	13	16	15
17	14	11	12
19	20	9	6
8	7	18	21

മൽസരത്തിനുള്ള നിയമങ്ങൾ:- (1) വെള്ളക്കടലാസ് ഉപയോഗിക്കുക. (2) തിരുത്തലുകൾ ചെയ്ത പൂരണം സ്വീകാര്യമല്ല. (3) പരിശോധകന്മാരുടെ തീരുമാനം അവസാനത്തേതും നിയമപരിധിക്കുള്ളിൽ നിൽക്കുന്നതുമായിരിക്കും. ഈ മൽസരത്തിന്റെ സുപ്രധാനവ്യവസ്ഥയാണിതു്. (4) ഔദ്യോഗികമായി മുദ്രവച്ച പൂരണത്തോടു തട്ടിച്ചുനോക്കിയായിരിക്കും തീരുമാനംകൈക്കൊള്ളുക. സമ്മാനം പണമായി നൽകുന്നതല്ല. (5) ഒന്നാംസമ്മാനം (1) ഔദ്യോഗികപൂരണത്തോടു് ഒത്തുനിൽക്കുന്നതിനു നൽകപ്പെടും. (6) രണ്ടാംസമ്മാനം (1) മുകളിലത്തെ മൂന്നു് ഇടതുവലതു വരികളുടെ സാമ്യം നോക്കി നൽകപ്പെടും. (7) മൂന്നാംസമ്മാനം (100) ഔദ്യോഗികമായ പൂരണമായി ഏതെങ്കിലും നിരയിലോ, സംഖ്യയിലോ ഉള്ള സാമ്യം നോക്കി നൽകപ്പെടും. (8) നാലാംസമ്മാനം പരിശോധകന്മാർക്കു തൃപ്തികരമായിത്തോന്നുന്ന (10) പൂരണങ്ങൾക്കു നൽകപ്പെടും. (9) വിജയികൾ പോസ്റ്റേജ് പാക്കിംഗ്ചെലവു്, ലൈസൻസ്ഫീസ് എന്നിവ തങ്ങൾക്കു കിട്ടുന്ന സാധനത്തിനനുസരണമായി കൊടുക്കണം. മൂന്നും നാലും സാധനങ്ങൾ വാങ്ങുന്നവർ അവരുടെ മുകളിൽപറഞ്ഞ ചിലവുകൾകൂടാതെ ട്രാൻസിസ്റ്ററിന്റെ പാതി വിലകൂടി കൊടുക്കണം. (10) ഞങ്ങളുടെ നിയമങ്ങൾക്കും നടപടിക്രമങ്ങൾക്കും അവർ വിധേയരാണു്. (11) വിജയികൾക്കു കത്തുമൂലം ഫലപ്രഖ്യാപനം അറിയിക്കുന്നതും, ലൈസൻസ് ഫീ തുടങ്ങിയ ഡിസ്പോസിററു ചെയ്യേണ്ടതുമാണു്. (12) ഫലമറിയാൻ 45 പൈസയുടെ പോസ്റ്റൽസ്റ്റാമ്പുകൂടി അയയ്ക്കുക. (13) ഒരു കുടുംബം ഒരു പൂരണമേ അയയ്ക്കാൻ പാടുള്ളു. (14) നിങ്ങളുടെ മേൽവിലാസം ഇംഗ്ളീഷിലോ ഹിന്ദിയിലോ മാത്രമേ എഴുതാവൂ, (15) ഭാവിയിലെ ഉപയോഗത്തിനു് ഈ നിയമങ്ങളുടെ ഒരു പ്രതി സൂക്ഷിച്ചുകൊള്ളുക.

Director Contest Department: **Japan Agencies**

(W-58) P. O. Box No. 1194: DELHI-6.

സാഹിത്യവാരഫലം

(12-ൽ നിന്നു തുടർച്ച)

അക്കാര്യത്തിൽ ജോൺ ദുഃഖിക്കേണ്ടതില്ല. അൽബർ കമ്യൂവിന്റെ Fall എന്ന നോവലും പല ചെറുകഥകളും നോവലിന്റെ രൂപത്തിലുള്ള പ്രബന്ധങ്ങൾ മാത്രമാണു്. (ജോണിന്റെ കഥ പൗരധ്വനി വാരികയിൽ)

വൈദ്യശാസ്ത്രം എത്ര വികസിച്ചാലും കുഷ്ഠംപോലുള്ള മഹാരോഗങ്ങൾ എന്നുമുണ്ടായിരിക്കും. ബർനാർഡ്ഷായുടെ സർഗ്ഗാത്മകപരിണാമം എന്ന തത്ത്വമനുസരിച്ചു മനുഷ്യൻ അതീതമനുഷ്യനായി മാറിയാലും അവന്റെ കൊള്ളരുതായ്മകൾക്കു മാറ്റം വരികയില്ല. സാഹിത്യം എത്രകണ്ടു പുരോഗമിച്ചാലും ചന്ദ്രികവാരികയിൽ വിശ്വം പി കെ. മാമ്പാറ എഴുതിയ 'കിനാവള്ളി'പോലുള്ള കുഷ്ഠരോഗസദൃശങ്ങളായ ചെറുകഥകൾ ഉണ്ടാകാതിരിക്കുകയില്ല. ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥിനി കാമുകനായ ദേവനു് അയച്ച കത്തുകൾ വാർഡൻ അവളറിയാതെ തടഞ്ഞുവച്ചുപോലും. കാമുകന്റെ മറുപടി കിട്ടാതെ അവൾ ഉറക്കഗുളികകൾ കഴിച്ചു് ആത്മഹത്യ ചെയ്തുപോലും. ഇത്രയും പറയാൻ എല്ലാം കാല്പനികാഭാസങ്ങളും വിശ്വം എടുത്തുനിരത്തുന്നു. (ആഭാസമെന്നതു് മലയാളത്തിൽ ഉപയോഗിക്കുന്ന അർത്ഥത്തിൽ) റോഡിൽ യാചകർ പുണ്ണു കാണിച്ചു ഭിക്ഷ ചോദിക്കുന്നതുപോലെ കാല്പനികാഭാസത്തിന്റെ വ്രണങ്ങൾ കാണിച്ചു് ഈ കഥാകാരൻ അനുവാചകന്റെ ആസ്വാദനമെന്ന ഭിക്ഷ അർത്ഥിക്കുന്നു. കുഷ്ഠരോഗിയെ ഗവൺമെന്റു് ആതുരാലയത്തിൽ പാർപ്പിക്കണം. സാഹിത്യത്തിലെ കുഷ്ഠത്തെ തടയാൻ മാർഗ്ഗമില്ലാത്തതുകൊണ്ടു് പത്രാധിപന്മാർ നമ്മെ സഹായിക്കണം. 'ചന്ദ്രിക' ഉത്കൃഷ്ടമായ വാരികയാണെന്നു ഞാൻ മുൻപു പറഞ്ഞിട്ടുണ്ടു്. അതിന്റെ ശ്രേഷ്ഠതയ്ക്കു ഹാനി വരുത്തും ഇത്തരം കഥകൾ.

* * *

'ദേശാഭിമാനി'വാരികയിൽ വന്ന കവിതകളെപ്പററി ഒരവലോകന'മെന്ന മട്ടിൽ ശ്രീ: എം. കുട്ടിക്കൃഷ്ണൻ (തിരുവനന്തപുരത്തുള്ളവർ കുട്ടിക്കൃഷ്ണൻ എന്നാണു പറയുക; കുട്ടികൃഷ്ണൻ എന്നല്ല ഗോപാലപിള്ളയേയുള്ളു ഇവിടത്തുകാർക്കു്. ഗോപാലപ്പിള്ളയില്ല. അതിനാൽ കുട്ടിക്കൃഷ്ണൻ എന്നു് എഴുതിക്കൊള്ളട്ടെ) 'മലയാളകവിതയിലെ പുതിയ വസന്ത'മെന്ന പേരിൽ ഉപന്യസിക്കുന്നു. അദ്ദേഹത്തിന്റെ ലേഖനം (രണ്ടു ലക്കങ്ങളിൽ) രൂപശില്പത്തികവുകൊണ്ടു് ആകർഷകമായിരിക്കുന്നു. പക്ഷേ, അതിന്റെ ഉള്ളടക്കത്തോടു് പ്രവ്ദോ നെറൂത എന്ന മാർക്സിസ്റ്റ്കവിയുടെയും മോത് സെദൂങ് എന്ന മറെറാരു മാർക്സിസ്ററ് കവിയുടെയും ആരാധകനായ എനിക്കു യോജിക്കാൻവയ്യ. പ്രഭാഷണാത്മകത ഉൾക്കൊള്ളുന്ന കാവ്യങ്ങളേ ഉത്തമകാവ്യങ്ങളായി കുട്ടിക്കൃഷ്ണൻ കരുതുന്നു എന്നതാണു് അദ്ദേഹത്തിന്റെ ലേഖനത്തിനുള്ള ന്യൂനത.

* * *

താജ്മഹലിനെക്കാൾ സുന്ദരമാണു് മർസൽപ്രൂസ്ററിന്റെ മഹാനോവലെന്നു ഞാൻ പറഞ്ഞു. അതിനേക്കാൾ സുന്ദരമാണു് കാളിദാസന്റെ 'മേഘസന്ദേശം:' 'ഓരോ നവവർഷമേഘം വരുമ്പോഴും കോരിത്തരിക്കും ജഗത്തിന്റെ മാനസം' എന്നാണു് കേരളത്തിലെ കവി അതിനെക്കുറിച്ചു പാടിയതു്. പ്രേമത്തിന്റെയും ലോകത്തുള്ള എല്ലാ രമണീയവസ്തുക്കളുടേയും പ്രതീകമായ ആ മേഘ

സാഹിത്യകാരൻ സമൂഹനന്മയും സന്മാർഗ്ഗവും ലാക്കാക്കേണ്ട കാര്യമില്ലെന്ന് ആധുനികന്മാർ പറയുന്നു. മനുഷ്യരാശിയുടെ സംയുക്തമനഃസാക്ഷിയെ രൂപപ്പെടുത്താൻ ശക്തമായ സാഹിത്യസൃഷ്ടി പിന്നെ എന്തിനെയാണു ലാക്കാക്കേണ്ടതു്? അസാന്മാർഗ്ഗികവും അരാജകത്വവും വിളയാടുന്ന ഒരു ഭാവിതലമുറയേയോ?

ജയപാലൻ

S. S. L. C., മെട്രിക്ക്, പ്രീഡിഗ്രി—മാർച്ച് 1974.

V-ാം Std. വരെ മാത്രം പഠിച്ചവർക്കും പ്രവേശനം കൂടാതെ ബി. എ., എം. എ. പരീക്ഷകൾ സ്വഗൃഹത്തിലിരുന്നു പാസ്സാകാം.

പഠിച്ച ക്ളാസ്സും, വയസ്സും കാണിച്ചു് അപേക്ഷിക്കുക.

P. T. College

Manacaud, Trivandrum-9.

Pass Privately:

M A ENGLISH, ECONOMICS, HISTORY, POLITICS, SOCIOLOGY (Sagar / Venkateswara / Kerala,) B A, B Com., P. D. C.-

Prospcetus Rs 5/-

Postgraduate Study Centre, Kottayam

Director:

T. N. P. PANIKAR M. A.

ത്തെക്കുറിച്ചു് ശ്രീ: തിരുനല്ലൂർ കരുണാകരൻ പാടുന്നതു കേൾക്കുക:-

'...സഞ്ചരിക്കുമാമേഘം
കാലമാം കടമ്പിന്റെ
മഞ്ജുശാഖയിൽ നീല-
പ്പൂവിടർത്തിക്കൊണ്ടിന്നും
കോമളമയിർക്കൊള്ളിക്കുന്നു
തേൻ മിനാവുകൾ ചാറി
ഗ്രീഷ്മാവസാനശ്യാമ-
മധുരാസ്വാസ്ഥ്യങ്ങളെ
ദ്യോവിനു നിദാഘസന്താപ
ശാപത്തിൽനിന്നു
മോചനമരുളുവാനലിയും
കാർമേഘമേ,
ഇന്ത്യതൻ കവിളത്തു
വാർമിന്നൽത്തിളക്കമാ
യിന്ദ്രകാർമുകമായും
മിന്നുക സൗന്ദര്യമേ'

മേഘമെങ്ങനെ സൗന്ദര്യമായിരിക്കുന്നുവോ അതുപോലെതന്നെ തിരുനല്ലൂർ കരുണാകരന്റെ ഈ കാവ്യവും സൗന്ദര്യത്തിന്റെ സാരമായിബ്ബവിച്ചിരിക്കുന്നു (കവിത 'അക്ഷരം' മാസികയുടെ മൂന്നാംചക്കത്തിൽ). വേറൊരു നാദമാണു് ശ്രീ. സി ജി. രാജഗോപാലിന്റെ 'വേഷങ്ങൾ' എന്ന കാവ്യത്തിൽനിന്നുയരുക. (മാതൃഭൂമി) കഥകളിവേഷങ്ങളിലൂടെ ജീവിതത്തിന്റെ വിവിധഭാവങ്ങളെ ആലേഖനം ചെയ്യുന്ന ആ കാവ്യത്തിനും ചാരുതയുണ്ടു്.

നന്ദനവാടിതൻ മഞ്ജരീസുന്ദര
മന്ദാരശീതളച്ഛായാതലങ്ങളിൽ
മന്ദ്രമൃദംഗവീണാവേണുരഞ്ജിത
മംഗളഗന്ധർവഗാനലയങ്ങളിൽ

എന്ന മട്ടിലുള്ള ചങ്ങമ്പുഴശൈലി ഒഴിവാക്കുമെങ്കിൽ രാജഗോപാലിന്റെ കവിത കൂടുതൽ ഹൃദ്യമാകും.

"The bright eye with which you look into what they contain separates me from my old clothes, and like a god. I go naked.' സ്റ്റേഫൻ മലർമേ (Stephan Mallarme) എന്ന ഫ്രഞ്ച്കവി പറഞ്ഞതാണിതു് കവിയുടെ നേത്രങ്ങൾകൊണ്ടു് ശ്രീമതി സുഗതകുമാരി ജീവിതത്തെ നോക്കുന്നു ആ ജീവിതം അതിന്റെ തനിസ്വരൂപത്തിൽ പ്രത്യക്ഷമാകുന്നു സുഗതകുമാരിയുടെ ജീവിതം എന്ന ഈ കവിതയ്ക്കു ശക്തിയുണ്ടു്. (അക്ഷരം മാസിക.)

* * *

ഒരു ചൈനീസ്കവിത;-

When will the last flower fall,
the last moon fade?
So many sorrows lie behind.
Again last night the east wind
filled my room-
O gaze not on the last kingdom
under their bright moon.

[എപ്പോഴാണു് അവസാനത്തെ പുഷ്പം വീഴുന്നതു്? എപ്പോഴാണു് അവസാനത്തെ ചന്ദ്രൻ വിവർണ്ണമാകുന്നതു്? എത്രയെത്ര വിഷാദങ്ങൾ പിന്നിലുണ്ടു്. കഴിഞ്ഞ രാത്രിയിൽ കിഴക്കൻകാററു് എന്റെ മുറിയിൽ വീണ്ടും നിറഞ്ഞുനിന്നു. ഓ, ഉജ്ജ്വലമായ ഈ ചന്ദ്രന്റെ മുൻപിൽവച്ചു നഷ്ടപ്പെട്ട സാമ്രാജ്യത്തെ നോക്കാതിരിക്കൂ.] ഇതുപോലെ നാലുവരി ദിവസവും വായിച്ചാൽ മതി; ജീവിതം സമ്പന്നമാകും.

—·—

ജീവനം

ശ്രീകുമാർ

കൺകളിലാളും ജ്വാലകളഗ്നിശലാകകളൊഴുകും ചാലുകൾ, ഭീകരരൂപികളിഴയും ഗഹ്വരഭിത്തികൾ,
ചാരത്തൊരുപാണകലത്തേറെ
ചുട്ടുപഴുത്തൊരു സൂര്യാംഗനയുടെ
പ്രതികാരത്തീ പെരുകിപ്പെരുകിയൊ
രഗ്നിസമുദ്രസമാനം ഞാനിതിലുരുകിമരിക്കെ, പിന്നെ ജനിക്കെ
എന്നെ ചുററിവരിഞ്ഞു
സ്വർണ്ണപ്പാമ്പുകൾ വർണ്ണപ്പാമ്പുകളെന്നെ കുത്തിക്കീറി കുടലുപറിച്ചു
കടിച്ചുമുറിക്കും ക്രൂരാവേശത്തിരയടിപോലെ-
പ്പുനർജനിഅഗ്നിച്ചിറകുവിരുത്തി-
യുണർത്തീ, ചേതന
സിരകളിലാളുക്കത്തി...
ദേവനുണർന്നുവരുമ്പോൾ ഭൂമിയിലൊരുപിടി ചാരം കണ്ടു, സ്വർഗ്ഗം
ചുട്ടുരുകുന്നതുകണ്ടു, നരകം
കൂർത്ത ജഹന്നമിലിത്തിരി-
വിത്തുകൾ
വേരു പൊടിച്ചുകിളിർത്തുവരുന്നതു
കാത്തുകിടന്നു ചിലയ്ക്കും
കിളിതൻ
ചലപിലഗാനം കേട്ടു.

* നരകമെന്ന സങ്കൽപ്പത്തിന്റെ മൂർത്തബിന്ദുവാണു ജഹന്നം.

—·—

ശാസ്ത്ര സംഗതി

അവീൻ

നൂററാണ്ടുകളായി അറിയപ്പെടുന്ന ഒരു ഔഷധമാണു് അവീൻ. ഹോമറുടെ 'ഒഡിസെ' ഓപ്പിയത്തെപ്പററി സൂചിപ്പിക്കുന്നുണ്ടു്. ഗാലൻ വേദനാസംഹാരി എന്ന നിലയിൽ ഓപ്പിയം ഉപയോഗിച്ചിരുന്നു. ഓപ്പിയം സർവ്വസാധാരണമായി ഉപയോഗിക്കുകകാരണം 'സിൻഡൻഹാം' എന്ന ഭിഷഗ്വരനെ, അദ്ദേഹത്തിന്റെ രോഗികൾ 'ഓപ്പിയം ഡോക്ടർ' എന്നു മുദ്ര കുത്തുകപോലും ചെയ്തിരുന്നതു്. ഓപ്പിയംയുദ്ധത്തെക്കുറിച്ചാകട്ടെ ചരിത്രവിദ്യാർത്ഥികളെ ഓർമ്മപ്പെടുത്തേണ്ട ആവശ്യവുമില്ല.

കുംഭം, മീനമാസങ്ങളിൽ പുഷ്പിക്കുന്ന ഒരു ചെടിയാണിതു്. 'മിഡിൽ ഈസ്ററ് 'രാജ്യങ്ങളിലാണിതുഭൂരിഭാഗവും വളർത്തിയെടുക്കുന്നതു്. ഇന്ത്യ, പേർസ്യ, ഏഷ്യാമൈനർ, ടർക്കി, ചൈന, ഈജിപ്ത്, ഇംഗ്ളണ്ടു് തുടങ്ങിയ രാജ്യങ്ങളിൽ അവീൻകൃഷി ചെയ്തുവരുന്നു. ഇന്നു് ഇന്ത്യയിൽ ഉത്തരപ്രദേശിൽ മാത്രമേ അവീൻ അധികൃതമായ രീതിയിൽ കൃഷിചെയ്തുവരുന്നുള്ളു. ഇതുതന്നെയാകട്ടെ, മുഴുവൻ ഗവർമ്മേണ്ടു് വിലയ്ക്കു വാങ്ങുകയും ചെയ്യുന്നു.

അവീൻ അഥവാ പോപ്പിവൃക്ഷങ്ങളുടെ (papaver Somniferum) വേണ്ടത്ര പാകപ്പെടാത്ത ഫലങ്ങളിൽ ചെറിയ മുറിവുകളുണ്ടാക്കി, ഒഴുകിവരുന്ന പാൽ വായുവിൽ വലിയിച്ചെടുക്കുമ്പോഴാണു് അവീൻ ലഭിക്കുന്നതു്. അവീനിൽ നിരവധി ക്ഷാരവസ്തുക്കൾ അടങ്ങിയിരിക്കുന്നു. ഇതിൽ മുഖ്യമായതും ശീലമായിത്തീരുന്നതുമായ ഔഷധം 'മോർഫിയാ'തന്നെയാണു്.

അസംസ്കൃത ഓപ്പിയം പുകയിലയോടൊപ്പം അകത്തോളു വലിക്കുകയോ തിന്നുകയോ ചെയ്യുന്നു. 'ഓപ്പിയം അഡിക്ററുകൾ' മനഃശാസ്ത്രദൃഷ്ട്യാ' അന്തർമുഖന്മാരാണു് Intr overts) 'ഹീറോയിൻ' (Heroin) സ്വഭാവക്കാരാകട്ടെ ബഹിർമുഖരും (Exr overt . ചില ആഘോഷവേളകളിൽ ഓപ്പിയം 'Kasormba' എന്ന പാനീയമായി ഉപയോഗപ്പെടുത്താറുണ്ടു്.

വൈദ്യശാസ്ത്രം നിരവധി രോഗങ്ങളിൽ 'മോർഫിയ'യുടെ ഔഷധഗുണം ഉപയോഗപ്പെടുത്താറുണ്ടു്. മയോകാർഡിയൽ ഇൻഫാർക്ക്ഷൻ (Myecardial infarction) എന്ന ഹൃദ്രോഗത്തിൽ വേദന കുറയ്ക്കാൻ പലപ്പോഴും 'മോർഫിയാ' തന്നെ വേണ്ടിവന്നേക്കും. അർബ്ബുദ രോഗികളിലും, മററു് വേദനാസംഹാരികൾ ഫലപ്രദമാകാതെ വരുമ്പോൾ 'മോർഫിയ' ഉപയോഗിക്കാറുണ്ടു്. ഭയപ്പെടുത്തുന്ന ഗർഭമലസലുകളിൽ (Threatened Abortion) മോർഫിയ ആശങ്കയും വേദനയും കുറയ്ക്കുന്നു. കാർഡിയ

യ്ക്കു ആസ്തമാ, പൾമനറി എഡിമ (Pulmonary oedema) തുടങ്ങിയ രോഗങ്ങളിലും 'മോർഫിയ' ആവശ്യമായി വന്നേക്കും. പ്രസവസമയത്തു് വേദന കുറയ്ക്കാനായും, ഒരു സമ്മോഹന ഔഷധമെന്ന നിലയിലും, ചില പ്രത്യേകസന്ദർഭങ്ങളിൽ മോർഫിയ ഉപയോഗിച്ചുവരുന്നു. മോർഫിയ ചുമനിയന്ത്രിക്കുന്ന കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നതു കാരണം; ചുമ നിവാരണ ഔഷധങ്ങളിൽ 'മോർഫിൻ' ചേർക്കാറുണ്ടു്. എന്നാൽ 'മോർഫിയ' ഛർദ്ദിയുണ്ടാക്കിയേക്കുമെന്നുള്ളതുകൊണ്ടു് പലപ്പോഴും 'Atropine' എന്ന ഔഷധംകൂടി ചേർത്താണുപയോഗിക്കാറു്.

മാനസികകാരണങ്ങളാലുള്ള ഉറക്കക്കുറവിൽ മോർഫിയ ഫലം ചെയ്യാറില്ല. മോർഫിയ 'ഉന്മേഷാവസ്ഥ (Euphoria) ഉണ്ടാക്കുന്നു എന്നതാണിതിന്നു കാരണം. അതേസമയം വേദനകാരണമുള്ള ഉറക്കമില്ലായ്മയിൽ മോർഫിയ ഗുണം ചെയ്യുന്നു. ആമാശയത്തിന്റെ പുറംദ്വാരം Cardiac Orfice) ചുരുക്കുക, അന്നനാളസ്രവം കുറയ്ക്കുക, മലവിസർജ്ജനത്തിന്നുള്ള പ്രചോദനം ഇല്ലാതാക്കുക എന്നീ ഗുണങ്ങളുള്ളതുകൊണ്ടു് 'ഓപ്പിയം' ഫലപ്രദമായ ഒരു 'ആൻഡി ഡയരീയൽ' ഔഷധമാണു്. വയറിളക്കത്തിന്നു് ഉപയോഗിക്കുന്ന 'ബിസ്മത്ത് കയലിൻ' എന്ന മിക്സർ പലപ്പോഴും ടിഞ്ചർ ഓപ്പിയം ചേർത്താണു് നൽകുക പതിവു്.

15-30 gr. അസംസ്കൃതഓപ്പിയം മരണകാരണമായേക്കും. അതേസമയം ചില 'ആസക്തിവിധേയർ' നൂറുഗ്രെയിൻവരെ യാതൊരു വിഷലക്ഷണങ്ങളും ഇല്ലാതെ ദിനംപ്രതി ഉപയോഗിച്ചുവരുന്നുവെന്നു് പഞ്ചാബിലെ കെമിക്കൽ എക്സാമിനർ അവകാശപ്പെടുന്നു. ഏതാണ്ടു് മൂന്നുഗ്രെയ്ൻ 'മോർഫിൻ' മതി ഒരാളുടെ ജീവൻ അപകടപ്പെടുത്താൻ.

അമിതമായി അവീൻ അകത്തു ചെല്ലുന്നപക്ഷം മരണം എട്ടുതൊട്ടു് പന്ത്രണ്ടു മണിക്കൂറുകൾക്കുള്ളിൽ സംഭവിക്കുന്നു. കുട്ടികളിലാകട്ടെ, ഏതാനും മിനുററുകൾക്കുള്ളിൽതന്നെ മരണം സംഭവിക്കുന്നു അമിതമായി അവീൻ അകത്തുചെല്ലുന്നവരുടെ കൺമണികൾ സൂചിമുനയോളം ചുരുങ്ങുന്നു. ഛർദ്ദിയുണ്ടാകുന്നു. മരണം ശ്വാസോച്ഛ്വാസനിലനംവഴി സംഭവിക്കുന്നു. ഇത്തരക്കാരിൽ പൊട്ടാസിയം പെർമാംഗനററ് ചേർത്ത വെള്ളം ഉപയോഗിച്ചു് വയറുകഴുകുക, കൃത്രിമശ്വാസോച്ഛ്വാസം നൽകുക, 'Nal rphine' എന്ന മറുമരുന്നു് നൽകുക എന്നിവ ആവശ്യമായി വന്നേക്കും.

പത്തുമാസത്തിന്നു താഴെയുള്ള കുഞ്ഞുങ്ങൾക്കും ശ്വാസകോശസംബന്ധിയായ ഗൌരവമായ രോഗമുള്ളവർക്കും 'നെഫ്യ്റിസ്' തുടങ്ങിയ വൃക്കസംബന്ധമായ രോഗമുള്ളവർക്കും തലച്ചോറിനു പരുക്കുപററിയവർക്കും രോഗനിർണ്ണയം നടത്തുന്നതിന്നുമുമ്പുള്ള ശക്തിയായ വയറുവേദനയ്ക്കും മോർഫിയ ഉപയോഗിക്കാറില്ല.

മോർഫിയ അഡിക്ഷൻ രണ്ടുതരത്തിലാണു് സംഭവിക്കുന്നതു്: അർബ്ബുദം, ഇൻഫാർക്ക്ഷൻ തുടങ്ങിയ രോഗങ്ങൾക്കായി ഉപയോഗിച്ചുതുടങ്ങുന്ന ഈ ഔഷധം ക്രമത്തിൽ ഒരു ശീലമായി മാറുന്നു. 2. മററുചിലർ ഈ ഔഷധം മനോന്മേഷം (Euphoria) ലഭിക്കുക എന്ന ഉദ്ദേശത്തോടെതന്നെ ഉപയോഗിക്കുന്നു. 'ഒരു കിക്ക് ലഭിക്കാൻ' എന്നായിരിക്കും ഇവരിൽ പലരും നൽകുന്ന ഉത്തരം. ഇത്തരക്കാരിൽ ഔഷധങ്ങൾ ലഭിക്കാതാകുമ്പോൾ അസ്വസ്ഥത, വയറിളക്കം, വിയർപ്പു്, ബോധക്ഷയം എന്നിവ ഉണ്ടായേക്കും. ഉറക്കക്കുറവും സംഭവിക്കുന്നു. പലർക്കും മാനസികാപഗ്രഥനചികിത്സ ആവശ്യമായി വന്നേക്കും. Lecithin; ഗ്ളൂക്കോസ്

ഡാക്ടർ ഹരിദാസ്

എന്നീ ഔഷധങ്ങളും ചികിത്സയ്ക്കുപയോഗിക്കുന്നു.

'ആത്മഹത്യ'ക്കാരുടെ പ്രിയംകര ഔഷധമാണിതു്. അപൂർവമായി ജനിച്ച ഉടനെ കുഞ്ഞുങ്ങളെ കൊല്ലാനായും ഇതുപയോഗിക്കാറുണ്ടു്. അപൂർവമായി കുഞ്ഞുങ്ങൾ, മാതാപിതാക്കന്മാരുപയോഗിക്കുന്ന ഇത്തരം ഗുളികകൾ അബദ്ധത്തിൽ കഴിച്ചും മരണപ്പെടാറുണ്ടു്.

അവീൻ, മനോധൈര്യം വർദ്ധിപ്പിക്കുമെന്ന വിശ്വാസത്താലായിരിക്കാം, പുരാതന രാജസ്ഥാനിലെ യോദ്ധാക്കൾ പടക്കളത്തിലിറങ്ങുംമുമ്പു് കഴിച്ചിരുന്നു.

പെത്തഡിൻ (Pethedine), മെത്തഡോൺ (Methadone); Anileridine; Levorphanol തുടങ്ങിയവയാണു് വേദനാസംഹാരികൾക്കുകൂടിയായ മററു് ആസക്തികൗഷധങ്ങൾ.



കാലഘട്ടത്തിന്റെ ഹാസ്യനായകന്മാരെ മാപ്പ്!

— മംഗലശ്ശേരി

കോമഡി എന്ന വാക്കിന്റെ അർത്ഥം പൂർണ്ണമായി മനസ്സിലാക്കിയ ഒരെഴുത്തുകാരനോ, ചിത്രനിർമ്മാതാവോ മലയാളത്തിലില്ല. സാധാരണ ചിത്രങ്ങളിൽ ഉൾപ്പെടുത്താറുള്ള ഹാസ്യരംഗങ്ങൾ പലപ്പോഴും നമ്മെ ആത്മാർത്ഥമായി കരയിച്ചിട്ടുണ്ട്. 'മുഴുനീളഹാസ്യചിത്രമെന്ന' ലേബലൊട്ടിച്ചാലുള്ള അവസ്ഥ പറയണ്ട

തില്ലല്ലോ. ഇപ്പോൾ കൊല്ലം നഗരത്തിൽ പ്രദർശനം തുടരുന്ന മൂന്നു മുഴുനീളഹാസ്യചിത്രങ്ങൾ (അവസരകല്യാണം, തിരുവാഭരണം, മാസപ്പടി മാതുപിള്ള) എടുക്കുക. ഞങ്ങൾക്കെല്ലാം നമുക്കു നന്നായും ഒരു ഹാസ്യചിത്രം കൂടുത്തു ചിരിക്കാനില്ലല്ലോ എന്ന ഖേദമുണ്ടായി. വടി ത്യാഗരാജൻ സംവിധാനം ചെയ്ത 'അവസരകല്യാണ'മാണ് ഏറ്റവുമധികം കളക്ഷനുണ്ടെങ്കിലും മൂന്നിനു ഭേദം. മുക്കാൽക്കാരാജ്യത്തു് മുറ മുക്കൻ രാജാവായതുപോലെ. 'മാസപ്പടി മാതുപിള്ള ഹാസ്യമല്ല അപഹാസ്യമാണു കാഴ്ചവയ്ക്കുന്നതു്. കൂടാതെ സാങ്കേതികവശങ്ങളിലും സംവിധാനത്തിലും ബാലൻ, ജ്ഞാനാംബിക എന്നീ ചിത്രങ്ങളെ ഓർമ്മിപ്പിക്കുകയും ആ ചിത്രങ്ങളേക്കാളുള്ള നമ്മുടെ മതിപ്പു വർദ്ധിക്കുകയും ചെയ്യുന്നു. ശ്രീമുരുകാലയയുടെ തിരുവാഭരണം അവിശ്വസനീയതയുടെ, കൃത്രിമത്വത്തിന്റെ പൊയ്മുഖങ്ങളുമണിഞ്ഞു നിലയ്ക്കുന്നു. പ്രേക്ഷകരെ ഏതെങ്കിലും വിധത്തിൽ ചിരിപ്പിച്ചാൽ പണം വാരാമെന്നുള്ള ഈ ഭാഗ്യാന്വേഷികളുടെ മോഹം എന്നേക്കുമുള്ള മോഹമായിത്തന്നെ അവസാനിക്കുന്നതിൽ അത്ഭുതമില്ല. ചിരിക്കാൻ, ഉള്ളുതുറന്നു ചിരിക്കാൻ തീയേറ്ററിലേക്കു് കടന്നുചെന്നു ചിത്രം പകുതി യേളമാകുമ്പോൾ നിർമ്മാതാവിന്റേയും സംവിധായകന്റേയും ഗതിയോർത്തു മാനസികമായി കരഞ്ഞുകൊണ്ടുപോകുന്ന പ്രേക്ഷകർ കൂട്ടായി വിചാരിച്ചാൽ ഇത്തരം മാലിന്യങ്ങൾ നമ്മുടെ ചലച്ചിത്രരംഗത്തുനിന്നും എന്നേക്കുമായി മായിച്ചുകളയാൻ സാധിക്കും.

'അവസരകല്യാണത്തി'ൽ വാണിശ്രീയും ജയശങ്കർ

നിധി തേടിപ്പോകുന്ന ദുർഭാഗ്യവാന്മാരായ ഭാഗ്യാന്വേഷികളുടെ കഥ ഇതിഹാസസമാനമായ ചിത്രങ്ങളിൽ നാം കണ്ടിട്ടുണ്ട്. 'ട്രഷർ ഐലന്റ്' 'മക്കന്നാസ്സ് ഗോൾഡ്' 'മാഡ് മാഡ് മാഡ് വേൾഡ്' തുടങ്ങിയ ചിത്രങ്ങൾ എന്നും നമ്മുടെ മനസ്സിൽ തങ്ങിനിൽക്കും. അത്തരം ചിത്രങ്ങളെ ആധാരമാക്കി ഈ. കെ. ത്യാഗരാജൻ നിർമ്മിച്ച മലയാളചിത്രമാണു് തിരുവാഭരണം. അവിശ്വസനീയതയ്ക്കും ഒരു പരിധിയുണ്ടു്. ആ പരിധിപോലും കടന്നുപോയിരിക്കുന്നു തിരുവാഭരണത്തിന്റെ തിരക്കഥാരചനയിൽ. അവിശ്വസനീയസന്ദർഭങ്ങൾ വിശ്വസനീയമാക്കി മാററിയതാണു് ഹാറൽഹാർഡി എന്നീ കാലഘട്ടത്തിന്റെ കൊമേഡിയന്മാരുടെ നേട്ടം. നമുക്കു് അത്തരം അത്യുജ്ജ്വലപ്രതിഭകൾ ഇല്ലാത്തിടത്തോളം വിശ്വസനീയതയുടെ അടിത്തറയിൽനിന്നുള്ള കഥയും തിരക്കഥയും വേണം. തിരുവാഭരണത്തിനു പററിയ പരാജയം മുഴുവൻ തിരക്കഥയിലാണു്. ഇത്ര വികലമായ ഒരു തിരക്കഥ മലയാളത്തിൽ വേറെ കാണില്ല.

നാൽപ്പത്തോളം പ്രശസ്തതാരങ്ങൾ ഈ ചിത്രത്തിലഭിനയിച്ചിട്ടുണ്ടു് രണ്ടുമൂന്നു കഥാപാത്രങ്ങൾ ശ്രദ്ധിക്കപ്പെടുന്നു. 'കാട്ടുകിഴങ്ങെ'ന്ന നൂതനവസ്തു ചിത്രമെടുക്കാൻ ഓടിനടക്കുന്ന പൂനാ ഫിലിം ഇൻസ്ററിററ്യൂട്ടിന്റെ സന്താനമായ ഡയറക്ടർ ബാബു, ക്യാമറാമാൻ നിരോധ്കുമാർ, തന്റെ അസ്തിത്വം ഇന്നും ആംഗ്ലേയരിലാണെന്നുകരുതുന്നഗോൾസാൽവാസു്. ശബ്ദലേഖനം അകെ തകരാറിലായ ഈ ചിത്രം രണ്ടരമണിക്കൂർനേരം പ്രേക്ഷകരെ മുഷിവുകൂടാതെ കണ്ടുകൊണ്ടിരിക്കും. അമ്പട്ടന്തോണിയുടെ അമിട്ടുകൾ പൊട്ടുമ്പോൾ, വാണങ്ങൾ പായുമ്പോൾ നിങ്ങൾ ചിരിച്ചുപോകുന്നുവോ? എല്ലാം മറന്നു നിങ്ങൾ

തിരുവാഭരണത്തിൽ' വിജയശ്രീ, തിക്കുറിശ്ശി.

ചിരിക്കുന്നുവോ? പക്ഷേ, തീയററർ വിട്ടു പുറത്തിറങ്ങുമ്പോൾ നിങ്ങൾ നിരാശരാവുന്നു. സുഹൃത്തുക്കളോട് നിങ്ങൾ നിങ്ങൾക്കു പററിയ അബദ്ധം തുറന്നുപറയുന്നു. വീണ്ടും ഓർമ്മയിൽ ശബ്ദമുണ്ടാക്കി കടന്നുവന്നു നിർദ്ദോഷമായി നിങ്ങളെ ചിരിപ്പിക്കുവാൻ കഴിവുള്ള ചിത്രങ്ങളെ മാത്രമേ ഹാസ്യചിത്രങ്ങളുടെ പരമ്പരയിൽ പെടുത്താനാവൂ. തിരുവാഭരണത്തിൽ ശ്രീകുമാരൻതമ്പിയുടെ ഒന്നുരണ്ടു ഗാനങ്ങൾ കാഴ്ചക്കാരന്റെ മനസ്സിൽ മായികമായ ഒരു പരിവേഷം ചാർത്തും. 'താഴ്വര ചാർത്തിയ തങ്കപ്പതക്കം താപസവാടിതൻ രോമാഞ്ചം കള്ളക്കേതിരിൽ കതിർചൂടിനിൽക്കും കന്യകയോ വനദേവതയോ?' എന്നും 'നീ പദമൂന്നിയ തേൻവനത്തിൽ ഞാനൊരു തെന്നലായലഞ്ഞുവെങ്കിൽ, പൂത്ത കാനാവിന്റെ സൗരഭ്യമായ് പൂമേനി വാരിപ്പുണർന്നുവെങ്കിൽ' എന്നുമുള്ള വരികൾ ആരിലാണു ചലനങ്ങളുണ്ടാക്കാത്തതു്. തിരുവാഭരണത്തിന്റെ എടുത്തുപറയാവുന്ന മേന്മ ശ്രീകുമാരൻതമ്പിയുടെ ആകർഷകമായ വരികളാണു്.

ശ്രീ ശുഭലക്ഷ്മീമൂവീസ് അവതരിപ്പിക്കുന്ന അവസരകല്യാണം ഒരു മുഴുനീള ഹാസ്യ തമിഴ്ചിത്രമാണു്. ഉദ്യോഗം അന്വേഷിച്ചു മദിരാശിയിലെത്തുന്ന ശേഖർ, രഘു എന്നീ രണ്ടു ചെറുപ്പക്കാരുടെ സംഭവബഹുലമായ കഥയാണിതിൽ. ആദ്യഭാഗം കുറേക്കൂടി വിശ്വസനീയത കലരുന്നതാക്കി മാററിയിരുന്നെങ്കിൽ കഥാഘടനയിലെ പോരായ്മകൾ ഒഴിവാക്കാമായിരുന്നു. കമലയുടെ പാത്രസൃഷ്ടിക്കും ചായക്കൂട്ടോടിപ്പോയി. എങ്കിലും ചിത്രത്തിന്റെ ശക്തിയെ അതു ബാധിക്കുന്നില്ല. ബാലമുരുകന്റെ സംഭാഷണവും നാഗേഷിന്റെ അഭിനയവും നമ്മെ ഉള്ളുതുറന്നു ചിരിക്കാൻ പ്രേരിപ്പിക്കുന്നു. വിധിയുടെ കൊടുങ്കാററിൽ ചിരിച്ചുകൊണ്ടു കറങ്ങിത്തിരിയുന്ന കഥാപാത്രങ്ങളെ ജയശങ്കർ, വാണിശ്രീ, നാഗേഷ്, രമാപ്രഭ, വി. കെ. രാമസ്വാമി, എം. ആർ. ആർ. വാസു എന്നീ നടീനടന്മാർ ഭംഗിയായി അവതരിപ്പിച്ചു. വി. ടി. ത്യാഗരാജൻ അവസരകല്യാണം തൃപ്തികരമായി സംവിധാനം ചെയ്തിരിക്കുന്നു. നിർദ്ദോഷമായ ചിരി സംഭാവന ചെയ്യുന്ന അവസരക്കല്യാണം, മാസപ്പടിമാതുപിള്ള, തിരുവാഭരണം എന്നീ ചിത്രങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അറുപതു് എഴുപതു ശതമാനം മാർക്കു നേടുന്നു

മലയാളികളായ വായനക്കാരെ മുഴുവൻ ആകർഷിക്കാൻകഴിഞ്ഞ ഒരു കഥാപാത്രമാണു് വേളൂർ കൃഷ്ണൻകുട്ടിയുടെ മാസപ്പടി മാതുപിള്ള. മാസപ്പടിയുടെ സഹയാത്രികരായ പക്കവേടപ്പരമുനായരും അരിമ്പാറദേവസ്യാമും പൊറമ്പോക്കിലവറാനും ഇല്ലിക്കുളയാശാനും കുംഭകേർണ്ണക്കുറുപ്പും മററും നമ്മെ ചിരിപ്പിച്ചതിനപ്പുറമായില്ല. പുസ്തകങ്ങളിലൂടെയുള്ള ആ സൗഹൃദം പുതുക്കാനായി തീയററിലെത്തിയ ശുദ്ധമാനസർ തികഞ്ഞ നിരാശയോടെയാണു് തീയേററർ വിട്ടുപോയതു്. ആദ്യദിനം ഇന്റർവെല്ലിനു മുമ്പ് തീയേററർവിട്ടു പോയവരുടെ എണ്ണവും ചെറുതല്ല. ഒരു സംവിധായകനില്ലാത്തതാണു്, സാങ്കേതികജ്ഞാനമുള്ളവരില്ലാത്തതാണു് ഈ ചിത്രത്തിന്റെ പരാജയത്തിനു കാരണം. ഒരു ഭാവഭേദമെയുള്ള തിരക്കഥയോ സംഭാഷണമോ ഈ ചിത്രത്തിലില്ലെന്നു പറയാം. മാസപ്പടി മാതുപിള്ള ഒരു മുഴുനീള ഹാസ്യചിത്രമെന്നാണു് നിർമ്മാതാക്കൾ അവകാശപ്പെടുന്നതു്. നമ്മുടെ മലയാള സിനിമയുടെ കാലാകാലങ്ങളിലുള്ള ഇത്തരം വസ്ത്രാപഹരണത്തെയോർത്തു് ആത്മാർത്ഥമായി ദുഃഖിക്കാതെ ഒരു നിമിഷംപോലും ചിരി

മാസപ്പടി മാതുപിള്ളയിൽ ആലുംമൂടൻ, അടൂർഭാസി, മീന.

അലതല്ലുന്ന
ആനന്ദനിർവൃതിയിലേക്കു്
അപ്പലും അവലും മാറ്റു മുന്നേറുവിൻ!

കേരള
ദിനേശ്ബീഡി

അദ്ധ്വാനിക്കുന്നവന്നു് എന്നും
ഒരാത്മമിത്രമാണു്.

നിർമ്മാതാക്കൾ:—

The Cannanore Beedi Workers'
Central Co-op. Society Ltd.,
No. 8. (IND) C. 61.
CANNANORE
PHONE:699. Tel: DINESBEEDI

യെക്കുറിച്ച് ഓർമ്മിക്കാൻപോലും അവസരം തന്നില്ല. പ്രകാശം, ശബ്ദം എന്ന വയെക്കുറിച്ചു് മാപ്പടിയുടെ സാങ്കേതികവ ഭാഗം കൈകാര്യംചെയ്തവർക്ക് [illegible] ജ്ഞാനമുമില്ലെന്നു കുറ്റക്കുറ്റം. ഇപ്പോൾ അഞ്ചുവർഷംമുമ്പു നിർമ്മിച്ച ചിത്രങ്ങൾ കാണുമ്പോഴുള്ള പ്രതികരണം പോലും ഈ ചിത്രം കണ്ടിട്ടു മടങ്ങുന്നവർക്കുണ്ടാകുന്നില്ല. മലയാളത്തിലെ എല്ലാ ഹാസ്യനടന്മാരും മാപ്പടിയിലുണ്ടു്. പക്ഷേ, ഒരു സംവിധായകന്റെ അഭാവം നമുക്കു് നല്ല ഒരു ഹാസ്യചിത്രം നഷ്ടപ്പെടുത്തി. വേളൂർകൃഷ്ണൻകുട്ടിയുടെ മാപ്പടി എന്ന കഥാപാത്രത്തിനു പ്രതിഭയും അനുഭവജ്ഞാനവും ഭാവനാസമ്പത്തുമുള്ള ഒരു സംവിധായകൻ പുനർജന്മം നൽകുമെങ്കിൽ മലയാളത്തിൽ തൃപ്തികരമായ ഒരു ഹാസ്യചിത്രമുണ്ടാകുമെന്നതു് തീർച്ചയാണു്.

മലയാളസിനിമയുടെ വളർച്ചയിൽ നമുക്കു് വിശ്വാസക്കുറവുണ്ടാകേണ്ട കാര്യമില്ല. പക്ഷേ, ചലച്ചിത്രകലയെ, ചലച്ചിത്രസംസ്കാരത്തെ കരിതേച്ചു കാണിക്കുന്ന ചില ചിത്രങ്ങൾ കാണുമ്പോൾ നമുക്കു് ആ വളർച്ച തളർച്ചയായി അനുഭവപ്പെടും. മലയാളസിനിമയുടെ വളർച്ചയ്ക്കു കാരണക്കാരായ ആസ്വാദകവിഭാഗം തളർച്ചയ്ക്കു കാരണക്കാരായവരെ ശിക്ഷിക്കുകൂടി തയ്യാറാവണം.

കാലഘട്ടത്തിന്റെ ചിരിക്കുടുക്കകളായിരുന്ന, ലോകത്തെ മുഴുവൻ നിർദ്ദോഷമായ ചിരിയുടെ പനിനീരിൽ മുക്കിയെടുത്ത ഭാവനയുടെയും പ്രതിഭയുടെയും സന്താനങ്ങളായ ലാറൽ, ഹാർഡിമാർ മാപ്പുതരട്ടെ. കാരണം ഇവിടെ ഇതുവരെ ഹാസ്യചിത്രങ്ങളുണ്ടായിട്ടില്ല, എങ്കിലും കരയിക്കുന്ന പലതിനും അങ്ങനെ ഹാസ്യമെന്നു പേരിട്ടിരിക്കുന്നു.

— 0 —

എം. ടി. വാസുദേവൻ നായരുടെ പ്രസിദ്ധീകരിക്കപ്പെട്ട ചെറുകഥകളിലൊന്നായ 'പള്ളിവാളും കാൽച്ചിലമ്പും' അദ്ദേഹം തന്നെ തിരക്കഥയും സംഭാഷണവും എഴുതി, നോവൽ ഫിലിംസ് ബാനറിൽ 'നിർമ്മാല്യം' എന്ന പേരിൽ ഒരു ചലച്ചിത്രത്തിനു്

എം. ടി. ഒരുക്കുന്ന നിർമ്മാല്യം

രൂപം നൽകിക്കൊണ്ടിരിക്കുന്നു. ഏപ്രിൽ മാസത്തിൽ ഷൂട്ടിംഗു് ആരംഭിക്കുന്ന ഈ ചിത്രത്തിലൂടെ എം. ടി. തിരക്കഥാരചയിതാവിനുപരി ഒരു നിർമ്മാതാവിന്റെയും സംവിധായകന്റെയും ചുമതലകൾ കൂടി ഏറ്റെടുത്തിരിക്കുകയാണു്.

പ്രസിദ്ധനായ സാഹിത്യകാരൻ, മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ എഡിററർ, സ്ക്രീൻപ്ലേറൈററർ, കേന്ദ്രഫിലിം ഫൈനാൻസ് കോർപ്പറേഷൻ ഡയറക്ടർ, ഫിലിം ഇൻസ്ററിട്യൂട്ടു് ഓഫ് ഇന്ത്യയിലെ വിസിററിംഗ് പ്രൊഫസ്സർ, കേരളാ ഗവർമെൻറിന്റെ ഡോക്കുമെൻററി ഫിലിം പ്രൊഡക്ഷൻ അഡ്വൈസറി ബോർഡുമെമ്പർ എന്നീ നിലകളിൽ അറിയപ്പെടുന്ന എം. ടി.യുടെ ഈ പുതിയ കാൽവെയ്പു മലബാറിലെ ഒരു ഗ്രാമത്തിൽ നടക്കുന്ന സംഭവങ്ങളുടെ ചിത്രീകരണത്തിലൂടെ തുടക്കമിടുന്നു.

അശ്രദ്ധയും അവഗണനയും മൂലം ക്ഷയിച്ചു് നിലംപൊത്താറായ ഒരു പൊളിഞ്ഞ അമ്പലത്തെ ഉപജീവിച്ചു കഴിയുന്ന ഏതാനും മനുഷ്യജീവികൾക്കു ഭക്തിയും വിശ്വാസവും തമ്മിലിടയുമ്പോൾ അനുഭവിക്കേണ്ടിവരുന്ന ആത്മസംഘർഷമാണു് 'നിർമ്മാല്യ'ത്തിലെ പ്രതിപാദ്യം.

നമ്മുടെ സിനിമയിലെ പതിവു ഘടകങ്ങൾ ഒഴിവാക്കിക്കൊണ്ടു് പ്രമേയത്തിന്റെ ആവിഷ്കരണത്തിനു യോജ്യരായ നടീനടന്മാരെ സഹകരിപ്പിച്ചുകൊണ്ടു് യഥാർത്ഥ ലൊക്കേഷനുകളിൽവച്ചുമാത്രം ഷൂട്ടു ചെയ്യുന്ന ഈ ചിത്രത്തിൽ പി. ജെ ആൻറണി, കവിയൂർ പൊന്നമ്മ, ശങ്കരാടി, എന്നിവരോടൊപ്പം കെ. ആർ. സുമിത്ര, സുകുമാരൻ തുടങ്ങിയ പുതിയ കലാകാരന്മാരും പങ്കെടുക്കുന്നുണ്ടു്. ഇതിവൃത്തത്തിനിണങ്ങുംവിധം ഭക്തിപ്രധാനങ്ങളായ സ്തോത്രങ്ങളും ബ്രാഹ്മണിപ്പാട്ടുകളും മാത്രം പ്രയോജനപ്പെടുത്തിക്കൊണ്ടു് സംഗീതസംവിധാനം കെ. രാഘവൻ നിർവ്വഹിക്കുന്നു.

ഫിലിം ആൻറ് ടെലിവിഷൻ ഇൻസ്ററിട്യൂട്ടിൽനിന്നും ബിരുദാനന്തരപഠനം കഴിഞ്ഞു മലയാളസിനിമാരംഗത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന രാമചന്ദ്രബാബു ക്യാമറ, രവി എഡിററിംഗ്, എം. ആസാദ് അസ്സോസിയേററ് ഡയറക്ഷൻ എന്നീ വിഭാഗങ്ങളിൽ ബന്ധപ്പെട്ടിരിക്കുന്ന 'നിർമ്മാല്യ'ത്തിൽ മറെറാരു ഫിലിം ഇൻ

നിർമ്മാല്യത്തിലെ നായിക
കെ. ആർ. സുമിത്ര

സ്ററിട്യൂട്ട സംഭാവനയായ രവിമേനോൻ ഒരു ശ്രദ്ധേയകഥാപാത്രത്തെ അവതരിപ്പിക്കുന്നുണ്ടു്.

—o—